പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അറുപത്തിയാറാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**അറുപത്തിയാറാമത് റിപ്പോർട്ട്**

**[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും പ്രവർത്തനാവലോകനം സംബന്ധിച്ച്]**

347/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 65 |
| അനുബന്ധം II : സർക്കാർ മറുപടി | .. | 77 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്യുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹിദ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) അറുപത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും പ്രവർത്തനാവലോകനം സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും എന്ന ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച്

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിലെ ശിശുക്ഷേമ പദ്ധതികളുടേയും അങ്കണവാടികളുടേയും നടത്തിപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇവയുടെ നടത്തിപ്പും ലക്ഷ്യപ്രാപ്തിയും അവലോകനം ചെയ്യുന്നതിന് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുകയുണ്ടായി. ഓഡിറ്റിലെ പ്രധാന കണ്ടെത്തലുകളുടെ സാരാംശം ചുവടെ കൊടുക്കുന്നു:

**സാരാംശം**

- ❖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടും അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെട്ടിട്ടില്ല.
- ❖ 45% അങ്കണവാടികളും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.
- ❖ ബേബി ഫ്രെണ്ട്ലി ടോയ്‌ലെറ്റ് സൗകര്യം 83% അങ്കണവാടികളിലുമില്ല.
- ❖ അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപ്പണി കൃത്യമായി നടത്തുന്നില്ല.
- ❖ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത കെട്ടിടങ്ങളിലും അങ്കണവാടികൾ പ്രവർത്തിക്കുന്നു.
- ❖ അസൗകര്യങ്ങളാൽ വീർപ്പുമുട്ടുമ്പോഴും ലഭിച്ച കേന്ദ്ര സഹായം വിനിയോഗിക്കുന്നില്ല.
- ❖ അങ്കണവാടി വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- ❖ കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല.
- ❖ ഭക്ഷ്യധാന്യങ്ങളുടെയും ന്യൂട്രിമിക്സ് പോലുള്ള ഭക്ഷ്യമിശ്രിതങ്ങളുടെയും ഗുണമേന്മ പരിശോധനാ സംവിധാനം ഫലപ്രദമല്ല.
- ❖ അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുന്നു.

347/2016.

### 3.3.1 ആമുഖം

ഭാരതത്തിലെ ഏറ്റവും ബൃഹത്തും സാമൂഹ്യാധിഷ്ഠിതവുമായ പദ്ധതിയാണ് സംയോജിത ശിശുവികസന പദ്ധതി (ICDS). വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജിയുടെ 106-ാം ജന്മദിനമായ 1975 ഒക്ടോബർ 2-ന് ഐ.സി.ഡി.എസ്. പദ്ധതി നിലവിൽ വന്നു.

ശിശുപരിപാലനത്തിനും വികസനത്തിനുംവേണ്ടി ആവിഷ്കരിക്കപ്പെട്ട സമാനതകളില്ലാത്ത ഈ പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും മുനിസിപ്പാലിറ്റി നിയമത്തിലും ഇതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും ജീവനക്കാരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ഗ്രാമ/നഗര പ്രദേശങ്ങളിലെയും ആദിവാസി പ്രദേശങ്ങളിലെയും 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ വികസനത്തിനുവേണ്ടിയുള്ള സമഗ്ര സേവനങ്ങൾ ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഐ.സി.ഡി.എസ്. ഒരു ശിശു കേന്ദ്രീകൃത പരിപാടിയാണ്. ശിശുവിന്റെ മാനസികവും ശാരീരികവും സാമൂഹികവുമായ വികസനത്തിന് അടിത്തറപാകുക, 6 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളുടെ ആരോഗ്യ-പോഷണ നിലവാരം മെച്ചപ്പെടുത്തുക, ശിശുമരണം, രോഗാതുരത, പോഷണവൈകല്യം, സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറയ്ക്കുക, ശിശുക്കളുടെ ശരിയായ പരിപാലനത്തിനായി അമ്മമാർക്ക് ആരോഗ്യ-പോഷണ വിദ്യാഭ്യാസം നൽകുക എന്നിവ ഐ.സി.ഡി.എസ്.-ന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

### ഐ.സി.ഡി.എസ്. ഗുണഭോക്താക്കളും സേവനങ്ങളും

6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ, 15-നും 45 വയസ്സിനും ഇടയ്ക്കുള്ള സ്ത്രീകൾ എന്നിവരാണ് ഐ.സി.ഡി.എസ്.-ന്റെ ഗുണഭോക്താക്കൾ.

അനുപൂരക പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ്പ്, ആരോഗ്യ പരിശോധന, പരാമർശ സേവനങ്ങൾ, അനൗപചാരിക വിദ്യാഭ്യാസം, വളർച്ചാനിരീക്ഷണം, ആരോഗ്യ പോഷണ വിദ്യാഭ്യാസം എന്നിവയാണ് ഐ.സി.ഡി.എസ്.-ന്റെ സേവനങ്ങൾ.

കേരളത്തിൽ 1975-ൽ മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിലാണ് ഐ.സി.ഡി.എസ്. ആദ്യമായി നടപ്പാക്കിയത്. ഇപ്പോൾ കേരളത്തിലെ എല്ലാ ബ്ലോക്ക് പ്രദേശങ്ങളിലും പട്ടണ പ്രദേശങ്ങളിലും ഐ.സി.ഡി.എസ്. നടപ്പാക്കിവരുന്നു. നിലവിൽ 258 ശിശുക്ഷേമ പദ്ധതികളിലായി സംസ്ഥാനത്ത് 32922 അങ്കണവാടികളുണ്ട്. ഗ്രാമങ്ങളിലും നഗരങ്ങളിലും 1000 പേർക്ക് ഒരു അങ്കണവാടി, ഗോത്രവിഭാഗത്തിന് 700 പേർക്ക് ഒരു അങ്കണവാടി എന്നീ നിരക്കുകളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു.


കേരളത്തിൽ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും 3 മുതൽ 6 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നതിനും അങ്കണവാടികളുടെ പ്രവർത്തനം സഹായിച്ചിട്ടുണ്ട്.

3 വയസ്സിനും 6 വയസ്സിനും ഇടയിലുള്ള കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയാണ് അങ്കണവാടികളിലെ പ്രീ സ്കൂൾ വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് സുഗമമാക്കുന്നതിന് കേന്ദ്ര സർക്കാർ അങ്കണവാടി ഒന്നിന് 500 രൂപ നിരക്കിൽ പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വാങ്ങി നൽകുന്നതിന് പ്രത്യേക വിഹിതം തന്നെ ഐ.സി.ഡി.എസ്. പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

അങ്കണവാടി കേന്ദ്രങ്ങളിൽ അങ്കണവാടി പ്രവർത്തകർക്ക് കൈകാര്യം ചെയ്യാൻ കഴിയുന്ന മരുന്നിനങ്ങൾ ഉൾപ്പെടുത്തി മെഡിസിൻ കിറ്റ് വാങ്ങുന്നതിന് ഒരു അങ്കണവാടി കേന്ദ്രത്തിന് പ്രതിവർഷം 600 രൂപയിൽ കവിയാത്ത തുക ചെലവഴിക്കാൻ കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടി കേന്ദ്രങ്ങളിൽ എത്തുന്ന കുട്ടികൾക്ക് First Aid എന്ന രീതിയിൽ ഈ മരുന്നുകൾ ഉപയോഗിക്കാവുന്നതാണ്.

**ഘടനാനില**

സംസ്ഥാനത്തിലാകെയുള്ള ഐ.സി.ഡി.എസ്. പദ്ധതികളുടെ നടത്തിപ്പും മേൽനോട്ടവും സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഉത്തരവാദിത്വമാണ്. സംയോജിത ശിശുവികസന സേവന പദ്ധതി ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനായി സംസ്ഥാന തലത്തിൽ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് ഐ.സി.ഡി.എസ്.-സെൽ പ്രവർത്തിച്ചുവരുന്നു. പ്രോഗ്രാം ഓഫീസർമാർക്കാണ് ജില്ലാതല സെല്ലുകളുടെ ചുമതല. പ്രോഗ്രാം ഓഫീസർമാർ അവരവരുടെ ജില്ലയിലെ സംയോജിത ശിശുവികസന പ്രോജക്ടുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ശിശുവികസന പദ്ധതി ഓഫീസർമാർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പ്രോഗ്രാം ഓഫീസർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെയും അങ്കണവാടി പ്രവർത്തകരുടെയും പ്രതിമാസ അവലോകനയോഗത്തിൽ പങ്കെടുക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യേണ്ടതാണ്. ജില്ലയിലെ ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ പൂർണ്ണ ഭരണ ചുമതലയും പ്രോഗ്രാം ഓഫീസർമാർക്കാണ്.




ഘടനാ ചാർട്ട്

4-5 പേരടങ്ങുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ സംഘം സി.ഡി.പി.ഒ.-യെ സഹായിക്കുന്നു. ഒരു സൂപ്പർവൈസർക്ക് ഗ്രാമപ്രദേശങ്ങളിൽ ശരാശരി 25 ഉം ട്രൈബൽ പ്രോജക്ടുകളിൽ ശരാശരി 17 ഉം അങ്കണവാടികളുടെ മേൽനോട്ട ചുമതലയാണുള്ളത്. സൂപ്പർവൈസർ അങ്കണവാടിതല ആസൂത്രണത്തിലും നടത്തിപ്പിലും അങ്കണവാടി വർക്കർക്ക് ആവശ്യമുള്ള നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നു. ഐ.സി.ഡി.എസ്.ലൂടെ നൽകുന്ന സേവനങ്ങൾ സ്ത്രീകളിലും കുട്ടികളിലും എത്തിക്കുക എന്നതാണ് അങ്കണവാടി വർക്കറുടെ പ്രധാന ഉത്തരവാദിത്വം. അങ്കണവാടി വർക്കറെ സഹായിക്കാനായി അങ്കണവാടി ഹെൽപ്പറും ഉണ്ടാകുന്നതാണ്. ഇതുകൂടാതെ മെഡിക്കൽ ഓഫീസർ, എ.എൻ.എം., ആശാ വർക്കർമാർ എന്നിവർ ഈ ടീമിനെ സഹായിക്കുന്നുണ്ട്.

## അധികാരവികേന്ദ്രീകരണവും ശിശുക്ഷേമ സ്ഥാപനങ്ങളും

**1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 166(1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം**

- പ്രീ സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ നടപ്പാക്കുക
- ശിശുക്ഷേമ പദ്ധതികൾ നടപ്പാക്കുക
- പഞ്ചായത്ത് തലത്തിലുള്ള അങ്കണവാടികളുടെ നിയന്ത്രണവും മേൽനോട്ടവും
- അങ്കണവാടി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവയ്ക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുക
- അങ്കണവാടി കേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളാണ്.

**172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 4-ാം പട്ടിക പ്രകാരം**

- ഐ.സി.ഡി.എസുകൾ നടത്തുക എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്.

**1994 കേരള മുനിസിപ്പാലിറ്റി ആക്ട് 30(1) വകുപ്പ് 1-ാം പട്ടിക പ്രകാരം**

- പ്രീ സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ നടപ്പാക്കുക
- ശിശുക്ഷേമ പദ്ധതികൾ നടപ്പാക്കുക
- ഐ.സി.ഡി.എസ്. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന അങ്കണവാടികളുടെ നിയന്ത്രണവും മേൽനോട്ടവും
- അങ്കണവാടി കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുക എന്നിവ നഗരസഭകളുടെ ചുമതലകളാണ്.

73, 74 ഭരണഘടനാ ഭേദഗതിയെ തുടർന്ന് കേരള പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുക.

സംയോജിത ശിശുവികസന പദ്ധതിയുടെ കീഴിലുള്ള അങ്കണവാടികളുടെ മേൽനോട്ടം, 18-9-1995-ലെ ജി.ഒ.(പി) 189/95/തസ്വഭവ. 26-6-1998-ലെ ജി.ഒ. (പി) 20/98/സാ.ക്ഷേ.വ. എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തു. അങ്കണവാടി കേന്ദ്രങ്ങളിലൂടെ പ്രീ പ്രൈമറി വിദ്യാഭ്യാസം, ഉച്ചഭക്ഷണം, പൂരക പോഷകാഹാര വിതരണം എന്നീ ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കെ അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരുടെയും പ്രവർത്തകരുടെയും സേവനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ടും ഉത്തരവായി.

അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പോഷകാഹാര വിതരണ പദ്ധതി വീഴ്ചകൂടാതെ നടപ്പാക്കുന്നതിനും ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രേഖയിൽ ഉൾപ്പെടുത്തി കണ്ടെത്തേണ്ടതാണ്.

അധികാരവികേന്ദ്രീകരണത്തെ തുടർന്ന് ശിശുക്ഷേമ പദ്ധതികൾ നടപ്പാക്കുക, അങ്കണവാടികൾക്കായി സ്ഥലം കണ്ടെത്തുക, അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, അങ്കണവാടികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, അവയുടെ വൈദ്യുതീകരണം, കുടിവെള്ള ലഭ്യത, ചുറ്റുമതിൽ നിർമ്മാണം, കളിപ്പാട്ടങ്ങൾ, പാചക സാമഗ്രികൾ എന്നിവയുടെ ലഭ്യത, പ്രീ സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ തുടങ്ങിയവയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായി മാറി.

### 3.3.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അങ്കണവാടികളുടെയും ശിശുക്ഷേമ പദ്ധതികളുടെയും നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സാഹചര്യത്തിൽ അവയുടെ നടത്തിപ്പും പ്രവർത്തനവും വിലയിരുത്തുക എന്നതാണ് ഈ പ്രവർത്തനാവലോകനം ലക്ഷ്യമിടുന്നത്.

ഇതോടൊപ്പം:

- ശിശുക്ഷേമ പദ്ധതി പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചെലവഴിക്കുന്ന പണത്തിന്റെ ലക്ഷ്യപ്രാപ്തി പരിശോധിക്കുക.
- അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, ടോയ്‌ലെറ്റ്, കുടിവെള്ളം, വൈദ്യുതി, പിന്നെ ആവശ്യത്തിനുള്ള കളിക്കോപ്പുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്രത്തോളം വിജയിച്ചു എന്നു വിലയിരുത്തുക.
- 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കുള്ള പോഷകാഹാര പരിപാടിയുടെ നടത്തിപ്പ് ഫലപ്രദമാണോയെന്ന് വിലയിരുത്തുക.
- ശിശുക്ഷേമ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത പ്രോജക്ടുകളുടെ നിർവ്വഹണം, ലക്ഷ്യപ്രാപ്തി എന്നിവ വിലയിരുത്തുക.
- അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുക.
- പ്രീ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുക.

### 3.3.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

താഴെ പറയുന്ന നിയമങ്ങളും ഉത്തരവുകളും അടിസ്ഥാനമാക്കിയാണ് പ്രവർത്തനാവലോകനം നടത്തിയത്.

1. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1)-ാം വകുപ്പ് 3-ാം പട്ടിക.
2. 1994 കേരള മുനിസിപ്പാലിറ്റി ആക്ട് 30(1) വകുപ്പ് 1-ാം പട്ടിക.
3. 18-9-1995-ലെ ജി. ഒ. (പി) 189/95/തസ്വഭവ.—സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത്.
4. 30-11-1996-ലെ ജി. ഒ. (പി) നമ്പർ 37/96/സാ. ക്ഷേ. വ.

   (അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പിന്റെ ചുമതലകളും പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ടുള്ള ഉത്തരവ്.)
5. 26-6-1998 സ. ഉ. (പി) നമ്പർ 20/98/സാ. ക്ഷേ. വ.

   (സാമൂഹ്യക്ഷേമ വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി കൈമാറൽ—നടപ്പാക്കൽ—മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.)
6. 14-5-2007-ലെ ജി.ഒ.(എംഎസ്.) 128/2007/തസ്വഭവ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ.
7. 3-9-2010-ലെ സർക്കുലർ നമ്പർ 39033/ഡി.സി2/2010/തസ്വഭവ.—കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുകയുടെ വിനിയോഗം.
8. 22-3-2011-ലെ സർക്കുലർ നമ്പർ 31055/ഡി.സി2/2011—അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം.
9. 25-10-2006-ലെ ജി.ഒ.(എംഎസ്.) 242/06/തസ്വഭവ.—ടി.എച്ച്.ആർ.എസ്. പുതുക്കിയ മാർഗ്ഗരേഖ.
10. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ്. ബി3-312/2010/18-12-2010—ഐ.സി.ഡി.എസ്. ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് സംബന്ധിച്ച്.
11. 16-1-2004-ലെ സർക്കുലർ നമ്പർ 62671/യു.3/02/റവന്യൂ—അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി നൽകുന്നത് സംബന്ധിച്ച്.
12. 4-5-2011-ലെ 54814/ഡി.സി2/2010/തസ്വഭവ.—അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നത് സംബന്ധിച്ച്.
13. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11-8-2010-ലെ സർക്കുലർ നമ്പർ 31852/ ഡി.സി2/10/തസ്വഭവ.—അങ്കണവാടികളിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് പെട്ടി വാങ്ങുന്നത് സംബന്ധിച്ച്.

കൂടാതെ സാമൂഹ്യക്ഷേമ വകുപ്പ് വെബ്സൈറ്റ്, LSGD സൈറ്റ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ ICDS പഠനറിപ്പോർട്ട്, ICDS-മായി ബന്ധപ്പെട്ട ലേഖനങ്ങൾ, സാമൂഹ്യക്ഷേമ വകുപ്പിന്റെ 2008-09-ലെ ഭരണ റിപ്പോർട്ട് എന്നിവ പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കാൻ ഉപയോഗിച്ചിട്ടുണ്ട്.

### 3.3.4 ഓഡിറ്റിന്റെ വ്യാപ്തി

2012 ജനവരി മാസത്തിൽ 14 ജില്ലകളിലെ 81 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തുകയുണ്ടായി (അനുബന്ധം 10). സ്ഥാപനങ്ങളിൽനിന്നുള്ള വിവരശേഖരണം, ബന്ധപ്പെട്ട ഫയലുകളുടെ പരിശോധന, അങ്കണവാടികളിൽ നേരിട്ടുള്ള സന്ദർശനം, ആയതിന്റെ അടിസ്ഥാനത്തിലുള്ള വിശകലനം എന്നിങ്ങനെ ലഭിച്ച വിവരങ്ങളും ചിത്രങ്ങളും പ്രവർത്തനാവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് കണ്ടെത്തലുകൾ

### 3.3.5 അങ്കണവാടി കേന്ദ്രങ്ങളുടെ പ്രവർത്തനം

ഐ.സി.ഡി.എസ്. പദ്ധതിയിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും നൽകുന്ന സേവനങ്ങൾ സംയോജിപ്പിക്കുന്ന കേന്ദ്രങ്ങളാണ് അങ്കണവാടികൾ. ഓരോ കുട്ടിക്കും ആരോഗ്യവും സന്തോഷവും പ്രദാനം ചെയ്യുന്ന ശിശു സൗഹൃദ സാഹചര്യം സൃഷ്ടിക്കുക അതുവഴി ശിശുക്കളുടെ സമഗ്ര വികസനം എന്നതാണ് അങ്കണവാടികളുടെ പ്രവർത്തന ലക്ഷ്യം.

അങ്കണവാടി വർക്കറാണ് അങ്കണവാടിയിലെ സേവനങ്ങൾ പ്രദാനം ചെയ്യുന്നത്. ഇതിനായി ഹെൽപ്പറുടെ സേവനവും അങ്കണവാടി വർക്കർക്കുണ്ടാകും. അങ്കണവാടിയുടെ നടത്തിപ്പ്, രജിസ്റ്ററുകൾ, രേഖകൾ, സന്ദർശന ബുക്കുകൾ എന്നിവ കാലാനുസൃതമായി സൂക്ഷിക്കുക, പ്രതിമാസ പുരോഗതി റിപ്പോർട്ട് തയ്യാറാക്കുക എന്നിവ വർക്കറുടെ ചുമതലകളാണ്.

പരിശോധന നടത്തിയ ഭൂരിഭാഗം അങ്കണവാടികളിലും ഹെൽപ്പർ/വർക്കർ തസ്തികകളിൽ ജീവനക്കാരുണ്ട്.

കൊല്ലം വെളിയം ഗ്രാമപഞ്ചായത്തിൽ 4 ഹെൽപ്പർ തസ്തികകൾ, കണ്ടറ ഗ്രാമപഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 10-ൽ ഒരു ഹെൽപ്പർ തസ്തിക, പത്തനംതിട്ട-നാരങ്ങാനം ഗ്രാമപഞ്ചായത്തിൽ 1 ഹെൽപ്പർ തസ്തിക, കോട്ടയം മീനടം ഗ്രാമപഞ്ചായത്തിൽ ഓരോ വർക്കർ, ഹെൽപ്പർ തസ്തികകൾ, ഇടുക്കി കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ സെന്റർ നമ്പർ 23, 32 എന്നിവിടങ്ങളിൽ ഹെൽപ്പർ തസ്തിക, ആലപ്പുഴ നഗരസഭയിൽ 6 വർക്കർ, 12 ഹെൽപ്പർ തസ്തികകൾ, കൊച്ചി നഗരസഭയിൽ 24 ഹെൽപ്പർ തസ്തികകൾ എന്നിവ ഒഴിഞ്ഞുകിടക്കുന്നു.

അങ്കണവാടികളുടെ സുഗമമായ നടത്തിപ്പിന് ഹെൽപ്പറുടെ സേവനം അനിവാര്യമാണ്. മതിയായ ജീവനക്കാരുടെ അഭാവം അങ്കണവാടികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും.

### 3.3.6 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പിന്റെ 30-11-1996-ലെ ജി. ഒ. (പി) 37/96-ാം നമ്പർ പ്രകാരം സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും പദ്ധതികളും ജീവനക്കാർ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വന്നു. ഈ ഉത്തരവ് പുറപ്പെടുവിച്ച് 15 വർഷത്തിലേറെയായിട്ടും ഈ മേഖലയിലെ അടിസ്ഥാന വികസനങ്ങളിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമാകുന്നു.

ഭൂരിഭാഗം അങ്കണവാടികളും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെയാണ് ഇപ്പോഴും പ്രവർത്തിക്കുന്നത് എന്ന് പരിശോധനയിൽ വ്യക്തമായി. ഭക്ഷണം സൂക്ഷിക്കാൻ സൗകര്യമില്ലാത്തവ, ചുറ്റുമതിൽ ഇല്ലാത്തവ, കുടിവെള്ള സൗകര്യം ഇല്ലാത്തവ തുടങ്ങി ധാരാളം പോരായ്മകൾ ഭൂരിഭാഗം അങ്കണവാടികളിലും നിലനിൽക്കുന്നതായി പരിശോധനയിൽ കണ്ടു.

### ഭൂരിഭാഗം അങ്കണവാടികളും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

പരിശോധന നടത്തിയ 81 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 5072 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അവയിൽ 2245 അങ്കണവാടികളും (44.26%) പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. ഇവയുടെ വിവരം അനുബന്ധം 11-ൽ ചേർത്തിരിക്കുന്നു.

ടോയ്‌ലെറ്റ്, കുടിവെള്ളം മുതലായ ഭൗതിക സൗകര്യങ്ങൾ ലഭ്യമായതും സുരക്ഷിതത്വം ഉള്ളതുമായ കെട്ടിടങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂ. എന്നാൽ ഭൂരിഭാഗം അങ്കണവാടികളിലും ഇത്തരം സംവിധാനങ്ങളില്ല.

സ്വന്തമായി ഭൂമി ഉണ്ടായിട്ടും കെട്ടിട നിർമ്മാണം നടക്കാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3-9-2010-ലെ സർക്കുലർ 39033/ഡി.സി2/2010 പ്രകാരം കേന്ദ്രസഹായം ലഭിച്ചിട്ടുള്ളതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുക, സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉപയോഗിക്കാം എന്ന് നിർദ്ദേശമുണ്ട്. കൂടാതെ റവന്യൂ വകുപ്പിന്റെ

16-1-2004-ലെ സർക്കുലർ നമ്പർ 62671/യു3/02/റവന്യൂ പ്രകാരം മറ്റ് ആവശ്യങ്ങൾക്കായി നീക്കിവെച്ചിട്ടില്ലാത്തതും സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്തതുമായ റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അത് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി കൈമാറുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ട്.

11-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും ലഭ്യമാക്കണം എന്നും നിർദ്ദേശമുണ്ട്.

ഇപ്രകാരം നിർദ്ദേശങ്ങൾ നിലവിൽ ഉണ്ടായിട്ടും ഭൂരിഭാഗം അങ്കണവാടികളും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നത് ഓഡിറ്റിൽ വ്യക്തമായി. കേരളത്തിലെ അങ്കണവാടികളുടെ മൊത്തം കണക്ക് എടുക്കുകയാണെങ്കിലും 45% അങ്കണവാടികൾ ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ പലപ്പോഴും ഭൗതിക സൗകര്യങ്ങൾ പരിമിതമാണ്. വർഷംതോറും ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലും വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല. കുടിവെള്ള ലഭ്യത, ടോയ്‌ലെറ്റ് സൗകര്യം, വൈദ്യുതി കണക്ഷൻ, ചുറ്റുമതിൽ എന്നീ സൗകര്യങ്ങൾ ഉള്ള വാടകക്കെട്ടിടത്തിൽ കുറഞ്ഞ വാടകയ്ക്ക് ലഭിക്കുക എന്നതും പ്രായേണ ദുഷ്കരമാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 200 രൂപയും മുനിസിപ്പാലിറ്റികൾക്ക് 500 രൂപയുമാണ് വാടകയിനത്തിൽ സർക്കാർ നൽകുന്നത്. ബാക്കി വാടക തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നൽകേണ്ടത്.

കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് തൊട്ടടുത്ത സർക്കാർ സ്കൂളിൽ കെട്ടിടം/ക്ലാസ്സ് റൂം ഒഴിവുണ്ടെങ്കിൽ അങ്കണവാടി അവിടേക്ക് മാറ്റാം എന്ന് സർക്കാർ ഉത്തരവുണ്ട്. (ഉ.നമ്പർ 3737/07/പൊ.വി./10-8-2007). എന്നാൽ പലയിടത്തും സർക്കാർ സ്കൂളിൽ ക്ലാസ്സ് റൂം ഒഴിവുണ്ടായിട്ടും അങ്കണവാടികൾക്ക് പ്രവർത്തിക്കാനുള്ള സൗകര്യം ഒരുക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോട്ടയം മീനടം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾക്ക് പഞ്ചായത്തിൽനിന്ന് സഹായമൊന്നും ലഭിക്കുന്നില്ല. വാടകയായി ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിക്കുന്നത് 200 രൂപ മാത്രമാണ്. ബാക്കി വാടകത്തുക വർക്കർമാരുടെ കൈയിൽ നിന്നും നൽകുന്ന സ്ഥിതിവിശേഷമാണ് നിലവിൽ ഉള്ളത്. വേണ്ടത്ര സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

പരിശോധന നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 31% അങ്കണവാടികളിൽ മാത്രമേ കുടിവെള്ള സൗകര്യം ലഭ്യമുള്ളൂ. ബാക്കിയുള്ള അങ്കണവാടികൾ ജലത്തിനായി പൊതുടാപ്പിനേയോ, അയൽവീടുകളേയോ ആണ് ആശ്രയിക്കുന്നത്. കുട്ടികൾക്ക് കുടിവെള്ളത്തിനായും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായും അടുത്തുള്ള വീടുകളേയും മറ്റും ആശ്രയിക്കേണ്ടി വരുന്നത് അഭിലഷണീയമല്ല.

പരിശോധന നടത്തിയതിൽ 58% അങ്കണവാടികളിൽ മാത്രമേ വൈദ്യുതി കണക്ഷൻ ഉള്ളൂ. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികളേയും വൈദ്യുതീകരിക്കുന്നതിന് 10-6-2009-ലെ 16123/ഡി.ബി2/09/തസ്വഭവ. നമ്പർ സർക്കാർ കത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

കണ്ണൂർ ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളൊന്നുംതന്നെ വൈദ്യുതീകരിക്കുകയോ വൈദ്യുതീകരിക്കാനുള്ള നടപടി ആരംഭിക്കുകയോ ചെയ്തിട്ടില്ല.

കാസറഗോഡ് വോർക്കാടി ഗ്രാമപഞ്ചായത്തിലെ ഒറ്റ അങ്കണവാടി കെട്ടിടത്തിനും വൈദ്യുതി ഇല്ല. അങ്കണവാടി കെട്ടിടങ്ങൾക്ക് നമ്പർ ഇല്ലാത്തതാണ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രധാന ബുദ്ധിമുട്ടായി പറയുന്നത്. വരണ്ട ഭൂപ്രകൃതിയുള്ള ഈ മേഖലയിൽ ഉഷ്ണകാലത്ത് കുട്ടികൾ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. കോഴിക്കോട് നഗരസഭ സിവിൽ സ്റ്റേഷൻ സബ് ഡിവിഷൻ ഉൾപ്പെട്ട പാലാട്ട്താഴം അങ്കണവാടിക്ക് കറന്റ് കണക്ഷൻ ഇല്ല എന്ന വസ്തുത പരിഗണിക്കാതെയാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കമ്പ്യൂട്ടർ ഇപ്പോഴും പ്രവർത്തിപ്പിക്കാനാവാതെ സൂക്ഷിച്ചിരിക്കുകയാണ്.

50% അങ്കണവാടികൾക്ക് മാത്രമേ ചുറ്റുമതിലുള്ളൂ എന്ന് പരിശോധനയിൽ കണ്ടെത്തി. തീരെ ചെറിയ കുട്ടികൾ പഠിക്കുന്ന അങ്കണവാടികൾക്കുചുറ്റും മതിലുകൾ ഇല്ലാത്തത് ഒട്ടും സുരക്ഷിതമല്ല.

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ 4 അങ്കണവാടികൾ റോഡിലേക്ക് തുറക്കുന്ന രീതിയിൽ കടമുറികളിലാണ് പ്രവർത്തിക്കുന്നത്. ഇത് കുട്ടികളുടെ ജീവനുതന്നെ ഭീഷണി ഉയർത്തുന്നു.

കൊല്ലം-കുണ്ടറ ഗ്രാമപഞ്ചായത്തിലെ രണ്ട് അങ്കണവാടികൾ (സെന്റർ നമ്പർ 6/പഴയ നമ്പർ 50, സെന്റർ നമ്പർ 1/പഴയ നമ്പർ 45) റോഡുവക്കിലാണ് സ്ഥിതി ചെയ്യുന്നത്. ഇവ ചുറ്റുമതിൽ കെട്ടാൻ പോലും സ്ഥലമില്ലാത്ത അവസ്ഥയിലാണ്.

പരിശോധനയിൽ 83% അങ്കണവാടികളിലും ബേബി ഫ്രെണ്ട്ലി ടോയ്ലെറ്റ് സൗകര്യമില്ലെന്ന് അറിഞ്ഞു.

പത്തനംതിട്ട ജില്ലയിലെ നമ്പർ 85 മേലുകര അങ്കണവാടിക്ക് സ്വന്തമായി പണിത പുതിയ കെട്ടിടമായിട്ടുപോലും, വൈദ്യുതിയോ, ടോയ്‌ലെറ്റ് സൗകര്യമോയില്ല. പാചകപ്പുര അപകടാവസ്ഥയിലാണ്. കക്കൂസിനുവേണ്ടി കുഴിച്ച കുഴി സ്ലാബ് ഇട്ടുമൂടാതെ തുറസ്സായി കിടക്കുന്നു. അതുപോലെ ശരാശരി 15 കുട്ടികൾ പഠിക്കുന്ന കീഴുകര അങ്കണവാടി (നം.88) പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെയില്ല. ക്ലാസ്സുമുറിയും പാചകപ്പുരയും ചേർന്ന ഒറ്റമുറി കാറ്റും വെളിച്ചവും കിട്ടാത്ത അവസ്ഥയിലാണ്.

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽപ്പെട്ട ദാലിൽ, കുന്നനങ്ങാട്, താവം എന്നീ അങ്കണവാടികൾ പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ആവശ്യമായ വെള്ളം ഏകദേശം 100 മീറ്ററിലധികം ദൂരെനിന്ന് കോരിക്കൊണ്ടുവരികയാണ് ചെയ്യുന്നത്.

കോഴിക്കോട് ജില്ലയിലെ വാണിമൽ ഗ്രാമപഞ്ചായത്തിലെ 16 അങ്കണവാടികളിലും രൂക്ഷമായ കുടിവെള്ള ദൗർലഭ്യമാണ് അനുഭവപ്പെടുന്നത്. ഇവിടങ്ങളിൽ ഹെൽപ്പർമാർ വളരെ ദൂരത്തുനിന്നാണ് കുടിവെള്ളമെത്തിക്കുന്നത്. അങ്കണവാടികളിൽ ഒന്നുപോലും വൈദ്യുതീകരിച്ചിട്ടില്ല. കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് മറ്റ് വിനോദോപാധികളൊന്നും ഒരുക്കിയിട്ടില്ല.

10-12-2010-ലെ ജി.ഒ.(എംഎസ്.) 300/2010/ത.സ്വ.ഭ.വ. പ്രകാരം റോഡിതര സംരക്ഷണ ഗ്രാന്റ് അങ്കണവാടികളിലെ കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാൻ വിനിയോഗിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം പലപ്പോഴും പാലിക്കപ്പെടുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം അങ്കണവാടികളിൽ പ്രീ സ്കൂൾ വിദ്യാഭ്യാസത്തിനെത്തുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി.

പരിശോധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ചുവടെ ചേർക്കുന്നു:

<u>അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ—അവലോകനം</u>

| സ്ഥാപനം | അങ്കണ വാടികളുടെ എണ്ണം | കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണ വാടികൾ | ബേബി ഫ്രെണ്ട്‌ലി ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്ത അങ്കണ വാടികൾ | വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണ വാടികൾ | ചുറ്റുമതിൽ ഇല്ലാത്ത അങ്കണ വാടികൾ |
|---|---|---|---|---|---|
| **തിരുവനന്തപുരം** | | | | | |
| ചെങ്കൽ ഗ്രാമപഞ്ചായത്ത് | 34 | - | - | - | 16 |
| ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് | 22 | 4 | 19 | - | 17 |

| | | | | | |
|---|---|---|---|---|---|
| കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് | 24 | 6 | 24 | 16 | 21 |
| നഗരൂർ ഗ്രാമപഞ്ചായത്ത് | 30 | 22 | - | 18 | 30 |
| അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | 30 | 28 | 25 | 20 | 27 |
| റിത്തുര ഗ്രാമപഞ്ചായത്ത് | 33 | 3 | 29 | 31 | 27 |
| ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | 29 | - | 29 | 23 | 23 |
| തിരുവനന്തപുരം നഗരസഭ | 682 | 3 | 96% | 80% | 23 |
| **കൊല്ലം** | | | | | |
| കൊല്ലം നഗരസഭ | 364 | 45 | 356 | - | - |
| കണ്ടറ ഗ്രാമപഞ്ചായത്ത് | 22 | 19 | 18 | 16 | 19 |
| പനയം ഗ്രാമപഞ്ചായത്ത് | 25 | - | 20 | - | 13 |
| വെളിയം ഗ്രാമപഞ്ചായത്ത് | 32 | - | 32 | 30 | 25 |
| പൂതക്കുളം ഗ്രാമപഞ്ചായത്ത് | 28 | 10 | 20 | 15 | 15 |
| ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് | 24 | 16 | - | 23 | 16 |
| ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | 245 | 31 | 189 | 214 | 185 |
| അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | 247 | 31 | 228 | 226 | 171 |
| **പത്തനംതിട്ട** | | | | | |
| നാരങ്ങാനം ഗ്രാമപഞ്ചായത്ത് | 19 | 16 | 17 | 17 | 15 |

| | | | | | |
|---|---|---|---|---|---|
| തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് | 24 | 19 | | 18 | 17 |
| കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 14 | 14 | 14 | 10 | 8 |
| തുമ്പമൺ ഗ്രാമപഞ്ചായത്ത് | 9 | 8 | 8 | 7 | |
| നിരണം ഗ്രാമപഞ്ചായത്ത് | 18 | 18 | 14 | 15 | |
| തിരുവല്ല നഗരസഭ | 54 | | 52 | 52 | 47 |
| **കോട്ടയം** | | | | | |
| തീക്കോയി ഗ്രാമപഞ്ചായത്ത് | 14 | 12 | 3 | 3 | 3 |
| ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് | 27 | 7 | 27 | 16 | 26 |
| മീനടം ഗ്രാമപഞ്ചായത്ത് | 15 | 5 | 13 | 6 | 12 |
| കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | 26 | 12 | 25 | 20 | 14 |
| മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് | 21 | 8 | 16 | 20 | 19 |
| കോട്ടയം നഗരസഭ | 134 | 20 | 128 | 111 | 92 |
| ചങ്ങനാശ്ശേരി നഗരസഭ | 50 | | | 17 | 31 |
| **ഇടുക്കി** | | | | | |
| കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | 17 | 3 | 17 | 10 | 11 |
| മൂന്നാർ ഗ്രാമപഞ്ചായത്ത് | 22 | 19 | 15 | 22 | 18 |
| കൊന്നത്തടി ഗ്രാമപഞ്ചായത്ത് | 52 | 48 | | 48 | 17 |

| | | | | | |
|---|---|---|---|---|---|
| **ആലപ്പുഴ** | | | | | |
| പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | 27 | 9 | 19 | 21 | |
| ആലപ്പുഴ നഗരസഭ | 177 | 158 | 163 | 171 | |
| **എറണാകുളം** | | | | | |
| കീരംപാറ ഗ്രാമപഞ്ചായത്ത് | 12 | | 10 | 12 | 8 |
| മണീട് ഗ്രാമപഞ്ചായത്ത് | 17 | 9 | 7 | 7 | 8 |
| കറുകുറ്റി ഗ്രാമപഞ്ചായത്ത് | 24 | 2 | 26 | 15 | 7 |
| പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് | 16 | | | 15 | 11 |
| കൊച്ചി നഗരസഭ | 326 | 321 | 326 | 252 | 261 |
| ആലുവ നഗരസഭ | 20 | | | 10 | |
| പെരുമ്പാവൂർ നഗരസഭ | 24 | | 24 | 1 | 6 |
| **തൃശ്ശൂർ** | | | | | |
| കൊടകര ഗ്രാമപഞ്ചായത്ത് | 32 | 22 | 30 | 26 | |
| വലപ്പാട് ഗ്രാമപഞ്ചായത്ത് | 36 | 5 | 33 | 3 | |
| മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | | 13 | | 18 | |
| ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 17 | 2 | 7 | 4 | 12 |
| നടത്തറ ഗ്രാമപഞ്ചായത്ത് | 30 | 26 | 30 | 12 | 16 |
| പാവറട്ടി ഗ്രാമപഞ്ചായത്ത് | 23 | 18 | | | |

| | | | | | |
|---|---|---|---|---|---|
| അടാട്ട് ഗ്രാമപഞ്ചായത്ത് | | 20 | | 1 | |
| പുതുക്കാട് ഗ്രാമപഞ്ചായത്ത് | | 18 | | | 16 |
| തൃശ്ശൂർ നഗരസഭ | 335 | 107 | 335 | 242 | 252 |
| വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | 20 | 5 | 19 | | |
| **പാലക്കാട്** | | | | | |
| എരിമയൂർ ഗ്രാമപഞ്ചായത്ത് | 25 | 5 | 25 | 25 | 12 |
| കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് | 40 | 17 | 40 | 39 | 7 |
| തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 25 | 25 | 7 | 23 | 9 |
| പട്ടിത്തറ ഗ്രാമപഞ്ചായത്ത് | 33 | | 28 | 32 | 18 |
| പാലക്കാട് നഗരസഭ | 76 | | 76 | 10 | 24 |
| **മലപ്പുറം** | | | | | |
| പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് | 41 | 13 | 41 | 41 | 14 |
| തിരുവാലി ഗ്രാമപഞ്ചായത്ത് | 29 | 12 | 29 | 23 | 10 |
| ചോക്കാട് ഗ്രാമപഞ്ചായത്ത് | 25 | | 18 | 24 | |
| തിരൂർ നഗരസഭ | 43 | 20 | 43 | 42 | 39 |
| **കോഴിക്കോട്** | | | | | |
| നരിക്കുനി ഗ്രാമപഞ്ചായത്ത് | 25 | 12 | | 24 | 22 |
| മൂടാടി ഗ്രാമപഞ്ചായത്ത് | 32 | 29 | 23 | 29 | 20 |

| | | | | | |
|---|---|---|---|---|---|
| ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | 27 | 24 | | 27 | |
| കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | 33 | 25 | | 33 | 22 |
| കോഴിക്കോട് നഗരസഭ | 543 | 2 | 517 | 400 | 473 |
| വടകര നഗരസഭ | 84 | | | | 83 |
| വാണിമേൽ ഗ്രാമപഞ്ചായത്ത് | 26 | 16 | | 26 | 12 |
| **വയനാട്** | | | | | |
| കൽപ്പറ്റ നഗരസഭ | 27 | 23 | 27 | | |
| **കണ്ണൂർ** | | | | | |
| ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | 18 | 3 | 18 | 10 | |
| ന്യൂ മാഹി ഗ്രാമപഞ്ചായത്ത് | 16 | 16 | 16 | 16 | 15 |
| കീഴല്ലൂർ ഗ്രാമപഞ്ചായത്ത് | 18 | 16 | 16 | 18 | 5 |
| ചെമ്പിലോട് ഗ്രാമപഞ്ചായത്ത് | 31 | 22 | | 30 | |
| കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് | 19 | | 15 | 7 | 8 |
| പട്ടുവം ഗ്രാമപഞ്ചായത്ത് | 17 | 17 | 17 | 15 | 16 |
| കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത് | 32 | | 32 | 30 | 27 |
| കണ്ണൂർ നഗരസഭ | 63 | 59 | 61 | 53 | 46 |
| തലശ്ശേരി നഗരസഭ | 81 | 8 | 76 | 74 | 75 |

| കാസറഗോഡ് | | | | | |
|---|---|---|---|---|---|
| ഗോർക്കാടി ഗ്രാമപഞ്ചായത്ത് | 25 | 17 | 9 | 25 | 16 |
| കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് | 30 | 1 | 7 | 26 | 7 |
| വലിയപറമ്പ് ഗ്രാമപഞ്ചായത്ത് | 16 | | 1 | 4 | 10 |
| കാസറഗോഡ് നഗരസഭ | 49 | 23 | 48 | 23 | |

### 3.3.7 കെട്ടിടങ്ങളുടെ സുരക്ഷിതത്വം—സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2011-ലെ 31055/ഡിസി2/2011 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പലതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കുന്നില്ല. സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെയും സർക്കാരിന്റെ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന അങ്കണവാടികളുടെയും വാർഷിക അറ്റകുറ്റപ്പണി എല്ലാ വർഷവും ഏപ്രിൽ-മേയ് മാസങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പൂർത്തിയാക്കേണ്ടതാണ്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തേണ്ട ചുമതല കെട്ടിട ഉടമയ്ക്കാണ്.

### അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ് പരിശോധന

22-3-2011-ലെ സർക്കുലർ 31055/ഡിസി2/2011 പ്രകാരം എല്ലാ വർഷവും മേയ് 10-നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ല. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസാവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും ഫിറ്റ്നെസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

പരിശോധനയിൽ കോഴിക്കോട് കോടഞ്ചേരി ഗ്രാമപഞ്ചായത്ത്, മലപ്പുറം പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്, കോട്ടയം നഗരസഭ, തിരുവനന്തപുരം നഗരസഭ എന്നിങ്ങനെ ചുരുക്കം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ മേൽ നിർദ്ദേശം പാലിക്കുന്നുള്ളൂ.

ഫിറ്റ്നെസ് പരിശോധനയുടെ അഭാവത്തിൽ പല അങ്കണവാടികളും അത്യന്തം അപകടകരമായ അവസ്ഥയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

കൊല്ലം നഗരസഭാ പരിധിയിലുള്ള ഇരവിപുരം, വടക്കേവിള എന്നീ സോണൽ ഓഫീസുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഫിറ്റ്നെസ് പരിശോധനയിൽ ഏകദേശം മുപ്പതോളം അങ്കണവാടികൾ നിലവിലെ സാഹചര്യത്തിൽ പ്രവർത്തിക്കുവാൻ യോഗ്യമല്ലെന്ന് സാക്ഷ്യപ്പെടുത്തുകയുണ്ടായി.

കൊച്ചി നഗരസഭയിൽ അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനമൊന്നും നടക്കുന്നില്ല. നഗരസഭയുടെ വിദൂരമേഖലകളിലെ അങ്കണവാടികളുടെ അവസ്ഥ അതീവ ദയനീയമാണ്.

കണ്ണൂർ നഗരസഭാ പരിധിയിലെ അങ്കണവാടികളിലൊന്നിനുപോലും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത കെട്ടിടങ്ങളിലാണ് നിലവിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നതെന്നത് കുട്ടികളുടെ സുരക്ഷിതത്വത്തിന് ഭീഷണിയാകുന്നു.

**സുരക്ഷിതമല്ലാത്ത അങ്കണവാടികൾ**

മലപ്പുറം പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 76 അപകടാവസ്ഥയിലാണ്. ഇതിന്റെ അടുക്കള മഴ പെയ്താൽ ചോരുന്ന അവസ്ഥയിലും തറ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലുമാണ്. ഭക്ഷണസാധനങ്ങൾ സൂക്ഷിക്കാനുള്ള പെട്ടിയോ ആവശ്യത്തിനുള്ള കളിക്കോപ്പുകളോ ഗ്യാസ് കണക്ഷനോ വൈദ്യുതിയോ ഇവിടെ ലഭ്യമല്ല.

മലപ്പുറം പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ മഞ്ഞളേങ്ങൽ അങ്കണവാടി പ്രവർത്തിക്കുന്ന (സെന്റർ നമ്പർ 112) കെട്ടിടം പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. ഭക്ഷണം കഴിക്കാനും ഉറങ്ങാനുമുള്ള മുറി വൃത്തിഹീനവും അടുക്കള/സ്റ്റോർ റൂം എന്നിവ അസൗകര്യങ്ങളുടെ നടുവിലാണ്. കുട്ടികൾ ഉപയോഗിക്കുന്ന ടോയ്‌ലെറ്റ് ഉടമകൂടി ഉപയോഗിക്കുന്ന സാധാരണ ടോയ്‌ലെറ്റാണ്. അങ്കണവാടിയുടെ മുറ്റം കുണ്ടുംകുഴിയുമായി നിരപ്പില്ലാത്ത അവസ്ഥയാണ്. ഈ അങ്കണവാടിക്കായി പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പണി ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്.

മലപ്പുറം തിരുവാലി ഗ്രാമപഞ്ചായത്തിലെ പാറയ്ക്കൽ അങ്കണവാടി (വാർഡ്-9) ഈ പഞ്ചായത്തിലെ ഏറ്റവും ശോചനീയാവസ്ഥയിലുള്ള അങ്കണവാടിയാണ്. ചുറ്റുപാടുകൾ വൃത്തിഹീനമാണ്. അടുക്കള, പഠനമുറി എന്നിവ ഒരേ ഹാളിലാണ്. ടോയ്‌ലെറ്റ് സൗകര്യം ഇല്ല.

കണ്ണൂർ ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെരിങ്ങാടി അങ്കണവാടി (സെന്റർ നമ്പർ 149) യുടെ അവസ്ഥ വളരെ പരിതാപകരമാണ്. മേൽക്കൂര ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന അങ്കണവാടി കുട്ടികളുടെ ജീവനുതന്നെ ഭീഷണിയാണ്. ഇവിടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. മേൽസർക്കുലറിലെ നിർദ്ദേശങ്ങളൊന്നും തന്നെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ കാര്യത്തിൽ പാലിക്കപ്പെടുന്നില്ല എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

കണ്ണൂർ-കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആര്യപ്പള്ളി അങ്കണവാടിയുടെ സ്ഥിതി ശോചനീയമാണ്. കെട്ടിടം ഒന്നാം നിലയിലാണ് പ്രവർത്തിക്കുന്നത്. ഇതിലേക്കുള്ള വഴി ഇരുട്ടുനിറഞ്ഞതാണ്. വെന്റിലേഷൻ തീരെ കുറഞ്ഞ മുറിയിൽ മണ്ണെണ്ണ സ്റ്റൗവിൽ പാചകം ചെയ്യുന്നതു കാരണം മണ്ണെണ്ണയുടെ രൂക്ഷഗന്ധം അനുഭവപ്പെടുന്നു. ഇത് കുഞ്ഞുങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് മാത്രമല്ല സുരക്ഷിതവുമല്ല.

ഓഡിറ്റ് പരിശോധനയിൽ അപകടാവസ്ഥയിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയ അങ്കണവാടികൾക്ക് ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

| ജില്ല | പഞ്ചായത്ത്/നഗരസഭ |
|---|---|
| തിരുവനന്തപുരം | അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്—2 അങ്കണവാടികൾ |
| എറണാകുളം | കൊച്ചി നഗരസഭ—11 അങ്കണവാടികൾ |
| തൃശ്ശൂർ | കൊടകര ഗ്രാമപഞ്ചായത്ത്—2 അങ്കണവാടികൾ |
| | നടത്തറ ഗ്രാമപഞ്ചായത്ത്—134-ാം സെന്റർ അങ്കണവാടി |
| പാലക്കാട് | തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്—കല്ലങ്കാട്, അഞ്ചത്താടി, തെക്കുംപുറം അങ്കണവാടികൾ |
| | കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്—ചള്ളപ്പുറം അങ്കണവാടി |
| മലപ്പുറം | തിരുവാലി ഗ്രാമപഞ്ചായത്ത്—മാടശ്ശേരി, കൊളഞ്ഞി അങ്കണവാടികൾ |
| | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്—സെന്റർ നമ്പർ 76, 112, 49 അങ്കണവാടികൾ |
| കോഴിക്കോട് | വടകര നഗരസഭ—വലിയ വളപ്പ്, പഴയപുര വളപ്പ് അങ്കണവാടികൾ |
| | നരിക്കുനി ഗ്രാമപഞ്ചായത്ത്—കണ്ടുങ്ങര അങ്കണവാടി |

### 3.3.8 അങ്കണവാടി കെട്ടിട നിർമ്മാണം

സർക്കാർ അംഗീകൃത പ്ലാൻ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കെട്ടിട നിർമ്മാണം നടത്തുന്നതിന് 10-3-2005-ലെ സർക്കാർ ഉത്തരവ് 98/05 പ്രകാരം ഓരോ അങ്കണവാടിക്കും നിർമ്മാണത്തിനുള്ള അടങ്കൽ തുക 3 ലക്ഷം രൂപയാണ്. ഇതിൽ 2,25,000 രൂപ സർക്കാർ വിഹിതവും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് വഹിക്കേണ്ടത്. സർക്കാർ വിഹിതം സാമൂഹ്യക്ഷേമ വകുപ്പ് വഴി അതത് സി.ഡി.പി.ഒ.മാർക്ക് നൽകുകയാണ് ചെയ്യുന്നത്. ഇതുകൂടാതെ എം.പി. ഫണ്ട്, എം. എൽ. എ. ഫണ്ട്, സുനാമി ഫണ്ട് എന്നിങ്ങനെയുള്ള ഫണ്ടുകൾ ഉപയോഗിച്ചും അങ്കണവാടി കെട്ടിട നിർമ്മാണം നടത്തുന്നുണ്ട്. കൂടാതെ ഓരോ പഞ്ചായത്തിലും മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു അങ്കണവാടിയുടെ പൂർണ്ണ ചുമതല കേന്ദ്ര സർക്കാർ ഏറ്റെടുത്ത് നടത്തുന്നുണ്ട്.

**കെട്ടിട നിർമ്മാണത്തിൽ അപാകം**

തിരുവനന്തപുരം-നഗരൂർ ഗ്രാമപഞ്ചായത്തിലെ പേരൂർ അങ്കണവാടി കെട്ടിട നിർമ്മാണം (നമ്പർ 85)2006-07-ൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുകയുണ്ടായി. ഉദ്ഘാടനം കഴിഞ്ഞ് അടുത്ത മാസം മുതൽ ചോർച്ച തുടങ്ങുകയും തൽസ്ഥിതി തുടരുകയും ചെയ്യുന്നു. ക്രമവിരുദ്ധമായി പാറപ്പൊടി ഉപയോഗിച്ചിരിക്കുന്നതിനാൽ ഈ അങ്കണവാടിയുടെ തറ പൊളിഞ്ഞ് കുഴിയായിരിക്കുകയാണ്. കാട്ടുചന്ത എന്ന ഉൾപ്രദേശത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത അങ്കണവാടി ആ പ്രദേശത്തെ പ്രീ സ്കൂൾ കുട്ടികളുടെ വികസനത്തിനുള്ള ഏക ആശ്രയമാണ്. പഞ്ചായത്ത് കമ്മിറ്റിയിൽ നിരവധി തവണ വിഷയം അവതരിപ്പിക്കുകയും അറിയിക്കുകയും ചെയ്തിട്ടും അങ്കണവാടിയുടെ അവസ്ഥയിൽ മാറ്റമുണ്ടായിട്ടില്ല.

ആലപ്പുഴ നഗരസഭയിൽ അങ്കണവാടി സെന്റർ നമ്പർ 143-നു വേണ്ടി 2004-ൽ പണികഴിപ്പിച്ച കെട്ടിടം വളരെ കുറച്ച് നാളുകളിലെ ഉപയോഗത്തിനുശേഷം നിർമ്മാണത്തിലെ അപാകങ്ങൾമൂലം തീർത്തും ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയിലാണ്. അങ്കണവാടി ഇപ്പോൾ ഒരു സ്വകാര്യ സ്ഥാപനത്തിലാണ് പ്രവർത്തിക്കുന്നത്.

എറണാകുളം-പെരുമ്പാവൂർ നഗരസഭയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെന്റർ നമ്പർ 14 അങ്കണവാടിയുടെ ഉദ്ഘാടനം 10-11-2008-ൽ ആയിരുന്നു. വളരെ ചുരുങ്ങിയ നാളുകൾ കൊണ്ടുതന്നെ സെന്ററിന്റെ സ്ഥിതി മോശമായി തറയിലെ ടൈലുകൾ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. പൊട്ടിയ ടൈലുകൾക്കിടയിൽപ്പെട്ട് കുട്ടികൾക്ക് മുറിവുണ്ടാകാൻ സാദ്ധ്യതയുണ്ട്. കുളം നികത്തി പണിത ഈ കെട്ടിടത്തിന്റെ ഭിത്തി വിണ്ടുകീറിയ അവസ്ഥയിലുമാണ്.

പെരുമ്പാവൂർ നഗരസഭയിൽ 2010 ആഗസ്റ്റ് മാസം പ്രവർത്തനം ആരംഭിച്ച സെന്റർ നമ്പർ 15-ന്റെ മെയിൻ ഹാളും വരാന്തയും 2012-ൽ തന്നെ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്.

**നിർമ്മാണം നിലച്ച കെട്ടിടങ്ങൾ**

തിരുവനന്തപുരം-അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ 3 അങ്കണവാടി കെട്ടിടങ്ങൾ, കൊച്ചി നഗരസഭയിലെ 1 അങ്കണവാടി, മലപ്പുറം-ചോക്കാട് ഗ്രാമപഞ്ചായത്തിലെ 2 അങ്കണവാടികൾ, കോഴിക്കോട് നഗരസഭാ പരിധിയിലുള്ള 14 അങ്കണവാടികൾ, കോഴിക്കോട്-ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ ആന്തട്ട അങ്കണവാടി, കണ്ണൂർ ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ പെരിങ്ങാടി അങ്കണവാടി (5 വർഷമായി തറ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്), കണ്ണൂർ-കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ പണച്ചിറ അങ്കണവാടി എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ നിലച്ച അവസ്ഥയിലാണ്.

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്കിലെ ഇടമുളയ്ക്കൽ പഞ്ചായത്തിൽ വഴി സൗകര്യം ഇല്ലാത്തതിനാൽ കെട്ടിടനിർമ്മാണ സാധനങ്ങൾ എത്തിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടായതുമൂലം അങ്കണവാടി സെന്റർ 93-ന്റെ കെട്ടിട നിർമ്മാണം നടക്കുന്നില്ല.

കൊല്ലം നഗരസഭ പരിധിയിൽ സുനാമി ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച 21 കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. ശിശു വികസന രംഗത്ത് നഗരസഭ കാട്ടുന്ന അലംഭാവത്തിന് ഉദാഹരണമാണിത്.

ആലപ്പുഴ നഗരസഭയിലെ പുന്നമട വാർഡിൽ സ്ഥിതിചെയ്യുന്ന 83-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2008-09 വർഷം ആരംഭിക്കുകയും 1,03,000 രൂപ ചെലവഴിക്കുകയും ചെയ്തുവെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

തൃശ്ശൂർ നഗരസഭയിലെ പുഴയ്ക്കൽ, കുർക്കഞ്ചേരി ഏരിയായിലെ സെന്റർ നമ്പർ 128, 131 എന്നീ അങ്കണവാടികളുടെ പണി 2009-10-ൽ തുടങ്ങിയത് നിർത്തിവെയ്ക്കുകയുണ്ടായി.

കോഴിക്കോട്-മൂടാടി ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 88-ന്റെ നിർമ്മാണം 2008-09-ൽ ആരംഭിച്ചതാണ്. ലിന്റിൽ വരെയാണ് പണി തീർത്തിട്ടുള്ളത്. ഇതിന്റെ നിർമ്മാണം നിന്നുപോയിരിക്കുകയാണ്.

**3.3.9 വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ**

അങ്കണവാടികളുടെ മുഴുവൻ പ്രവർത്തനങ്ങളുടെയും നിരീക്ഷണ ചുമതല അങ്കണവാടി വെൽഫെയർ കമ്മിറ്റികൾക്കാണ്. വാർഡ് മെമ്പർ ചെയർമാനും വർക്കർ കൺവീനറും

ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ഗുണഭോക്താക്കളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർ എന്നിവർ അംഗങ്ങളുമായി പരമാവധി 11 അംഗങ്ങൾ ഉള്ള വെൽഫെയർ കമ്മിറ്റിയാണ് അങ്കണവാടിതലത്തിൽ പ്രവർത്തിക്കേണ്ടത്. അങ്കണവാടികൾ മുഖേനയുള്ള പോഷകാഹാര വിതരണത്തിന്റെ മേൽനോട്ടവും വെൽഫെയർ കമ്മിറ്റിക്കാണ്.

പരിശോധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാംതന്നെ വെൽഫെയർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അങ്കണവാടികളെ കൂടുതൽ ശിശുസൗഹൃദമാക്കാൻ ഉതകുന്ന വിധത്തിലുള്ള പ്രവർത്തനത്തിന്റെ ഭാഗമായി 2011 മുതൽ അങ്കണവാടി വെൽഫെയർ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും മേയ് 31-ന് ഓരോ അങ്കണവാടിയിലും പ്രവേശനോത്സവം സംഘടിപ്പിക്കാറുണ്ട്. പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിനുവേണ്ട തുക വെൽഫെയർ കമ്മിറ്റി പ്രാദേശികമായി കണ്ടെത്തുകയാണ് ചെയ്യുന്നത്.

മിക്കയിടത്തും അങ്കണവാടി വെൽഫെയർ കമ്മിറ്റികൾ യോഗം ചേരുകയും കമ്മിറ്റിയുടെ മിനിറ്റ്സ് എഴുതി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം, അവയുടെ കാര്യക്ഷമമായ വിനിയോഗം എന്നിവ ഉറപ്പുവരുത്തുന്നതിൽ കമ്മിറ്റികൾ ശ്രദ്ധ ചെലുത്തുന്നില്ല. അങ്കണവാടികളിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗയോഗ്യമല്ലാത്ത ഫർണിച്ചറുകൾ, കളിപ്പാട്ടങ്ങൾ, പാത്രങ്ങൾ തുടങ്ങിയവ എഞ്ചിനീയർ/ഓവർസീയർ നിശ്ചയിച്ച നൽകുന്ന വിലയിൽ കുറയാതെ വർഷത്തിലൊരിക്കൽ ലേലം ചെയ്തു വിൽക്കുകയും അങ്കണവാടികൾ ആകർഷകമായി സൂക്ഷിക്കുകയും ചെയ്യേണ്ടത് വെൽഫെയർ കമ്മിറ്റിയുടെ ചുമതലയാണ്.

ലേലത്തിലൂടെ ലഭിക്കുന്ന തുക വെൽഫെയർ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതും വാർഷിക സ്റ്റേറ്റ്മെന്റ് സി.ഡി.പി.ഒ.മാർക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ മിക്ക അങ്കണവാടികളിലും ഇത്തരം നടപടിയൊന്നും നടത്തുന്നില്ലെന്നുമാത്രമല്ല ഉപയോഗശൂന്യമായ വസ്തുക്കൾ പൊതുവെ സ്ഥലസൗകര്യം കുറഞ്ഞ അങ്കണവാടി കളിൽതന്നെ കൂട്ടിയിടുകയും ചെയ്യുന്നുണ്ട്.

## 3.3.10 പൂരക പോഷകാഹാര പരിപാടി (എസ്.എൻ.പി.)

ശിശുപരിപാലനത്തിനും വികസനത്തിനും വേണ്ടി ആവിഷ്കരിക്കപ്പെട്ട സംയോജിത ശിശുവികസന പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംയോജിത സേവന പരിപാടിയാണ് "പൂരക പോഷകാഹാര പരിപാടി". ഐ.സി.ഡി.എസ്.-ന്റെ ആരംഭം മുതൽ തന്നെ സി.ഡി.പി.ഒ.കൾ മുഖേന ഈ പരിപാടി നടപ്പാക്കി വരുന്നു. അങ്കണവാടികളിലൂടെ 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാരം നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം. രണ്ടുതരത്തിൽ പോഷകാഹാര വിതരണം നടപ്പാക്കുന്നുണ്ട്—

പ്രീ സ്കൂൾ കുട്ടികൾക്കായുള്ള (3-6 വയസ്സ്) ഉച്ചഭക്ഷണ വിതരണവും പ്രീ സ്കൂൾ കുട്ടികൾ കൂടി ഉൾപ്പെടുന്ന മറ്റ് ഗുണഭോക്താക്കൾക്കുള്ള പൂരക പോഷകാഹാര വിതരണവും. 1998 വരെ ഈ പദ്ധതികളുള്ള ചെലവ് സംസ്ഥാന സർക്കാരാണ് വഹിച്ചിരുന്നത്.

അധികാര വികേന്ദ്രീകരണത്തെ തുടർന്ന് ഈ പദ്ധതി നടപ്പാക്കാനുള്ള പൂർണ്ണചുമതലയും പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരുടെയും പ്രവർത്തകരുടെയും സേവനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. ഇതേ തുടർന്ന് പോഷകാഹാരത്തിന്റെ ചുമതല പഞ്ചായത്ത് സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്തും, ഗ്രാമപഞ്ചായത്തുകളും 1:2 അനുപാതത്തിൽ വഹിക്കുമ്പോൾ നഗര പ്രദേശങ്ങളിൽ ചെലവ് പൂർണ്ണമായും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വഹിച്ചുവരുന്നു.

ഈ പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വെൽഫെയർ കമ്മിറ്റി ചെയർമാനെ അദ്ധ്യക്ഷനായും സി.ഡി.പി.ഒ.യെ കൺവീനറായും പഞ്ചായത്ത് മെമ്പർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ തുടങ്ങിയവരെ അംഗങ്ങളായും നിയോഗിക്കാവുന്നതാണ്. പഞ്ചായത്ത് വെൽഫെയർ കമ്മിറ്റി ഇല്ലാത്ത സാഹചര്യത്തിൽ അതത് പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റ്/കോർപ്പറേഷൻ മേയർ/മുനിസിപ്പൽ ചെയർമാൻ ആയിരിക്കും ഈ കമ്മിറ്റിയുടെ ചെയർമാൻ. അങ്കണവാടികളിലെ ഭക്ഷണത്തിനും അവ പാകം ചെയ്യുന്നതിനും വിളമ്പുന്നതിനും ആവശ്യമായ സാധനങ്ങൾ/പാത്രങ്ങൾ, ഇന്ധനം എന്നിവ വാങ്ങുന്നതിന്റെ ചുമതല ഈ കമ്മിറ്റിക്കാണ്. പൂരക പോഷകാഹാര വിതരണ പരിപാടിയുടെ മേൽനോട്ടം അങ്കണവാടി വെൽഫെയർ കമ്മിറ്റിക്കാണ്.

6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ വളർച്ചാ നിരക്ക്, ആരോഗ്യനിലവാരം എന്നിവ പരിഗണിച്ചാണ് ഈ പരിപാടി നടപ്പാക്കുന്നത്. 3 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളെ മാസത്തിൽ ഒരു തവണയും 3-6 വയസ്സ് പ്രായമുള്ള കുട്ടികളെ നാലുമാസത്തിലൊരിക്കലും അളവ് തൂക്കത്തിന് വിധേയമാക്കി കുട്ടികളുടെ ആരോഗ്യ നിലവാരം വിലയിരുത്തുന്നു. പോഷക ദാരിദ്ര്യം ഉള്ള കുട്ടികൾക്ക് പ്രത്യേകമായി പോഷകാഹാരവും നൽകിവരുന്നു.

സാമൂഹ്യക്ഷേമ മന്ത്രാലയത്തിന്റെ 24-2-2009-ലെ 5-9/2005-ND-TECH Vol-II കത്ത് പ്രകാരം പുതുക്കിയ തോതിലുള്ള പോഷകാഹാരങ്ങളാണ് ഈ പരിപാടി വഴി നടപ്പാക്കി വരുന്നത്. ഇതു പ്രകാരം 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് 500 കലോറിയും 12-15(gm.) പ്രോട്ടീനും അടങ്ങിയ ഭക്ഷണമാണ് ഒരു ദിവസം ഒരു നേരം നൽകേണ്ടത്. പോഷകദാരിദ്ര്യം അനുഭവിക്കുന്ന കുട്ടികൾക്ക് 800 കലോറി ഊർജ്ജവും 20-25(gm.) പ്രോട്ടീനും അടങ്ങിയ ഭക്ഷണം നൽകണം. 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് ഒരു നേരം 500 കലോറി ഊർജ്ജം അടങ്ങിയ ഭക്ഷണം കഴിക്കുന്നതിന്റെ

ബുദ്ധിമുട്ട് പരിഗണിച്ച് നിലവിൽ ദിവസം ഒന്നിലേറെ തവണയിലൂടെ പ്രസ്തുത കലോറി ഊർജ്ജം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ഒരു ദിവസം 4 രൂപയും പോഷകദാരിദ്ര്യം അനുഭവിക്കുന്ന കുട്ടികൾക്ക് 6 രൂപയും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 5 രൂപയും എന്നതാണ് ഇന്ത്യാ ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന നിരക്ക്. 2005-06 വർഷം മുതൽ ഈ പദ്ധതിക്ക് ചെലവഴിക്കുന്ന തുകയുടെ 50% മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്ര സർക്കാർ നൽകി വരുന്നു. നിർദ്ദിഷ്ട പോഷണമൂല്യമുള്ള പൂരക പോഷകാഹാര പരിപാടി വർഷത്തിൽ 300 ദിവസം നടത്തിയിരിക്കണം. ഓരോ പഞ്ചായത്തിലും കൊടുക്കേണ്ട ഭക്ഷണം ഏതായിരിക്കണമെന്നത് സംബന്ധിച്ച് പഞ്ചായത്ത് വെൽഫെയർ കമ്മിറ്റിയിൽ തീരുമാനമെടുക്കാവുന്നതാണ്. ഇങ്ങനെ നൽകുന്ന ഭക്ഷണത്തിന്റെ പോഷകമൂല്യം ഉറപ്പുവരുത്തുന്നതിന് സംസ്ഥാന ന്യൂട്രീഷൻ ബ്യൂറോ, ആരോഗ്യ വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ ലഭ്യമായ പോഷക നിലവാരപട്ടിക മാർഗ്ഗദർശിയായി ഉപയോഗിക്കാവുന്നതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ BPL മാനദണ്ഡം പാലിക്കേണ്ടതില്ല.

പരിശോധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എല്ലാംതന്നെ ഈ പദ്ധതി നടപ്പാക്കുന്നുണ്ട്. ഗോതമ്പ്നുറുക്ക്, കടല, ഉഴുന്നുപരിപ്പ് എന്നീ ഭക്ഷ്യധാന്യങ്ങളാണ് ഭൂരിഭാഗം സമയങ്ങളിലും പൂരക പോഷകാഹാര പദ്ധതിക്കുവേണ്ടി ഉപയോഗിച്ചിട്ടുള്ളത്. ഒരേ തരത്തിലുള്ള ഭക്ഷ്യധാന്യം തന്നെ സ്ഥിരമായി ഉപയോഗിക്കുന്നത് ഗുണഭോക്താക്കൾക്ക് ഇഷ്ടപ്പെടാത്ത സ്ഥിതിവിശേഷം ഉണ്ടാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട കലോറി ഊർജ്ജവും പ്രോട്ടീനും ലഭിക്കത്തക്ക വിധത്തിലുള്ളതും അങ്കണവാടികളിലൂടെ വിതരണം ചെയ്യാൻ പറ്റിയതും മാസങ്ങളോളം സ്റ്റോക്ക് ചെയ്യാൻ കഴിയുന്നതും കുട്ടികൾക്കും അമ്മമാർക്കും വിശപ്പടക്കാൻ ഉതകുന്നതും എന്നാൽ അമിതമായ സാമ്പത്തിക ചെലവില്ലാത്തതുമായ വ്യത്യസ്തമായ ഭക്ഷ്യവിഭവങ്ങൾ പ്രയോജനപ്പെടുത്തി പൂരക പോഷക പദ്ധതി മെച്ചപ്പെടുത്തേണ്ടതുണ്ട്.

2009-10, 2010-11 എന്നീ വർഷങ്ങളിൽ പൂരക പോഷകാഹാര പദ്ധതിക്കുവേണ്ടി കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ അനുബന്ധം 12-ൽ ചേർത്തിരിക്കുന്നു.

ഇപ്രകാരം കേന്ദ്രവിഹിതമായി ലഭിക്കുന്ന ഫണ്ട് പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് 12-4-2006-ലെ ജി.ഒ. (പി) 177/2006/ധന. ഉത്തരവിൽ നിർദ്ദേശമുണ്ട്. പരിശോധന നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൊല്ലം, വടകര എന്നീ നഗരസഭകൾ ഒഴിച്ച് ഒരു സ്ഥാപനങ്ങളും കേന്ദ്രവിഹിതത്തിനായി പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ തുക തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.

### 3.3.11 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുകയിലെ ബാലൻസ് ഫണ്ട് സ്വന്തമായി സ്ഥലമില്ലാത്തതും കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം/സ്ഥലം വാങ്ങുന്നതിനും കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പ്, ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും വിനിയോഗിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3-9-2010-ലെ 39033/ഡി.സി2/2010 സർക്കുലർ നിർദ്ദേശിക്കുന്നു.

പരിശോധനയ്ക്ക് വിധേയമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൊല്ലം ജില്ലയിലെ കുമ്മിൾ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്ത്, ആലുവ നഗരസഭ, കൽപ്പറ്റ നഗരസഭ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ ഈ സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളൂ.

കഴിഞ്ഞ രണ്ട് വർഷത്തെ കണക്ക് പരിശോധിച്ചതിൽ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ശേഷിക്കുന്ന തുക സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കപ്പെടാതെ ട്രഷറിയിലും ബാങ്കിലുമായി സൂക്ഷിച്ചിരിക്കുകയാണ്.

കൊല്ലം നഗരസഭയിലെ കണക്കുകൾ പ്രകാരം പൂരക പോഷകാഹാര പദ്ധതിയുടെ അക്കൗണ്ടിൽ 31-3-2011-ൽ 30,82,390 രൂപ അവശേഷിക്കുന്നുണ്ട്. നഗരസഭയിലെ അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം വളരെയധികമാണ്. 364 അങ്കണവാടികളിൽ 84 അങ്കണവാടികൾ മാത്രമേ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുവാൻ വേണ്ടത്ര സംവിധാനമില്ലാത്ത നൂറോളം അങ്കണവാടികൾ നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. വർഷംതോറും കോടിക്കണക്കിന് രൂപയുടെ ഭക്ഷ്യധാന്യങ്ങൾ അങ്കണവാടികൾ വഴി വിതരണം ചെയ്യുന്നുണ്ടെങ്കിലും അങ്കണവാടികളിൽ അവ സൂക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മയെ സാരമായി ബാധിക്കുന്നുണ്ട്. കേന്ദ്രവിഹിതത്തിൽ 30 ലക്ഷത്തിലധികം രൂപ ബാലൻസ് ഉണ്ടായിട്ടും അങ്കണവാടികൾ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ച തന്നെയാണ്.

കൊച്ചി നഗരസഭയിൽ കേന്ദ്രവിഹിതത്തിന്റെ നീക്കിയിരുപ്പായി 1,11,65,994 രൂപ തനത് ഫണ്ടിന്റെ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. നഗരസഭയിൽ 11 അങ്കണവാടികൾ അപകടാവസ്ഥയിലായ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. 326 അങ്കണവാടികളിൽ ആകെ 5 അങ്കണവാടികളിൽ മാത്രമാണ് കുടിവെള്ളം ടാപ്പ് വഴി ലഭിക്കുന്നത്. നഗരസഭയിലെ അങ്കണവാടികളിലൊന്നിലും ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് സൗകര്യം ഇല്ല. ഭീമമായ തുക കേന്ദ്രവിഹിതത്തിൽ നീക്കിയിരിപ്പുണ്ടായിട്ടും അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ അത് ഉപയോഗിക്കുന്നില്ല.

തൃശ്ശൂർ നഗരസഭയിൽ പൂരക പോഷകാഹാര പദ്ധതിക്ക് ലഭിച്ച കേന്ദ്രവിഹിതത്തിൽ 73,87,611 രൂപ 2010-11-ൽ ബാക്കിയുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ ഈ തുക കോർപ്പറേഷൻ ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നഗരസഭയിൽ 55 വാർഡുകളിലായി പ്രവർത്തിക്കുന്ന 335 അങ്കണവാടികളിൽ 169 എണ്ണം വാടക കെട്ടിടത്തിലാണ്. അത് മാത്രമല്ല, തീരെ സുരക്ഷിതമല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 5 അങ്കണവാടികൾ

തൃശ്ശൂർ നഗരസഭാ പരിധിയിലുണ്ട്. ബേബി ഫ്രെണ്ട്‌ലി ടോയ്‌ലെറ്റ് ഒരിടത്തും പ്രാവർത്തികമാക്കിയിട്ടില്ല. നഗരസഭാ പരിധിയിലുള്ള അങ്കണവാടികളിൽ 83 എണ്ണത്തിനുമാത്രം ചുറ്റുമതിലും 93 എണ്ണം മാത്രം വൈദ്യുതീകരിച്ചതും 107 എണ്ണത്തിന് തീരെ കുടിവെള്ളം ലഭിക്കാത്തവയുമായുള്ളപ്പോൾ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് നഗരസഭ ഒട്ടും പ്രാധാന്യം കൊടുക്കുന്നില്ലായെന്ന് വ്യക്തമാകുന്നു.

വടകര നഗരസഭയിലുള്ള 84 അങ്കണവാടികളിൽ 23 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അവയുടെ സ്ഥിതി വളരെ ശോചനീയമാണ്. മിക്കതും ഷെഡ്ഡുകളിലും ചെറിയ മുറികളിലുമാണ് പ്രവർത്തിക്കുന്നത്. ഇവിടങ്ങളിൽ ഭക്ഷണം പാകം ചെയ്യുവാനും സൂക്ഷിക്കുന്നതിനും പ്രത്യേക അടുക്കള സൗകര്യമില്ല. കൂടാതെ വാതിൽ പൊളിഞ്ഞുകിടക്കുന്നതും മേൽക്കൂര ചോർന്നൊലിക്കുന്നതും തറ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നതുമായ അങ്കണവാടികളും ഉണ്ട്. എന്നിട്ടും പൂരക പോഷകാഹാര പരിപാടിക്ക് ലഭിച്ച കേന്ദ്ര വിഹിതത്തിലെ ശേഷിക്കുന്ന തുക (2009-10-ൽ 8,14,200 രൂപ 2010-11-ൽ 4,88,858 രൂപ) ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നില്ല.

ഇവ കൂടാതെ ഓഡിറ്റ് പരിശോധന നടത്തിയ മിക്ക ഗ്രാമപഞ്ചായത്തുകളിലും പൂരക പോഷകാഹാര പദ്ധതിക്കുള്ള കേന്ദ്ര വിഹിതത്തിൽ ലക്ഷങ്ങൾ നീക്കിയിരുപ്പുണ്ടായിട്ടും അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്താൻപോലും ഈ തുക വിനിയോഗിക്കുന്നില്ല എന്ന് കാണുകയുണ്ടായി.

## 3.3.12 ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (റ്റി. എച്ച്. ആർ. എസ്.)

6 മാസത്തിനും മൂന്ന് വയസ്സിനുമിടയിൽ പ്രായമുള്ളതും അങ്കണവാടി സ്പോട്ട് ഫീഡിംഗിൽ പങ്കെടുക്കാൻ കഴിയാത്തതുമായ കുട്ടികൾക്ക് ഭക്ഷ്യമിശ്രിതം വീടുകളിൽ കൊടുത്തുവിടുന്ന പദ്ധതിയാണിത്. പൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായാണ് ഇത് നടത്തുന്നത്. ഓരോ 100 ഗ്രാം മിശ്രിതത്തിലും കുറഞ്ഞത് 200 കലോറി ഊർജ്ജവും 10 ഗ്രാം പ്രോട്ടീനും അതിസൂക്ഷ്മ പോഷക ഘടകങ്ങളും ഉണ്ടാവണം. ഒരു കുട്ടിക്ക് ഒരു ദിവസം 135 ഗ്രാം വീതം 25 പ്രവൃത്തി ദിവസത്തേക്ക് 3.375 കിലോഗ്രാം ഭക്ഷ്യമിശ്രിതം പ്രതിമാസം നൽകി വരുന്നു. ശിശു വികസന പദ്ധതി പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ.) മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. കുടുംബശ്രീ യൂണിറ്റുകളാണ് ഈ മിശ്രിതം (ന്യൂട്രിമിക്സ്) തയ്യാറാക്കുന്നത്.

പരിശോധനയ്ക്ക് വിധേയമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാംതന്നെ ഈ പദ്ധതി നടപ്പാക്കി വരുന്നു.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 5-6-2010/1-2-2010 തീയതികളിലെ ഐ.സി.ഡി.എസ്.-ബി3-312/10-ാം നമ്പർ കത്തിൽ രണ്ട് മാസത്തിൽ ഒരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും

ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില, ഇവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും നിർദ്ദേശമുണ്ട്. എന്നാൽ 25-10-2006-ലെ ജി.ഒ.(എംഎസ്.)242/06/തസ്വഭവ. പ്രകാരമുള്ള ടി.എച്ച്.ആർ.എസ്. മാർഗ്ഗരേഖ ഖണ്ഡിക V പ്രകാരം ഭക്ഷ്യമിശ്രിതം സപ്ലൈ ചെയ്ത് രണ്ട് ദിവസത്തിനകം കുടുംബശ്രീ യൂണിറ്റുകൾക്ക് വില നൽകണം. പക്ഷേ ലാബിലേക്ക് പരിശോധനയ്ക്കയയ്ക്കുന്ന ഭക്ഷ്യമിശ്രിതത്തിന്റെ പരിശോധന റിപ്പോർട്ട് ലഭിക്കുന്നത് ഒന്നും രണ്ടും മാസം കഴിഞ്ഞാണ്. (ഉദാ: കോഴിക്കോട് നരിക്കുനി ഗ്രാമപഞ്ചായത്തിൽ 11-8-2010-ന് അയച്ചതിന്റെ പരിശോധന റിപ്പോർട്ട് ലഭിച്ചത് 4-9-2010-ന് മാത്രമാണ്.) ഈ സാഹചര്യത്തിൽ ടി. എച്ച്. ആർ. എസ്. ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി കുട്ടികൾക്ക് ലഭ്യമാക്കാനും വില നൽകാനും സി.ഡി.പി.ഒ.മാർക്ക് സാധിക്കുന്നില്ല.

കോഴിക്കോട്-കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്ന കുടുംബശ്രീ യൂണിറ്റ് നേരിട്ടാണ് ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകൾക്ക് അയയ്ക്കുന്നതെന്ന് പരിശോധനയിൽ വ്യക്തമായി. എന്നാൽ കുടുംബശ്രീ യൂണിറ്റുകൾ ടെസ്റ്റിനയച്ച സാമ്പിളുകൾ ലാബുകൾ പരിശോധനയ്ക്ക് സ്വീകരിക്കുന്നില്ല എന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഭക്ഷ്യമിശ്രിത സാമ്പിളുകൾ വിതരണം ചെയ്യുന്ന കുടുംബശ്രീ യൂണിറ്റുകളെ കൊണ്ടുതന്നെ ഗുണമേന്മ പരിശോധിപ്പിക്കുന്നത് ശരിയായ നടപടിയല്ല.

ഈ പദ്ധതി നടപ്പാക്കിയതിലൂടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ കുട്ടികളുടെ വളർച്ചയ്ക്കും ബുദ്ധിവികാസത്തിനും ആവശ്യമായ പോഷകങ്ങൾ ലഭിക്കുന്നു. അവരെ ആരോഗ്യമുള്ള കുട്ടികളായി വളർത്തുന്നതിന് ഇത് സഹായകവുമാകുന്നു. ജനനാ ഭാരം കുറഞ്ഞ കുട്ടികളിൽ ഭക്ഷ്യമിശ്രിതം നൽകുന്നതുവഴി പ്രകടമായി ഭാരവ്യത്യാസം കാണുവാൻ കഴിയുന്നു. മൂന്ന് വയസ്സിൽ താഴെയുള്ള ടി.എച്ച്.ആർ.എസ്. ഗുണഭോക്താക്കളായ കുട്ടികൾ തുടർന്ന് അങ്കണവാടികളിൽ പ്രീ സ്കൂൾ വിദ്യാഭ്യാസത്തിനായി എത്തുന്നു എന്നതാണ് ഈ പദ്ധതികൊണ്ടുള്ള പ്രധാന നേട്ടം.

6 മാസം മുതൽ 3 വയസ്സ് വരെ പ്രായമുള്ള എല്ലാ കുട്ടികളും ഈ പദ്ധതിക്ക് അർഹരാണെങ്കിലും വളരെ കുറച്ചുപേർ മാത്രമേ ഇതിന്റെ ഗുണഭോക്താക്കളായി ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നുള്ളൂ എന്നതാണ് ഈ പദ്ധതിയുടെ പ്രധാന കോട്ടം. മാത്രമല്ല ആഹാരസാധനങ്ങൾ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളും അതിന് അർഹതയുള്ളവർ തന്നെയാണോയെന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല. സ്ഥിരമായി

ഒരേ മിശ്രിതം തന്നെ നൽകുന്നത് കുട്ടികളിൽ മടുപ്പ് ഉളവാക്കുന്നു. കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ ന്യൂട്രിമിക്സ് നൽകിയാൽ ഗുണഭോക്താക്കളിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ കഴിയുന്നതാണ്. 6 മാസം മുതൽ 18 മാസം വരെയുള്ള കുട്ടികൾക്ക് ഒരു ദിവസം 135 ഗ്രാം എന്ന അളവിൽ മിശ്രിതം നൽകുന്നത് വളരെ അധികമാണ്. ഇത് ഭക്ഷ്യവസ്തുക്കളുടെ ദുരുപയോഗത്തിന് കാരണമാകുന്നതായി അങ്കണവാടി വർക്കർമാർ ചൂണ്ടിക്കാട്ടുകയുണ്ടായി.

### 3.3.13 ഭക്ഷ്യവസ്തുക്കൾ വാങ്ങൽ

അങ്കണവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നോ തീര മൈത്രി സൂപ്പർ മാർക്കറ്റിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവ വാങ്ങാൻ പാടുള്ളൂ എന്ന് 4-5-2011-ൽ 54814/ഡി.സി2/2010/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പരിശോധനയിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാവേലി സ്റ്റോറുകളിൽ നിന്നും വിലയിൽ അധികരിക്കാതെ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നുമാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങിയിരിക്കുന്നത്. ഇവയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ട്.

ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിൽ കണ്ടെത്തിയ ഏതാനും അപാകങ്ങൾ താഴെ വിവരിക്കുന്നു :

കോഴിക്കോട് ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലേക്കുള്ള ഭക്ഷ്യവസ്തുക്കൾ മാവേലി സ്റ്റോറിൽ നിന്നാണ് വാങ്ങുന്നത്. ധാന്യങ്ങളും പയറുവർഗ്ഗങ്ങളും കല്ലും മണ്ണും നിറഞ്ഞതാണെന്ന പരാതികൾ പല സെന്ററുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

കണ്ണൂർ പട്ടുവം ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലേക്കാവശ്യമായ ഭക്ഷ്യ സാധനങ്ങൾ പട്ടുവം-സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി സ്റ്റോറിൽ നിന്നുമാണ് 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വാങ്ങിയിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷം മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള സപ്ലൈകോയിൽ നിന്നുമാണ് വാങ്ങുന്നത്.

ഭക്ഷ്യധാന്യങ്ങളുടെ വാങ്ങൽ, സംഭരണം, സൂക്ഷിപ്പ് എന്നിവയിൽ കാണപ്പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു:

- നല്ല ഗുണനിലവാരത്തിലുള്ളതും കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ നൽകുന്നത് സംബന്ധിച്ച് നീതി സ്റ്റോറുമായോ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായോ യാതൊരു വിധത്തിലുള്ള കരാറിലുമേർപ്പെടാതെയാണ് ലക്ഷക്കണക്കിന് രൂപയുടെ ഭക്ഷ്യധാന്യങ്ങൾ ഓരോ പ്രാവശ്യവും വാങ്ങുന്നത്.
- സർക്കാർ സ്ഥാപനവും പദ്ധതിയുമായതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് എക്കോണമി കോസ്റ്റിൽ സാധനങ്ങൾ ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല.
- സ്റ്റോക്ക് രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കുന്നില്ല. പല നോട്ട് ബുക്കുകളിലായി ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് എഴുതി സൂക്ഷിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്.
- വെൽഫെയർ കമ്മിറ്റിയോ പഞ്ചായത്തുതല കോ-ഓർഡിനേഷൻ കമ്മിറ്റിയോ ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധന നടത്തിയിട്ടില്ല.

പാലക്കാട് ജില്ല എരിമയൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലേക്കായി ഭക്ഷ്യ വസ്തുക്കൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. 2010-11 വർഷത്തിൽ 196/23-3-2010, 169/7-6-2010, 5/6-12-2010, 26/15-3-2011, 18/31-1-2011 എന്നീ ബിൽ നമ്പറുകൾ പ്രകാരം സിവിൽ സപ്ലൈസ് വിലയിൽ അധികരിച്ച് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്ന് വാങ്ങിയതുമൂലം 55,252 രൂപയുടെ നഷ്ടം പഞ്ചായത്തിന് ഉണ്ടായിരിക്കുന്നു.

ഇതേ പ്രകാരം പാലക്കാട് കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിൽ 2009-10 വർഷത്തിൽ 17,349 രൂപയും 2010-11 വർഷത്തിൽ 86,981 രൂപയും നഷ്ടം സംഭവിച്ചിട്ടുണ്ട്. (ബിൽ നമ്പർ 95/20-2-2010, 42/26-3-2009, 4/27-3-2010, 6/11-6-2010, 99/26-10-2010, 11/21-12-2010)

തിരുവനന്തപുരം നഗരസഭയിലും ആറ്റിങ്ങൽ നഗരസഭയിലും WBNP (Wheat Based Nutrition Programme) പദ്ധതി പ്രകാരം സിവിൽ സപ്ലൈസ് വഴി സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് ഇറക്കുന്ന അരിയുടെ ഗുണമേന്മയെ സംബന്ധിച്ചും പരാതികൾ ഉണ്ടായിട്ടുണ്ട്.

### 3.3.14 അങ്കണവാടികൾ നടത്തുന്ന മറ്റ് ശിശുക്ഷേമ പദ്ധതികൾ

പൂരക പോഷകാഹാര പദ്ധതി, ടി.എച്ച്.ആർ.എസ്. എന്നിവയ്ക്ക് പുറമെ മറ്റ് ശിശുക്ഷേമ പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്നുണ്ട്. അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ, മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, ധാന്യസംഭരണി, പ്രഷർകുക്കർ, അടുക്കള ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള പദ്ധതികൾ, ഗ്യാസ് കണക്ഷൻ, വൈദ്യുതി കണക്ഷൻ, അങ്കണവാടി കെട്ടിട നിർമ്മാണം, അങ്കണവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും

ഉള്ള അധിക വേതനം, കെട്ടിടത്തിന്റെ അധിക വാടക, തുടങ്ങി പല ശിശുക്ഷേമ പദ്ധതികളും അങ്കണവാടികൾ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്നുണ്ട്. 2009-10, 2010-11 എന്നീ വർഷങ്ങളിൽ പരിശോധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശിശുക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികളും അവയുടെ ചെലവും അനുബന്ധം 13-ൽ ചേർക്കുന്നു.

## തിരുവല്ല മാതൃക

തിരുവല്ല നഗരസഭയിലെ അങ്കണവാടികൾ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ശിശുക്കൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണം, THRS പദ്ധതി എന്നിവ ഫലപ്രദമായി നടത്തി വരുന്നു. പോഷകാഹാര വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലി സ്റ്റോറിൽ നിന്നും വാങ്ങുന്നു. THRS പദ്ധതിക്കാവശ്യമായ ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റുകളിൽ നിന്നുമാണ് വാങ്ങുന്നത്. ഭക്ഷണസാധനങ്ങൾ, നഗരസഭയിൽ നിന്നും ലഭിച്ച ധാന്യസംഭരണികളിൽ സൂക്ഷിക്കുകയും ഭക്ഷണസാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥ നിശ്ചിത ഇടവേളകളിൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. അങ്കണവാടി വെൽഫെയർ കമ്മിറ്റികളും അമ്മമാരുടെ മീറ്റിംഗുകളും കൃത്യമായി ചേരുന്നതായും ക്രിയാത്മകമായ ചർച്ചകൾ നടക്കുന്നതായും മിനിട്സ് ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടികളിൽ സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. അങ്കണവാടികളും പരിസരവും ശുചിയായി സൂക്ഷിക്കുന്നതായും പരിശോധനയിൽ വ്യക്തമായി.

ഇപ്രകാരം മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥയും അവർക്ക് പിന്തുണ നൽകുന്ന അങ്കണവാടി പ്രവർത്തകരും വാർഡ് കൗൺസിലർമാരും ഉദ്യോഗസ്ഥരും പ്രശംസ അർഹിക്കുന്നു. ഐ.സി.ഡി.എസ്. പദ്ധതി നടത്തിപ്പിന് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരുവല്ല നഗരസഭയെ മാതൃകയാക്കാവുന്നതാണ്.

## 3.3.15 നിഗമനങ്ങൾ

6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുവാൻ അങ്കണവാടി മുഖേനയുള്ള പോഷകാഹാര വിതരണത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യ വികസനം പൂർണ്ണരീതിയിൽ നടപ്പാക്കാൻ സാധിക്കാത്തതുമൂലം അങ്കണവാടി പ്രവർത്തനങ്ങളിൽ പ്രതീക്ഷിക്കുന്നത്ര ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ല. അങ്കണവാടികളിൽ കുട്ടികളുടെ സാന്നിദ്ധ്യം

കുറയുന്നതായി കാണുന്നു. സ്വകാര്യമേഖലയിൽ ഉയർന്നുവരുന്ന നഴ്സറി സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും അങ്കണവാടികളിലെ അടിസ്ഥാന സൗകര്യത്തിന്റെ കുറവും കുട്ടികളെ അങ്കണവാടികളിൽ അയയ്ക്കുന്നതിൽ നിന്നും രക്ഷിതാക്കളെ പിന്തിരിപ്പിക്കുന്നു. എല്ലാ അങ്കണവാടികളിലും മാനസിക ഉല്ലാസത്തിനും ശാരീരിക ഉല്ലാസത്തിനുമുള്ള കളിപ്പാട്ടങ്ങൾ, വിശ്രമസൗകര്യം, ബേബി ഫ്രെണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയവ ലഭ്യമല്ല.

കൂടാതെ പദ്ധതികൾക്ക് അംഗീകാരം കിട്ടാൻ താമസം വരുന്നതുമൂലം പലപ്പോഴും സാമ്പത്തിക വർഷാവസാനത്തിലാണ് ധൃതഗതിയിൽ പദ്ധതികൾ നടപ്പാക്കുന്നത്.

വളരെ ചെറിയ കുട്ടികൾ 5-6 മണിക്കൂർ ചെലവഴിക്കുന്ന അങ്കണവാടികളിൽ സുരക്ഷിതമായ പാചകസൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടില്ല. പല അങ്കണവാടികളിലും സ്ഥലപരിമിതിമൂലം പാചകസമയങ്ങളിൽ കുട്ടികൾക്ക് പുകശല്യം അനുഭവപ്പെടുന്നതായി അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. കുട്ടികൾക്ക് ആരോഗ്യകരവും സുരക്ഷിതവുമായ ചുറ്റുപാട് ലഭ്യമാക്കുന്നതിൽ അധികാരികളുടെ ശ്രദ്ധ ഉണ്ടാകുന്നില്ല.

**പ്രധാന നിഗമനങ്ങൾ താഴെ ചേർക്കുന്നു:**

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് അങ്കണവാടികൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്.
2. റവന്യൂ ഭൂമിയുൾപ്പെടെയുള്ള സ്ഥലസൗകര്യങ്ങൾ കണ്ടെത്തി സ്വന്തം കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു.
3. അങ്കണവാടികളിലെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടു.
4. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയിൽ വീർപ്പുമുട്ടുമ്പോഴും ലഭിച്ച കേന്ദ്ര സഹായം വിനിയോഗിക്കുവാനാവുന്നില്ല.
5. ഭക്ഷ്യധാന്യങ്ങളുടെ വാങ്ങൽ, സംഭരണം, സൂക്ഷിപ്പ് തുടങ്ങിയ നടപടികൾ മോണിറ്റർ ചെയ്യുന്നില്ല.
6. വെൽഫെയർ കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
7. പ്രീ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന രീതിയിൽ ശിശുക്ഷേമ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാനായില്ല.
8. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനായിട്ടില്ല.

9. കാലാകാലങ്ങളിൽ ശിശുക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഭീമമായ തുകകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ടെങ്കിലും അവ വേണ്ട രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.

10. ഭക്ഷ്യമിശ്രിതത്തിന്റെയും വിതരണം ചെയ്യുന്ന പോഷകാഹാരത്തിന്റെയും ഗുണമേന്മ പരിശോധിക്കുന്നതിന് ഫലപ്രദമായ സംവിധാനങ്ങളില്ല.

## 3.3.16 ശിപാർശകൾ

1. ശിശുക്ഷേമ പദ്ധതികളുടെ നടത്തിപ്പും അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സാമൂഹ്യക്ഷേമ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി സംവിധാനം ഏർപ്പെടുത്തുക. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളെപ്പറ്റി ഡേറ്റാശേഖരണം നടത്തുക.

2. അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ 12-ാം പദ്ധതി കാലയളവിൽ വികസന ഫണ്ടിൽ നിന്നും സംരക്ഷണ ഗ്രാന്റിൽ (നോൺ റോഡ്) നിന്നും നിശ്ചിത ശതമാനം നിർബന്ധ വകയിരുത്തൽ നടത്താൻ (പൂരക പോഷകാഹാരത്തിന് പുറമേ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുക.

3. ഓരോ അങ്കണവാടിയിലും തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കേണ്ട മിനിമം അടിസ്ഥാന സൗകര്യങ്ങൾക്ക് മാർഗ്ഗരേഖ തയ്യാറാക്കുക. അങ്കണവാടി കെട്ടിടങ്ങൾക്ക് മാതൃകാ പ്ലാൻ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.

4. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകണമെന്ന നിർദ്ദേശം നടപ്പാക്കിയത് സംബന്ധിച്ച് എല്ലാ വർഷവും ജൂൺ ആദ്യവാരത്തിൽ ജില്ലാതലത്തിൽ അവലോകനം ചെയ്യുകയും വീഴ്ച വരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപന അധികാരിക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുക.

5. അങ്കണവാടി വെൽഫെയർ കമ്മിറ്റി കാര്യക്ഷമമാക്കുന്നതിന് പ്രോജക്ട് തലത്തിൽ വെൽഫെയർ കമ്മിറ്റി അംഗങ്ങൾക്ക് പരിശീലനം നൽകുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്ഷേമകാര്യ സ്ഥിരം സമിതി അംഗങ്ങൾക്ക് ശിശുക്ഷേമ പദ്ധതികളെപ്പറ്റി പ്രത്യേക പരിശീലനം നൽകുക.

6. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വികസന ഫണ്ട് നേരിട്ട് ചെലവഴിക്കുന്നതിനും വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനും പ്രത്യേകാനുമതി നൽകുക.

7. അങ്കണവാടി കുട്ടികൾക്ക് യൂണിഫോറം, വാഹന സൗകര്യം, കമ്പ്യൂട്ടർ ഗെയിമുകൾ, ആകർഷകമായ ക്ലാസ്സ് മുറികൾ തുടങ്ങിയവ ഏർപ്പെടുത്തി സ്വകാര്യ നഴ്സറി സ്കൂളുകളുമായി മത്സരിച്ച് നിൽക്കാൻ അങ്കണവാടികളെ പ്രാപ്തമാക്കുക.

8. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രഥമ ശുശ്രൂഷയിൽ പരിശീലനം നൽകുകയും ശുശ്രൂഷാകിറ്റുകൾ ലഭ്യമാക്കുകയും ചെയ്യുക.

9. അങ്കണവാടികളിൽ പോഷകാഹാരങ്ങളുടെ സംഭരണത്തിനും വിതരണത്തിനും സർക്കാർ ഏജൻസി രൂപവൽക്കരിക്കുക. ഗുണമേന്മാ പരിശോധനയ്ക്ക് ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

10. ശിശുക്ഷേമ മേഖലയിൽ മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവാർഡുകൾ ഏർപ്പെടുത്തുക.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമാഹൃത റിപ്പോർട്ട് വർഷം (2011-12) ഓ.ഖ.നമ്പർ 3.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

കേരളത്തിന്റെ ശോഭനമായ ഭാവിക്ക് അടിത്തറയായി അങ്കണവാടികൾ സുശക്തവും ശാസ്ത്രീയവുമായ പ്രവർത്തനത്തിലൂടെ വർത്തിക്കേണ്ടതത് തികച്ചും അത്യാവശ്യമാണെന്ന് നിരീക്ഷിച്ച സമിതി, കുട്ടികളുടെ മാനസികോല്ലാസത്തിനുതകുംവിധമുള്ള സംവിധാനങ്ങൾ അങ്കണവാടി കെട്ടിടങ്ങൾക്കകത്തും പുറത്തും ചുറ്റുപാടുകളിലും ഉണ്ടാകണമെന്ന് അഭിപ്രായപ്പെട്ടു. 1975 മുതൽ പ്രവർത്തനമാരംഭിച്ച അങ്കണവാടികളിലെ സിലബസും മറ്റ് സംവിധാനങ്ങളുമെല്ലാം ഇപ്പോഴും ആരംഭഘട്ടത്തിലെ നിലവാരത്തിൽ തുടരുകയാണെന്നും കാലാനുസൃതമായ പരിഷ്കാരം ഈ മേഖലയിൽ അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. 1975-ലെ ഒരു കുട്ടിയുടെയും 2013-ലെ ഒരു കുട്ടിയുടെയും സാഹചര്യം തമ്മിൽ വലിയ അന്തരമുണ്ടെന്നും സമൂഹത്തിന്റെ മാറ്റം ശക്തമായി പ്രതിഫലിക്കുന്നത് കുട്ടികളിലാണെന്നാണ് ശാസ്ത്രീയ പഠനങ്ങളിൽ തെളിയുന്നതെന്നും അതിനാൽ നിലവിലെ സ്ഥിതി തുടരുന്നപക്ഷം പുതുതലമുറയുടെ ഭാവി വളരെ ദയനീയമാകുമെന്നും സുരക്ഷിതമാകില്ല

എന്നും സമിതി വിലയിരുത്തി. കുട്ടികളുടെ മനഃശാസ്ത്രവും നൈസർഗ്ഗികമായ കഴിവും അനുസരിച്ച് അവരെ പരിശീലിപ്പിക്കാൻ പ്രാപ്തരായ വർക്കർമാരും ഹെൽപ്പർമാരുമല്ല നിലവിലുള്ളതെന്നും അതിനാൽ അവർക്ക് ഇക്കാര്യത്തിൽ പ്രത്യേക പരിശീലനം നൽകേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്വമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

2. എറണാകുളം ജില്ലയിൽ അങ്കണവാടികൾക്ക് അനുവദിച്ച 3 കോടി 60 ലക്ഷം രൂപയിൽ 2 കോടി രൂപ മാത്രമാണ് ചെലവഴിച്ചതെന്നും കോഴിക്കോട് പട്ടണത്തിൽ ഒരു അങ്കണവാടി, മത്സ്യമാർക്കറ്റ് കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലാണെന്നും നിരീക്ഷിച്ച സമിതി, അങ്കണവാടികൾക്ക് സുരക്ഷിതമായ കെട്ടിടങ്ങൾ, ചുറ്റുമതിൽ, വൈദ്യുതി, വെള്ളം, ടോയ്ലറ്റ് എന്നിവ പ്രദാനം ചെയ്യുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നതെന്ന് വിലയിരുത്തുകയും ചെയ്തു. ഇക്കാര്യത്തിലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് അംഗനവാടികളുമായി ബന്ധപ്പെട്ട് പ്രധാനമായി രണ്ട് പ്രശ്നങ്ങളാണുള്ളതെന്നും അവ പശ്ചാത്തല സൗകര്യങ്ങളുടെയും കരിക്കുലം ട്രാൻസാക്ഷനുകളുടെയും പ്രശ്നമാണെന്നും ആയതിന്റെ അടിസ്ഥാന പ്രശ്നമായ ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യം പരിഹരിച്ചാൽ മാത്രമേ കരിക്കുലം പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളുവെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

3. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഭൂമി വിട്ടുകിട്ടേണ്ടതുണ്ടെന്നും പി.ഡബ്ല്യു.ഡി., റവന്യൂ വകുപ്പുകൾ ഭൂമി വിട്ടുകൊടുക്കുമ്പോൾ അങ്കണവാടികൾക്ക് മുൻഗണന നൽകണമെന്നും ഈ വിഷയം സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് ക്യാബിനറ്റിൽ സമർപ്പിച്ച് പരിഹാരം കാണാൻ ശ്രമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

4. പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ ഭൂമിയോ സർക്കാരിന്റെ അടിയന്തര ഉപയോഗത്തിന് ആവശ്യമില്ലെങ്കിൽ മുൻഗണനയനുസരിച്ച് അങ്കണവാടികൾക്ക് കൈമാറ്റം ചെയ്യാമെന്ന് 2009-ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയതിൻ പ്രകാരം പഞ്ചായത്ത് പരിധിയിൽ കണ്ടെത്തിയ ഭൂമി റവന്യൂ വകുപ്പ് പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തുകൊടുക്കാറുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചു. എല്ലാ അങ്കണവാടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊടുത്ത സ്ഥാപനങ്ങളാണെന്നും അവയുടെ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, കുടിവെള്ളം, ശിശുസൗഹാർദ്ദ ടോയ്ലറ്റ് തുടങ്ങിയവയുടെ ചെലവ് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും മെയിന്റനൻസ്, വാടക തുടങ്ങിയവ പഞ്ചായത്തിന്റെ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നുമാണ് വഹിക്കേണ്ടതെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ അങ്കണവാടികൾക്ക് മുൻഗണന

ലഭിക്കാതെ പോകുകയാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രണ്ടുവർഷം കൊണ്ട് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്ന് തീരുമാനിച്ചാൽ അതിനുള്ള ഫണ്ട് നിലവിലുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് മെയിന്റനൻസ് മാത്രം നൂറുശതമാനവും ചെലവാകുമ്പോൾ നോൺ റോഡ് മെയിന്റനൻസ് 40% മാത്രമേ ചെലവാകുന്നുള്ളു വെന്നാണ് കാണുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അങ്കണവാടികൾക്ക് കളിക്കോപ്പുകൾ വാങ്ങുന്നതിനും ശിശുസൗഹൃദ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനും കുടിവെള്ള സൗകര്യം ഒരുക്കുന്നതിനും നോൺറോഡ് ഫണ്ട് ഉപയോഗിക്കാവുന്നതാണെന്നും ഇക്കാര്യം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെട്ട കമ്മിറ്റി വിശദമായി ചർച്ചചെയ്തിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

5. അങ്കണവാടികൾ ഇപ്പോൾ അനാകർഷകമായ രീതിയിലേക്ക് മാറുകയാണെന്നും അങ്കണവാടികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിൽ പാളിച്ച വന്നിട്ടുണ്ടെന്നും പ്രീ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോകുന്ന കുട്ടികൾക്ക് ന്യൂട്രീഷൻ, ഹെൽത്ത് ചെക്കപ്പ് തുടങ്ങിയ സേവനങ്ങൾ ലഭിക്കാതെ വരുമ്പോൾ അങ്കണവാടി കുട്ടികൾക്ക് പൂരക/അനുപൂരക പോഷകാഹാരങ്ങളുടെ വിതരണം, ആരോഗ്യ പരിശോധന, പ്രതിരോധ മരുന്നുകൾ എന്നിങ്ങനെയുള്ള സേവനങ്ങൾ ലഭിക്കുന്നുണ്ടെന്നും അങ്കണവാടികളുടെ പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത് അന്തർദ്ദേശീയ വിഷയ വിദഗ്ധൻ ഉൾപ്പെടുന്ന ദേശീയ തലത്തിലുള്ള സമിതിയാണെന്നും കുട്ടികളുടെ ശാരീരിക വൈകാരിക വികാസം ചിന്തകളിലൂടെയും അനുഭവങ്ങളിലൂടെയും ആർജ്ജിക്കുന്ന ബുദ്ധിപരമായ വികാസം തുടങ്ങിയവയെ സഹായിക്കുന്ന തീം ചാർട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള പഠനമാണ് അങ്കണവാടികളിൽ നടത്തുന്നതെന്നും ഇത്തരം തീം ചാർട്ടുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പുതിയ തീം ചാർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും കുട്ടികളുടെ ആശയക്രോഡീകരണത്തിനും സ്കൂൾ വിദ്യാഭ്യാസം സുഗമമായി നടത്തുന്നതിന് കുഞ്ഞുങ്ങളെ പ്രാപ്തരാക്കാനും ഇത് സഹായകമാകുമെന്നും ഡയറക്ടർ അറിയിച്ചു. എന്നാൽ 33000 അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകാൻ കേവലം 15 അങ്കണവാടി ട്രെയിനിംഗ് സെന്ററുകൾ മാത്രമാണുള്ളതെന്നും അടിസ്ഥാനകാര്യങ്ങൾ പരിശീലിപ്പിക്കുന്നതിനായി 45 ദിവസത്തെ ട്രെയിനിംഗ് നൽകുന്നുണ്ടെന്നും ഈ മേഖലയിൽ അങ്കണവാടി വർക്കർമാരുടെ എണ്ണം വളരെ കൂടുതലാണെന്നും മാറ്റങ്ങൾ എത്തിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

6. അങ്കണവാടി കെട്ടിടങ്ങളുടെ രൂപകല്പന സംബന്ധിച്ച ചോദ്യത്തിന്, കുട്ടികൾക്ക് കളിക്കുവാനും പഠിക്കുവാനുമുള്ള സ്ഥലം, അടുക്കള, സാധനങ്ങൾ സൂക്ഷിക്കുന്ന മുറി ഉൾപ്പെടെ 600 ചതുരശ്ര അടി ഉണ്ടാകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് ഡയറക്ടർ മറുപടി നൽകി. പല പ്രീ സ്കൂളുകളിലും വെളിച്ചത്തെ ആഗിരണം ചെയ്യുന്നതും പ്രതിഫലനം

ചെയ്യാത്തതുമായ നിറങ്ങളാണ് ഉപയോഗിക്കുന്നതെന്നും കുട്ടികളെ ആകർഷിക്കാൻ കഴിയുന്ന നിറങ്ങളോടെയുള്ള ഡിസൈനിൽ കെട്ടിടങ്ങൾ രൂപ കല്പന ചെയ്യാൻ കഴിയില്ലേയെന്നും സമിതി ആരാഞ്ഞു. ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി എന്ന പദ്ധതിക്ക് സർക്കാർ രൂപം നല്കിയിട്ടുണ്ടെന്നും അതിൽ 71 അങ്കണവാടികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്നും അത്തരം അങ്കണവാടികൾ രണ്ട് നില കെട്ടിടമുള്ളവയും കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, അമ്മമാർ, പ്രായമായവർ എന്നിങ്ങനെ 4 തലമുറയിൽപ്പെട്ട ആളുകൾക്ക് ആവശ്യമായ ഇന്റർനെറ്റുൾപ്പെടെയുള്ള എല്ലാവിധ സൗകര്യങ്ങളും ഉണ്ടായിരിക്കുമെന്നും ഡയറക്ടർ മറുപടി നല്കി. മറ്റുള്ള അങ്കണവാടികൾക്കായി ലാറിബേക്കർ വിഭാവന ചെയ്ത 9 ഡിസൈനുകൾ ഉണ്ടെന്നും സ്ഥലം കുറവായ സ്ഥലത്ത് കെട്ടിടം പണിയാൻ കഴിയുന്ന ഡിസൈൻ പരിഗണനയിലുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ വിശദീകരിച്ചു. ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥാനുസൃതമായി വിവിധ ഡിസൈനിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കണമെന്നും സുരക്ഷിതത്വത്തിന് പ്രാധാന്യം നൽകണമെന്നും സമിതി നിർദ്ദേശിച്ചതിന്, തീരപ്രദേശത്തിനും മദ്ധ്യമേഖലയ്ക്കും തണുപ്പ് കൂടിയ പ്രദേശങ്ങൾക്കും യോജിക്കുന്ന ഡിസൈനുകൾ തയ്യാറാക്കാമെന്ന് സാമൂഹ്യനീതി ഡയറക്ടർ മറുപടി നല്കി. ശിശുവിഷയ വിദഗ്ധരെ ഉൾപ്പെടുത്തിയ ഒരു സമിതി ഒരു മാസത്തിനകം രൂപീകരിച്ച് വിവിധ മേഖലകൾക്കനുയോജ്യമായ ഡിസൈനുകൾ തയ്യാറാക്കാമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

7. അങ്കണവാടി കെട്ടിടങ്ങൾക്ക് പൊതുഭൂമി അനുവദിക്കുന്നതിലേക്കായി പ്രത്യേക ഉത്തരവ് ഇറക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അതിന് മന്ത്രിസഭാനുമതി വേണമെന്നുണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഇതിനെത്തുടർന്ന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് പാഴാകുന്നതിനെക്കുറിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. പ്രസ്തുത ഗ്രാന്റിന്റെ ചെലവ് സംബന്ധിച്ച കാര്യത്തിൽ പ്രഥമ പരിഗണന അങ്കണവാടികൾക്കാണെങ്കിലും ആയത് ഉപയുക്തമാകുന്നില്ല. ഓരോവർഷവും പഞ്ചായത്തുകൾക്കായി സർക്കാർ നൽകുന്ന നാലായിരം കോടിയോളം രൂപയിൽ അങ്കണവാടികൾക്കുവേണ്ടി ഒന്നും ചെയ്യാൻ സാധിക്കുന്നില്ല എന്നത് ഖേദകരമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ചൂണ്ടിക്കാട്ടി. മൊത്തം മെയിന്റനൻസ് ഗ്രാന്റിന്റെ മൂന്നിലൊന്ന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റാണെന്നും അത്രയും തുക നഷ്ടപ്പെടുത്തുന്നത് ചിന്തിക്കേണ്ട വസ്തുതയാണെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. സ്വന്തമായി കെട്ടിടമില്ലാത്ത 14000-ത്തോളം അങ്കണവാടികളുണ്ടെന്നും, പാവപ്പെട്ട കുട്ടികൾക്ക് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കണമെന്നും സർക്കാർ തലത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണം സംബന്ധിച്ച് കർശനനിർദ്ദേശം കൊടുത്താൽ മാത്രമേ പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കു എന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

8. അടുത്ത വർഷത്തെ പദ്ധതി വിഭാവന ചെയ്യുന്നതിലേക്കായി സ്ഥലം എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരെ ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതുണ്ടെന്നും പ്രസ്തുത ചർച്ചയിൽ നൽകുന്ന നിർദ്ദേശം ലംഘിക്കാൻ പാടില്ലാത്തതാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

9. സ്ത്രീകൾ, കുട്ടികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവർക്കായി നിശ്ചിത ശതമാനം തുക ചെലവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതുപോലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടിയും നിശ്ചിത ശതമാനം ഗ്രാന്റ് ചെലവാക്കണമെന്ന് നിഷ്കർഷിച്ചാൽ മാത്രമേ രണ്ടുമൂന്ന് വർഷത്തിനുള്ളിൽ എല്ലാ അങ്കണവാടികളുടെയും കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടതിന്മേൽ പഞ്ചായത്തുകൾക്ക് അതിനുള്ള കർശന നിർദ്ദേശം നല്കണമെന്ന് സമിതി നിർദ്ദേശിച്ചു.

10. ഫണ്ടിന്റെ അപര്യാപ്തതയല്ല മറിച്ച് ഫണ്ട് മാറ്റിവയ്ക്കാത്തതാണ് പ്രശ്നമെന്നും കുട്ടികൾക്ക് മൂന്ന് നേരവും ഭക്ഷണം കൊടുക്കുന്നതിന്റെ 50 ശതമാനം ഫണ്ട് കേന്ദ്രസർക്കാർ റീഇംബേഴ്സ് ചെയ്ത് സർക്കാരിന് നൽകുന്നുവെന്നും അത് അതത് പഞ്ചായത്തുകൾക്ക് തന്നെ സർക്കാർ നൽകിവരുന്നതോടൊപ്പം അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗപ്പെടുത്താൻ അനുമതിയും നല്കിയിട്ടുണ്ടെന്നും എന്നാൽ പഞ്ചായത്തുകൾ പ്രസ്തുത തുക പ്രയോജനപ്പെടുത്തുന്നില്ല എന്നതാണ് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്നും സാമൂഹ്യനീതി ഡയറക്ടർ അഭിപ്രായപ്പെട്ടു. തുടർന്ന് പൂരക പോഷകാഹാര പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടിൽ നീക്കിയിരിപ്പ് തുകയായ 1 കോടി 11 ലക്ഷം രൂപ എറണാകുളം കോർപ്പറേഷൻ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതിനെ സംബന്ധിച്ച് സമിതി ചൂണ്ടിക്കാണിക്കുകയും അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ടായിട്ടും ആയതിന് ഉപയോഗിക്കാതെ തുക മാറി ഉപയോഗിച്ചതിന്മേൽ നടപടിയെടുക്കാത്തത് ഗുരുതരമായ ക്രമക്കേടാണെന്ന് അഭിപ്രായപ്പെടുകയും ആയത് തിരുത്താൻ സ്വീകരിച്ച നടപടികൾ ആരായുകയും ചെയ്തു. കേന്ദ്ര സർക്കാർ നൽകുന്ന ഫണ്ട് അംഗനവാടികൾ ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തുന്നതായും കൊല്ലത്തും എറണാകുളത്തും തുക ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിച്ച സാഹചര്യമുണ്ടായതായും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നല്കി.

11. ഓഡിറ്റ് ഖണ്ഡികയിലെ പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഹെൽപ്പർ തസ്തികയിൽ സ്ഥിരം നിയമനം നടത്തേണ്ടത് സി. ഡി. പി. ഒ.ആണെന്നും 4 ഹെൽപ്പർ തസ്തികയുള്ള വെളിയം ഗ്രാമപഞ്ചായത്തിൽ താല്ക്കാലികമായി ഹെൽപ്പറെ നിയമിച്ചിട്ടുണ്ടെന്നും കുണ്ടറ ഗ്രാമപഞ്ചായത്തിൽ ഒരു താല്ക്കാലിക ഹെൽപ്പറെ നിയമിച്ചിട്ടുണ്ടെന്നും അവിടെ നിലവിൽ ഒഴിവില്ലെന്നും കൊല്ലം എ. ഡി. പി. മറുപടി നല്കി.

സെലക്ഷൻ ലിസ്റ്റ് ഉണ്ടാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് സംവരണക്രമം പാലിക്കാൻ കഴിയാത്തതുമൂലം 2010-ലെ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്ത് പുതിയ ലിസ്റ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നും ആയതിലേക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സി. ഡി. പി. ഒ. കൺവീനറായും പഞ്ചായത്ത് നിർദ്ദേശിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർ അംഗീകരിച്ച് കൊടുക്കുന്ന 5 പൊതുപ്രവർത്തകർ അംഗങ്ങളായും ഉള്ള സമിതി രൂപീകരിക്കണമെന്നും ഇത്തരം കമ്മിറ്റികൾ നിലവിൽ എല്ലായിടത്തും വന്നിട്ടുണ്ടാകുമെന്നും ഹൈക്കോടതി സ്റ്റേ അനുവദിച്ചതുമൂലം താല്ക്കാലിക നിയമനം ലഭിച്ചവർ സർവ്വീസിലുണ്ടെങ്കിലും നിലവിൽ നിയമനം നടത്തുന്നതിന് യാതൊരു തടസ്സവുമില്ലായെന്നും സാമൂഹ്യനീതി ഡയറക്ടർ വിശദീകരിച്ചു. എന്നാൽ എല്ലായിടത്തും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടാകും എന്ന മറുപടി വകുപ്പിന്റെ ഭാഗത്തുനിന്നും ഈ വിഷയം സംബന്ധിച്ച് വ്യക്തതയില്ലാത്തതിന്റെ ഉദാഹരണമായി ചൂണ്ടിക്കാട്ടിയ സമിതി എവിടെയെല്ലാം സമിതി രൂപീകരിച്ചുവെന്നും, ബാക്കി രൂപീകരിക്കേണ്ടതെവിടെയെല്ലാമെന്നും ആയതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും ജില്ല തിരിച്ച് കണക്കെടുക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും ആരാഞ്ഞു. ഓരോന്നും വിലയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ച സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമിതികൾ രൂപീകരിച്ചതിന്റെ ഉദാഹരണങ്ങൾ എടുത്തുപറഞ്ഞു. കേസിന്റെ സ്റ്റേ മാറ്റുന്നതിനെക്കുറിച്ചും നിലവിലുള്ള കേസിന്റെ എണ്ണം സംബന്ധിച്ചും സമിതി കൂടണമെന്ന നിർദ്ദേശം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് നല്കിയിട്ടുള്ളകാര്യവും പൊതുപ്രവർത്തകരായ 5 പേരെ തെരഞ്ഞെടുക്കുന്നതിനാണ് കാലതാമസം നേരിടുന്നതെന്ന വസ്തുതയും വ്യക്തമാക്കി. പഞ്ചായത്താണോ 5 പൊതുപ്രവർത്തകരെ നിർദ്ദേശിക്കുന്നതെന്നും എങ്കിൽ ഓരോ പഞ്ചായത്തിലും ഭരണസമിതി നിയന്ത്രിക്കുന്ന 5 പൊതുപ്രവർത്തകർ മാത്രമല്ലേ ഉൾപ്പെടുകയുള്ളുവെന്നും സമിതി ചൂണ്ടിക്കാട്ടിയതിന് പഞ്ചായത്ത് നിർദ്ദേശിക്കുന്ന പാനൽ അംഗീകരിക്കേണ്ടത് ജില്ലാ സാമൂഹ്യനീതി ഓഫീസറാണ് എന്ന് ഡയറക്ടർ മറുപടി നല്കി. പാനലിന് പുറത്തുനിന്നുള്ള ആളുകളെ നിയമിക്കാൻ വ്യവസ്ഥയുണ്ടോയെന്നും ഇത് സംബന്ധിച്ച് സർക്കുലർ ഉണ്ടോയെന്നുമുള്ള സമിതിയുടെ തുടർചോദ്യത്തിന് സമിതി നിലവിൽ വന്നതു സംബന്ധിച്ച ജി. ഒ. ഇറക്കിയിട്ടുണ്ട് എന്നും പ്രസ്തുത ഉത്തരവ് സമിതിക്ക് ലഭ്യമാക്കാമെന്നും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ മറുപടി നൽകി.

12. നിയമാനുസൃതമായി സമിതി ചേരണമെന്നും സെലക്ഷൻ ലിസ്റ്റുണ്ടാക്കി സ്ഥിരനിയമനം വേണമെന്നും താല്ക്കാലിക നിയമനം പ്രോത്സാഹിപ്പിക്കരുതെന്നും അത്തരത്തിലുള്ളവർക്ക് ട്രെയിനിംഗ് നൽകാൻ കഴിയില്ലെന്നും ഡിസംബർ 15-നകം നടപടിക്രമങ്ങൾ പൂർത്തിയാക്കി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കണമെന്നും സമിതി കർശന നിർദ്ദേശം നൽകുകയുണ്ടായി. സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകാമെന്ന് സാമൂഹ്യ നീതി ഡയറക്ടർ ഉറപ്പുനൽകി.

13. സ്വന്തമായി ഭൂമി ഉണ്ടായിട്ടും കെട്ടിട നിർമ്മാണം നടത്താതെ വാടക കെട്ടിടത്തിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നത് ഗുരുതരമായ പ്രശ്നമാണെന്നും ഓഡിറ്റ് പരിശോധിച്ച 81 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 44.26%-ഉം പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണെന്നും നിരീക്ഷിച്ച സമിതി മാതൃകാ അങ്കണവാടികളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ആരാഞ്ഞു. മാതൃകാ അങ്കണവാടികൾക്ക് കുറഞ്ഞത് 10 സെന്റ് ഭൂമിയെങ്കിലും ആവശ്യമാണെന്നും സ്ഥലം ലഭിച്ച അങ്കണവാടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരത്ത് 4 മാതൃകാ അങ്കണവാടികളുടെ പണി ആരംഭിച്ചിട്ടുണ്ടെന്നും 10 സെന്റിൽ ഇളവ് വരുത്താൻ സാധിക്കില്ലെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മറുപടി നൽകി.

14. അങ്കണവാടികൾക്ക് പഞ്ചായത്തുകൾ സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് നൽകുക എന്നത് പ്രായോഗികമല്ല എന്ന് അഭിപ്രായപ്പെട്ട സമിതി, സർക്കാരിന്റെയും ജലസേചന വകുപ്പിന്റേതുമായി ഏറെ പുറമ്പോക്ക് ഭൂമി ഉണ്ടെന്നും അവ ഏറ്റെടുത്ത് എം.എൽ.എ./എം.പി.ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കാവുന്നതാണെന്നും ജനപ്രതിനിധികൾ അത്തരം ഭൂമി ചൂണ്ടിക്കാണിച്ചാൽ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി അങ്കണവാടികൾക്ക് മുൻഗണന നല്കി ചെയ്യാവുന്നതാണെന്നും വിലയിരുത്തി. സ്വന്തമായി ഭൂമി ഉണ്ടായിട്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ സ്ഥലം, കെട്ടിട നിർമ്മാണം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് ഫണ്ട് ഉപയോഗിക്കാമെന്ന സർക്കുലറിന് വിരുദ്ധമായി ഫണ്ട് വിനിയോഗിക്കാതെ കൈവശം സൂക്ഷിക്കുന്ന പഞ്ചായത്തുകളുടെയും ലിസ്റ്റ് തയ്യാറാക്കി ഇതിന് പരിഹാരം കാണണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ആയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ താഴെപ്പറയുന്ന വിവരങ്ങൾ സമിതി മുമ്പാകെ വെളിപ്പെടുത്തി:

| | |
|---|---|
| സ്വന്തമായി കെട്ടിടമുള്ളവ— | 156 |
| സ്വന്തമായി ഭൂമിയുള്ളവ— | 125 |
| സ്വന്തമായി ചുറ്റുമതിലില്ലാത്തവ— | 99 |
| വൈദ്യുതി കണക്ഷനുള്ളവ— | 112 |
| ബേബി ഫ്രണ്ട്ലി ടോയ്ലെറ്റുള്ളവ— | 22 |
| ജനറൽ ടോയ്ലെറ്റുള്ളവ— | 127 |
| കുടിവെള്ള സൗകര്യമുള്ളവ— | 107 |

15. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കാൻ സമിതി ആവശ്യപ്പെട്ടു:

(1) സ്വന്തമായി ഭൂമിയുണ്ടായിട്ടും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ലിസ്റ്റ് ലഭ്യമാക്കുക.

(2) സ്ഥലം, കെട്ടിട നിർമ്മാണം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കേന്ദ്രഗവൺമെന്റ് ഫണ്ട് ഉപയോഗിക്കാമെന്ന സർക്കാർ നിലവിലിരിക്കെ അങ്കണവാടികളുടെ പ്രസ്തുത ആവശ്യങ്ങൾക്ക് ടി ഫണ്ട് ഉപയോഗിക്കാതെ കൈവശം സൂക്ഷിക്കുന്ന പഞ്ചായത്തുകളുടെ പേരുവിവരം നൽകുക.

(3) സ്വന്തമായി ഭൂമിവാങ്ങി കെട്ടിടം നിർമ്മിക്കുവാൻ അനുവാദവും ഫണ്ടും ലഭ്യമായിട്ടും ആയത് വിനിയോഗിക്കാത്ത പഞ്ചായത്തുകളുടെ പേരുവിവരം നൽകുക.

(4) നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ ആവശ്യമായ തുക ലഭ്യമായിട്ടും അങ്കണവാടികളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത പഞ്ചായത്തുകളുടെ ലിസ്റ്റ് തയ്യാറാക്കി നൽകുക.

16. സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാൻ സാധിക്കാത്തത് ഫണ്ട് ഇല്ലാത്തതുകൊണ്ടാണോയെന്നും ചടയമംഗലത്തെ ഏത് പഞ്ചായത്തിലാണ് സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്തതെന്നും സമിതി ആരാഞ്ഞതിന് ചടയമംഗലം ബ്ലോക്കിൽ ഇത്തരത്തിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാത്ത അങ്കണവാടികൾ ഇപ്പോൾ ഇല്ല എന്നും ഓഡിറ്റിന്റെ പരിശോധനാവേളയിൽ വെളിനല്ലൂർ പഞ്ചായത്തിലെ അങ്കണവാടികൾക്ക് സ്ഥലമുണ്ടായിട്ടും കെട്ടിടം ഇല്ലാത്ത അവസ്ഥയുണ്ടായിരുന്നുവെന്നും ഇപ്പോൾ പണി തുടങ്ങിയിട്ടുണ്ടെന്നും മറ്റുസ്ഥലവും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

17. പൂതക്കുളം, വെളിയം ഗ്രാമപഞ്ചായത്തുകൾക്ക് സ്ഥലമുണ്ടായിട്ടും അങ്കണവാടികൾക്ക് കെട്ടിടമായില്ലെന്നും സ്ഥലമുണ്ടായിട്ടും കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്താത്തതെന്തുകൊണ്ടെന്നും സമിതി ആരാഞ്ഞതിന് അടിസ്ഥാന സൗകര്യ വികസന ഫണ്ടിന്റെ വിനിയോഗം നിശ്ചയിക്കുമ്പോൾ അങ്കണവാടികൾക്ക് മുൻഗണന നൽകാത്തതുമൂലം സംഭവിച്ചതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു. സ്വന്തമായി ഭൂമിയുള്ള സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും സർക്കാർ നൽകുന്ന ഫണ്ട് മുൻഗണനാക്രമത്തിൽ അങ്കണവാടികൾക്കുവേണ്ടി ഉപയോഗിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

18. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നൽകുന്ന ഫണ്ട് മറ്റ് കാര്യങ്ങൾക്കുപയോഗിക്കുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് വിലയിരുത്തിയ സമിതി ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാടകയ്ക്കെടുക്കുന്ന കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വേണമെന്നാണ് അനുശാസിക്കുന്നതെങ്കിലും വാടകയ്ക്കായി അനുവദിക്കുന്ന തുക പ്രതിമാസം 200 രൂപയാണെന്നും പ്രസ്തുത തുക അപര്യാപ്തമാണെന്നും അതിൽ കൂടുതൽ നല്കേണ്ടിവരുന്ന തുക നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും എടുക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചു. വൈദ്യുതി, കുടിവെള്ളം, ടോയ്ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുള്ള കെട്ടിടം 200 രൂപ വാടകയ്ക്ക് ലഭിക്കുക എന്നത് പ്രായോഗികമല്ലെന്ന് സമിതി നിരീക്ഷിച്ചു. മിക്കസ്ഥലങ്ങളിലും പൊതുജനങ്ങൾ ചേർന്ന് അങ്കണവാടികൾ നടത്താൻ തീരുമാനിക്കുകയാണെന്നും കോട്ടയം ജില്ലയിലെ മീനടം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിടത്തിന്റെ 200 രൂപയിൽ കൂടുതൽ വരുന്ന വാടകത്തുക ഹെൽപ്പർമാരും വർക്കർമാരും കുട്ടികളുടെ രക്ഷിതാക്കളും കൂടി പിരിച്ചെടുത്താണ് നൽകുന്നതെന്ന വസ്തുതയും ചൂണ്ടിക്കാട്ടിയ സമിതി ഇത്തരത്തിൽ കൂടുതൽ കാലം മുന്നോട്ട് പോകാനാകില്ലെന്ന് അഭിപ്രായപ്പെട്ടു. വാടകയിനത്തിൽ 200 രൂപയെന്നത് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധിയാണെന്നും അതിനുമുകളിൽ വരുന്ന തുക പഞ്ചായത്തിന് നൽകാമെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. മേൽ പരാമർശിച്ചിട്ടുള്ള പഞ്ചായത്തിന്റെ പ്രശ്നം ഇപ്പോൾ പരിഹരിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി. അങ്കണവാടി കെട്ടിടങ്ങൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധിയിൽ കൂടുതൽ വാടകയിനത്തിൽ നല്കേണ്ടിവന്നാൽ ആയത് നൽകുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും അപ്രകാരം ചെയ്യാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഉറപ്പുനൽകുകയും ചെയ്തു.

19. അങ്കണവാടികളിൽ കുട്ടികൾക്കായി ടോയ്ലെറ്റും കുടിവെള്ള സംഭരണിയും നിർമ്മിക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമായി വ്യക്തമാക്കി പ്രത്യേക ഉത്തരവ് നൽകണമെന്നും കുട്ടികൾ പ്രാഥമികാവശ്യത്തിനായി അയൽ വീടുകളെ ആശ്രയിക്കുന്നത് സുരക്ഷിതമല്ലെന്നും സമിതി അഭിപ്രായപ്പെട്ടതിന്മേൽ അങ്ങനെ ഉത്തരവ് നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ബഹു. സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ കെട്ടിടമുള്ള എല്ലാ അങ്കണവാടികൾക്കും ടോയ്ലെറ്റ്, കുടിവെള്ളം എന്നീ സൗകര്യം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നെന്നും ഈ വർഷം തന്നെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ശുചിത്വ മിഷനുമായി

ചേർന്ന് എല്ലാ അങ്കണവാടികൾക്കും ബേബി ഫ്രെണ്ട്ലി ടോയ്‌ലെറ്റുകൾ നിർമ്മിക്കുമെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചു. എന്നാൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം വാട്ടർ അതോറിറ്റിക്കാണ് നൽകിയിരുന്നതെന്നും അവരുടെ ഭാഗത്തുനിന്ന് നാളിതുവരെ അനുകൂലമായ നടപടികൾ ഉണ്ടായിട്ടില്ലെന്നും സാമൂഹ്യനീതി ഡയറക്ടർ കൂട്ടിച്ചേർത്തു. വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ വാട്ടർ അതോറിറ്റി കുടിവെള്ളമെത്തിക്കുന്നുള്ളുവെന്നും അവിടങ്ങളിൽപോലും കുടിവെള്ളം ലഭ്യമാക്കുന്നില്ല എന്നും നിരീക്ഷിച്ച സമിതി വാട്ടർ അതോറിറ്റിയെക്കാൾ ജനകീയ സമിതികൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുമെന്ന് അഭിപ്രായപ്പെട്ടു. തദവസരത്തിൽ പഞ്ചായത്തുകളുടെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട് എന്നീ ഫണ്ടുകളിൽ ഏതിൽ നിന്ന് വേണമെങ്കിലും ഇതിനായി തുക വിനിയോഗിക്കാമെന്ന് സാമൂഹ്യനീതി ഡയറക്ടർ സൂചിപ്പിച്ചു.

20. അങ്കണവാടികളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ യെന്ന സമിതിയുടെ ചോദ്യത്തിന് എല്ലാമാസവും കുട്ടികളുടെ കണക്കെടുപ്പ് നടത്തുന്നുണ്ടെന്നും ഒരു അങ്കണവാടിയിലെ കുട്ടികളുടെ ശരാശരി എണ്ണം 18 ആണെന്നും ഇതിൽ ഏറ്റക്കുറച്ചിലുണ്ടാകാമെന്നും അങ്കണവാടികൾ ആകർഷകമല്ലാതായിക്കൊണ്ടിരിക്ക യാണെന്നും പ്രൈവറ്റ് പ്രീ സ്കൂളിലേതുപോലെ മികച്ച അടിസ്ഥാന സൗകര്യം ഉണ്ടാക്കുകയും കരിക്കുലം പരിഷ്കരിക്കുകയും ചെയ്യണമെന്നും അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ വിശദീകരിച്ചു. അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും നല്ലരീതിയിൽ പ്രവർത്തിച്ചിട്ടും കുട്ടികൾ അങ്കണവാടിയിൽ പോകുന്നത് മോശമാണെന്ന ചിന്താഗതി വീട്ടമ്മമാർക്കുണ്ടെന്നും അതിന്റെ ഫലമായി പരിസരത്തുള്ള കുട്ടികൾ പോലും മറ്റ് സ്വകാര്യ പ്രീ സ്കൂളുകളിലാണ് പോകുന്നതെന്നും ഇക്കാര്യത്തിൽ ബോധവൽക്കരണം വേണമെന്നും സമിതി നിർദ്ദേശിച്ചു.

21. അങ്കണവാടികളിൽ വെൽഫെയർ കമ്മിറ്റിയുണ്ടെന്നും പ്രവേശനോൽസവവും പ്രചാരണവും നടത്തുന്നുണ്ടെങ്കിലും സൗജന്യ സേവനങ്ങൾ കുറഞ്ഞതാണെന്ന ചിന്തയും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വിദ്യാഭ്യാസപരമായി മുന്നിലാണെന്ന തെറ്റിദ്ധാരണയും അങ്കണവാടികളിലെ ആകർഷകമല്ലാത്ത പൊതുപശ്ചാത്തലങ്ങളുമാണ് അങ്കണവാടികളിൽ കുട്ടികൾ കുറയുന്നതിന്റെ കാരണമെന്നും മത്സരാധിഷ്ഠിതമായ ഒരു പരിതസ്ഥിതിയിൽ മത്സരിച്ചുകൊണ്ട് മാത്രമേ അങ്കണവാടികൾക്ക് നിലനിൽക്കാൻ കഴിയുകയുള്ളുവെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത അഭിപ്രായത്തോട് യോജിച്ച സമിതി നാട്ടിൻപുറങ്ങളിൽപോലും സ്വകാര്യ പ്രീ പ്രൈമറി സ്കൂളുകളിൽ കുട്ടികളെ അയയ്ക്കാനാണ് മാതാപിതാക്കൾ താല്പര്യപ്പെടുന്നതെന്ന് ചൂണ്ടിക്കാട്ടി. എന്നാൽ ആ

താല്പര്യത്തിന് അർത്ഥമില്ലെന്നും ഇമ്മ്യൂണൈസേഷൻ, ഹെൽത്ത് ചെക്കപ്പ് തുടങ്ങി അങ്കണവാടികളിലെ കുട്ടികൾക്ക് ലഭിക്കുന്ന യാതൊരു സേവനവും മറ്റു പ്രീ സ്കൂളുകളിൽ പോകുന്ന കുട്ടികൾക്ക് ലഭിക്കുന്നില്ലെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചു. പ്ലേസ്കൂളുകൾക്കും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്കും കിട്ടുന്ന ശ്രദ്ധയും മേൽനോട്ടവും പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന അങ്കണവാടികൾക്ക് ലഭിക്കുന്നില്ലായെന്ന് വിലയിരുത്തിയ സമിതി അതിനായി പാഠ്യ-പശ്ചാത്തല സൗകര്യങ്ങൾ കുട്ടികളെ ആകർഷിക്കുന്ന തരത്തിലാക്കുന്നതിന് പ്രത്യേക പദ്ധതിയുണ്ടാക്കുന്നതിനും തുടർപരിശോധന നടത്തുന്നതിനായി സംസ്ഥാനതലത്തിൽ പ്രത്യേക ഉപദേശകസമിതി ബോർഡ് രൂപീകരിക്കുന്നതിനും നിർദ്ദേശിക്കുകയും ചെയ്തു. ആയതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഉറപ്പുനൽകി.

22. സംസ്ഥാനത്തെ ഓരോ വാർഡിലും ഒരു അങ്കണവാടി എന്ന ആശയം നടപ്പിലാക്കിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് എല്ലാ വാർഡുകളിലും അങ്കണവാടി എന്നതല്ല മറിച്ച് 600 മുതൽ 800 വരെ ജനസംഖ്യയുള്ള സ്ഥലങ്ങളിൽ ഒരു അങ്കണവാടി എന്നുള്ളതാണെന്നും അപ്പോൾ എല്ലാ വാർഡുകളിലും അങ്കണവാടി യുണ്ടാകണമെന്നില്ലെന്നും സുപ്രീം കോടതിവിധി പ്രകാരം 'അങ്കണവാടി ഓൺ ഡിമാന്റ്' എന്ന പുതിയ സ്കീം വന്നിട്ടുണ്ടെന്നും ആയതിൻ പ്രകാരം 40 കുട്ടികൾ ഉള്ള സ്ഥലത്ത് അങ്കണവാടിക്കായി ആവശ്യം ഉന്നയിക്കാമെന്നും അങ്ങനെ ആവശ്യപ്പെട്ടാൽ 14 ദിവസത്തിനകം കേന്ദ്ര സർക്കാറിന് റിപ്പോർട്ട് കൊടുത്താൽ അങ്കണവാടി അനുവദിക്കേണ്ടതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചു.

23. ആലപ്പുഴ നഗരസഭയിൽ അങ്കണവാടി സെന്റർ നമ്പർ 14-ന് നിർമ്മിച്ച കെട്ടിടം വളരെ കുറച്ചുകാലത്തെ ഉപയോഗത്തിനുശേഷം നിർമ്മാണത്തിലുണ്ടായ അപാകതമൂലം ഉപയോഗശൂന്യമായത് സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന്, 2004-ൽ നിർമ്മിച്ച കെട്ടിടം ആ വർഷം തന്നെ ഉപയോഗയോഗ്യമല്ലാതായെന്നും കെട്ടിടം നിർമ്മിക്കാൻ പറ്റിയ സ്ഥലത്തല്ല ആയത് നിർമ്മിച്ചതെന്നും പുന്നമടക്കായലിനോട് ചേർന്ന സ്ഥലമായതിനാൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ നടത്താൻ സാധിക്കില്ലെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സി.ഡി.പി.ഒ. മറുപടി നൽകി. ഇത്തരം ഒരു സ്ഥലം തെരഞ്ഞെടുത്തത് ആരാണെന്നും സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം നിലംപൊത്തിയതിന് ഉത്തരവാദികളാരാണെന്നുമുള്ള സമിതി തുടർ ചോദ്യമുന്നയിച്ചതിന് പ്രസ്തുത അങ്കണവാടിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ആലപ്പുഴ നഗരകാര്യ സെക്രട്ടറിയുമായി ചർച്ച ചെയ്തശേഷം ഒരാഴ്ചയ്ക്കുള്ളിൽ മറുപടി സമർപ്പിക്കാമെന്നും പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കാമെന്നും അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടർ സമിതി മുമ്പാകെ ഉറപ്പുനൽകി.

24. കെട്ടിടം നിർമ്മിക്കുന്നതിന് കഴിയാത്ത സ്ഥലങ്ങളിൽ ആയതിന് ഫണ്ട് അനുവദിക്കരുതെന്നും കെട്ടിടം നിർമ്മാണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ/ കോൺട്രാക്ടറിൽ നിന്നും നഷ്ടപരിഹാരത്തുക ഈടാക്കണമെന്നും കാര്യങ്ങൾ വ്യക്തമായി അവതരിപ്പിക്കാൻ കഴിയുന്ന വിധത്തിലായിരിക്കണം സമിതി മുമ്പാകെ ഉദ്യോഗസ്ഥർ ഹാജരാകേണ്ടതെന്നും സമിതി നിർദ്ദേശിച്ചു. സ്ഥലപരിശോധന നടത്തി അച്ചടക്കനടപടി സ്വീകരിക്കണമെങ്കിൽ അപ്രകാരവും അല്ലെങ്കിൽ കെട്ടിടം ഉപയോഗയോഗ്യമാക്കാൻ എഞ്ചിനീയറിംഗ് സംവിധാനം ഉപയോഗപ്പെടുത്താമോയെന്ന് പരിശോധിച്ചും നടപടിയെടുക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ നഗരൂർ പഞ്ചായത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം അടുത്ത ആഴ്ചതന്നെ ചോർന്നൊലിച്ച് ഉപയോഗശൂന്യമായതിനെക്കുറിച്ച് അഭിപ്രായമാരാഞ്ഞ സമിതി, ആയതിന്റെ രൂപകൽപ്പനയിലോ കരാർ പ്രവൃത്തിയിലോ കെട്ടിട നിർമ്മാണത്തിലോ തകരാറുണ്ടായതായി ബോധ്യപ്പെടുകയും അതിന് പരിഹാരം കാണുകയും ചെയ്തിട്ടുണ്ടോയെന്നും ആരാഞ്ഞു. നഗരൂർ പഞ്ചായത്തിലെ പേരൂർ കാട്ടുചന്ത അങ്കണവാടിയുടെ കെട്ടിട നിർമ്മാണം ഇപ്പോൾ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരണ സ്റ്റേജിലാണെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും അപാകതയുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനായി 2013-14-ൽ 68,000 രൂപയുടെ പ്രോജക്ട് വച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും മറുപടി നൽകി. കെട്ടിടം ഉപയോഗശൂന്യമായതും ക്രമവിരുദ്ധമായി പാറപ്പൊടി ഉപയോഗിച്ച് നിർമ്മിച്ചതുമൂലം ടി അങ്കണവാടിയുടെ തറപൊളിഞ്ഞ് കുഴിയായിരിക്കുകയാണെന്ന ഓഡിറ്റ് പരാമർശവും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആയതിന് ഉത്തരവാദികളാരെന്ന് കണ്ടെത്തി അടിയന്തരമായി നടപടി സ്വീകരിക്കാമെന്ന് പഞ്ചായത്ത് ഡയറക്ടറും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും വ്യക്തമാക്കി. ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണെന്നും അത്തരം നടപടികൾ ഭാവിയിൽ മറ്റുള്ളവർക്ക് പാഠമാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

25. ഉദ്ഘാടനം കഴിഞ്ഞതിനടുത്തമാസം മുതൽ ചോർച്ച തുടങ്ങുകയും ക്രമേണ ഉപയോഗശൂന്യമാവുകയും ചെയ്ത എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച നഗരൂർ-പേരൂർ കാട്ടുചന്ത അങ്കണവാടിയുടെ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും കെട്ടിടനിർമ്മാണത്തിൽ വീഴ്ചവരുത്തിയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

26. കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അങ്കണവാടി കെട്ടിടങ്ങൾക്ക് എല്ലാവർഷവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്ന നിർദ്ദേശം സർക്കുലറിലൂടെ നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും പ്രസ്തുത നിർദ്ദേശം എല്ലാ നഗരസഭകൾക്കും

നൽകിയിട്ടുണ്ടെന്ന് നഗരകാര്യ അസിസ്റ്റന്റ് ഡയറക്ടറും മറുപടി നൽകി. കണ്ണൂർ നഗരസഭയുടെ ഫണ്ടിനെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന് മൊത്തം 63 അങ്കണവാടി കെട്ടിടങ്ങൾ ഉള്ളതിൽ 50 എണ്ണത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ടെന്നും ബാക്കി 13 എണ്ണത്തിൽ 12 എണ്ണം വാടകക്കെട്ടിടങ്ങളാണെന്നും കണ്ണൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. കോഴിക്കോട് വലിയവളപ്പ് അങ്കണവാടി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത അങ്കണവാടി സെന്റർ നമ്പർ 11, 2013 നവംബർ 8 മുതൽ കൂടുതൽ സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതായി മറുപടി ലഭിച്ചിട്ടുള്ളതായി സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചു.

27. മലപ്പുറം പുൽപ്പറ്റ അംഗൻവാടി സെന്റർ നമ്പർ 76-ന്റെ അപകടാവസ്ഥയിലായ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി അഭിപ്രായമാരാഞ്ഞതിന് ടി പഞ്ചായത്തിൽ അനുവദിച്ച പദ്ധതികളിൽ ഭൂരിഭാഗവും പൂർത്തിയാകാത്ത അവസ്ഥയിലാണെന്നും 40 ലക്ഷത്തോളം രൂപ 2013-2014-ൽ അംഗനവാടികളുടെ ആവശ്യത്തിനായി നീക്കിവച്ചിട്ടുണ്ടെന്നും സമിതി ചൂണ്ടിക്കാണിച്ച അപാകതകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്നും ബാക്കി തുക 2014-15 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച് അപാകതകൾ പരിഹരിക്കാമെന്നാണ് അറിയിച്ചിരിക്കുന്നതെന്നും മലപ്പുറം എ.ഡി.സി. മറുപടി നൽകി. പുൽപ്പറ്റ എം.എൽ.എ. യുടെ പ്ലാൻ ഫണ്ടിൽ നിന്നും ചക്കളത്തൂർ അങ്കണവാടിക്ക് 25 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതായി സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് ചെയ്തു. പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ കുട്ടികളെ മറ്റൊരു സ്ഥലത്തേക്ക് മാറ്റണമെന്നും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ ഒരു വർഷം കൊണ്ടോ 2014-15 വർഷത്തോടെയോ പുതുക്കിപ്പണിയേണ്ടതാണെന്ന് പൊതുനിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിക്കുകയും അപ്രകാരം ചെയ്യാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തു.

28. ഉപയോഗശൂന്യമായ പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ഫർണിച്ചർ എന്നിവ ലേലം ചെയ്ത് ഫ്ളെക്സി ഫണ്ടിൽ മുതൽ കൂട്ടാൻ വെൽഫെയർ കമ്മിറ്റികൾ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന് എഞ്ചിനീയർ തന്നെ മൂല്യനിർണ്ണയം നടത്തി ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പാണ് നിർദ്ദേശം നൽകേണ്ടതെന്ന് സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചപ്പോൾ ലേലം ചെയ്യാനുള്ള പദ്ധതി നിലവിലുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. എന്നാൽ 33000 അങ്കണവാടികളുണ്ടെന്നും ആയിരത്തിൽ താഴെമാത്രമേ എഞ്ചിനീയർമാരുള്ളുവെന്നും ആയതിനാൽ പരിശോധന നടത്തി മൂല്യനിർണ്ണയം നടത്തുക പ്രയാസമാണെന്നും പ്ലാസ്റ്റിക്ക് സാധനങ്ങൾ ഒരു വർഷം കഴിഞ്ഞാൽ എഴുതിതള്ളാവുന്നതാണ് എന്നാണ് നിയമമെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചു.

29. 1996-ലാണ് അങ്കണവാടികൾ പഞ്ചായത്തിന് കൈമാറിയതെന്നും മികച്ചതും വ്യത്യസ്തവുമായ ഭക്ഷണമാണ് അങ്കണവാടികളിൽ വിതരണം ചെയ്യുന്നതെന്നും സാമൂഹ്യനീതി ഡയറക്ടർ അഭിപ്രായപ്പെട്ടു. സാമൂഹ്യനീതി വകുപ്പ് അങ്കണവാടികൾ നടത്തിക്കൊണ്ടിരുന്ന കാലത്തേക്കാൾ നല്ല ഭക്ഷണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നതെന്നും ചില അങ്കണവാടികളിൽ രാവിലെ നേന്ത്രപ്പഴം വൈകുന്നേരം പായസം, മുട്ട, പാൽ എന്നിങ്ങനെ വൈവിധ്യമാർന്ന ഭക്ഷണമാണ് നൽകുന്നതെന്നും ഇന്ത്യയിൽ മറ്റെങ്ങും ഇത്രയും മികച്ച ഭക്ഷണം നൽകുന്നില്ലായെന്ന് ഭാരത സർക്കാരിന്റെ ഒരു സംഘം സംസ്ഥാനത്ത് എത്തിയപ്പോൾ സൂചിപ്പിക്കുകയുണ്ടായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ ഇക്കാര്യത്തിൽ വിയോജിപ്പ് രേഖപ്പെടുത്തിയ സമിതി സ്ഥലത്തിനനുസൃതമായി ഭക്ഷണത്തിൽ മാറ്റം വരുത്തണമെന്നും കേരളത്തിലെ മുഴുവൻ കുട്ടികൾക്കും ഒരേ ഭക്ഷണം എന്നത് ശാസ്ത്രീയമല്ലെന്നും കുട്ടികൾക്ക് നൽകുന്ന ഭക്ഷണം ഗുണനിലവാരമുള്ളതാണോയെന്ന് പരിശോധിക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും കേരളത്തിലെ കുട്ടികൾ വിവിധ രോഗങ്ങൾക്കടിമകളായി വരുന്നതിൽ ഭക്ഷണത്തിന് വളരെ വലിയ പങ്കുണ്ടെന്നും നിർദ്ദിഷ്ട കലോറിയും പ്രോട്ടീനും ലഭിക്കുന്ന ഭക്ഷണം അങ്കണവാടികളിൽ വിതരണം ചെയ്യേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. 'അകലെയുള്ള ആഹാരം രോഗത്തിന് അടുത്തുള്ള ആഹാരം ആരോഗ്യത്തിന് ' എന്നതാണ് ഇന്നത്തെ മുദ്രാവാക്യമെന്ന് ചൂണ്ടിക്കാട്ടിയ സമിതി അങ്കണവാടികളിലെ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരം ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റപ്പെടേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു. കരിക്കലംപോലെതന്നെ പ്രധാനമാണ് കുട്ടികൾക്ക് നൽകുന്ന ഭക്ഷണമെന്നും അവ കാലാവസ്ഥയുമായും പ്രദേശവുമായും ബന്ധപ്പെട്ടതുമായിരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. സമിതിയുടെ അഭിപ്രായത്തോട് പൂർണ്ണമായ യോജിപ്പാണുള്ളതെന്നും ഇക്കാര്യം സംസ്ഥാന തലത്തിൽ ചർച്ച ചെയ്യാമെന്നും പുതിയൊരു പോഷകാഹാര നയം രൂപീകരിക്കാൻ നിർദ്ദേശം നൽകാമെന്നും പച്ചക്കറികളും ഇലക്കറികളും ഉൾപ്പെടുന്ന ഭക്ഷണ പദാർത്ഥങ്ങൾ ഉൾക്കൊള്ളിച്ച് പ്രാദേശികമായ ആഹാരരീതി തിരികെ കൊണ്ടുവരാൻ നിർദ്ദേശിക്കാമെന്നും അതോടൊപ്പം കലോറിയെക്കുറിച്ചും നിഷ്കർഷിച്ചിട്ടുണ്ടെന്നും ഇതിനുള്ള നയം ആയിക്കഴിഞ്ഞെന്നും ആയതിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചാൽ മാത്രം മതിയാകുമെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചു. കണ്ണൂരിൽ കുടുംബശ്രീ യൂണിറ്റുകൾ വിതരണം ചെയ്യുന്ന ഭക്ഷണം ശാസ്ത്രീയമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഈ മാതൃക മറ്റു ജില്ലകളിൽ വ്യാപിപ്പിച്ചാൽ കുടുംബശ്രീയെ സജീവമാക്കാനും കഴിയുമെന്നും അഭിപ്രായപ്പെട്ടു. കുട്ടികൾക്ക് വിതരണം ചെയ്യുന്ന ഭക്ഷണത്തിൽ നിശ്ചിത ന്യൂട്രിയന്റ് കണ്ടന്റ് ആവശ്യമാണെന്ന് വ്യക്തമാക്കിയ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കുടുംബശ്രീ യൂണിറ്റുകളുടെ ഭക്ഷണപദാർത്ഥങ്ങളുടെ സമാന രുചി പ്രാദേശികമായി സ്വീകാര്യമായി വരണമെന്നില്ലെന്നും ആയതിനാൽ

അക്കാര്യത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും അട്ടപ്പാടിയിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്ന ഭക്ഷണത്തിൽ ബേസ് മെറ്റീരിയലായി റാഗി ചേർത്തത് ഉദാഹരണമായി പരാമർശിച്ചുകൊണ്ട് സാമൂഹ്യനീതി ഡയറക്ടർ അഭിപ്രായപ്പെട്ടു.

30. കേന്ദ്രസർക്കാരിന്റെ പോഷകാഹാര ഫണ്ട് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന നിർദ്ദേശം കൊല്ലം, വടകര നഗരസഭകളൊഴിച്ചുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ പരിപാലിക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് ധാരാളം അക്കൗണ്ടുകൾ പഞ്ചായത്തിന് സൂക്ഷിക്കേണ്ടതായി വരുന്നുണ്ടെന്നും അവയുടെ നടപടിക്രമങ്ങളിൽ സങ്കീർണ്ണതയുണ്ടെന്നും എന്നിരുന്നാലും പുതിയ അക്കൗണ്ട് തുടങ്ങണമെന്ന സർക്കാരിന്റെ നിർദ്ദേശം പാലിക്കേണ്ടതാണെന്നും ജീവനക്കാരുടെ അഭാവം ആയതിന് ഒരു തടസ്സമാകാമെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. എന്നാൽ കൊല്ലം, വടകര നഗരസഭകൾ പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്ന സ്ഥിതിക്ക് അങ്ങനെയൊരുത്തരവ് ഉണ്ടാകുമല്ലോയെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഉത്തരവുണ്ടെന്നും അത് പാലിക്കാത്ത പ്രശ്നം മാത്രമേയുള്ളുവെന്നും അക്കൗണ്ട് സൂക്ഷിക്കാത്തതിനേക്കാൾ ഗൗരവമുള്ളത് ഫണ്ട് വിനിയോഗിക്കാത്തതാണെന്നും ഫണ്ട് പൂർണ്ണമായും ചെലവഴിക്കണമെന്ന നിർദ്ദേശം വകുപ്പ് സെക്രട്ടറി അംഗീകരിച്ചതിനാൽ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനാകുമെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ഒരു കോടി രൂപയിലധികം പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കാത്ത എറണാകുളം കോർപ്പറേഷന്റെ നടപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി തുക കുറവാണെങ്കിൽ ചെലവഴിക്കാത്തതും പൊതുഫണ്ടിൽ തുകയുള്ളപ്പോൾ ചെലവഴിക്കാത്തതും രണ്ട് വിധത്തിലാണ് വിലയിരുത്തേണ്ടതെന്നും വ്യക്തമാക്കി. ആയതിനാൽ ഫണ്ട് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കണമെന്നും അവ നിർദ്ദിഷ്ട പദ്ധതിക്ക് തന്നെ ചെലവഴിക്കണമെന്നും ആയതിന്റെ റിപ്പോർട്ട് വർഷത്തിൽ രണ്ടോ മൂന്നോ തവണകളിലായി നൽകണമെന്നും സമിതി നിർദ്ദേശിച്ചു. അപ്രകാരം നിർദ്ദേശം നൽകാമെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഉറപ്പുനൽകി.

തുടർന്ന് താഴെ പറയുന്ന വിവരങ്ങൾ നൽകുവാൻ സമിതി ആവശ്യപ്പെട്ടു:

31. ന്യൂട്രീഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ ഫണ്ട് മാറി നിക്ഷേപിച്ച് അങ്കണവാടികളുടെ മറ്റ് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച വിവരം അന്വേഷണം നടത്തി റിപ്പോർട്ട് നൽകുക.

32. അങ്കണവാടികളുടെ വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന ഫണ്ട് നിർദ്ദിഷ്ട ആവശ്യത്തിന് തന്നെ നിർബന്ധമായും ചെലവഴിക്കണമെന്നും വിനിയോഗ സർട്ടിഫിക്കറ്റ് മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചതിന്

വിനിയോഗ സർട്ടിഫിക്കറ്റിനേക്കാളുപരി ഫണ്ടിന്റെ വിനിയോഗമാണ് ആവശ്യമെന്നും ആയതിന് മോണിറ്ററിംഗ് ശക്തിപ്പെടുത്തേണ്ടതാണെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. അക്കാര്യം പ്രാവർത്തികമാക്കാനുള്ള നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്തു.

33. കുടുംബശ്രീ ഉല്പന്നമായ അമൃതം ന്യൂട്രീമിക്സ് രാസവസ്തുക്കൾ കലരാത്ത പൂർണ്ണമായും ഓർഗാനിക്കായ ഭക്ഷണമാണെന്നും ഇവയുടെ കാലാവധി 20 ദിവസമാണെന്നും എന്നാൽ പ്രസ്തുത ഉൽപ്പന്നം പരിശോധനനടത്താൻ റീജിയണൽ ഫുഡ് ലബോറട്ടറിയിലേക്ക് അയച്ച് തിരികെ ലഭിക്കാൻ രണ്ട് മാസമെടുക്കമെന്ന പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചു. കുടുംബശ്രീ യൂണിറ്റുകളുടെ അടുക്കള, സ്റ്റോർറൂം എന്നിവ വൃത്തിയുള്ള സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ആവശ്യപ്പെട്ടതിന് ആയതിന് പ്രോട്ടോക്കോൾ ഡെവലപ്പ് ചെയ്തിട്ടുണ്ടെന്ന് സാമൂഹ്യനീതി ഡയറക്ടർ ബോധിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുതന്നെ കേരളത്തിന്റെ വടക്കും തെക്കും മധ്യകേരളത്തിലുമായി മൂന്ന് ഫുഡ് ലാബുകൾ സ്ഥാപിച്ചാൽ പ്രശ്നം പരിഹരിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ലാബിനുള്ള അടിസ്ഥാന സൗകര്യമുണ്ടെന്നും അനുവാദം മാത്രം മതിയെന്നും സംസ്ഥാനതല സി.എസ്. മാരുടെ യോഗത്തിൽ ഇക്കാര്യം തീരുമാനിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

34. ഭക്ഷ്യവസ്തുക്കൾ വാങ്ങുമ്പോൾ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണെന്നും മാവേലി സ്റ്റോറിൽ നിന്നും വാങ്ങുമ്പോൾ ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പാക്കാനുള്ള സംവിധാനമുണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചതിന് അപ്രകാരം ചെയ്യാമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മറുപടി നൽകി.

35. യോഗത്തിൽ പരിഗണിച്ച ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത് കേരളത്തിലെ 81 ഗ്രാമപഞ്ചായത്തുകളിലെയും ചില മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയിലെയും അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച് മാത്രമാണെന്നും സംസ്ഥാനത്തെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അങ്കണവാടികളുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ലെന്നും സമിതി വിലയിരുത്തി. സംസ്ഥാനത്തെ പഞ്ചായത്തുകളിലെ അങ്കണവാടികളിൽ 46%-ത്തിൽ വെള്ളമില്ല 38%-ൽ ടോയ്‌ലെറ്റ് സംവിധാനമില്ല തുടങ്ങിയ എല്ലാ വിഷയങ്ങളും അടിയന്തരമായി പരിഹരിക്കേണ്ടതാണെന്നും ഇവ കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിലുള്ളവയും കാലികപ്രസക്തിയുള്ളവയുമായതിനാൽ ഉടൻ തന്നെ പരിഹരിക്കാൻ ശ്രമിച്ചാൽ പെട്ടെന്ന് ഫലപ്രാപ്തിയുണ്ടാകുന്നതാണെന്നും അഭിപ്രായപ്പെട്ട സമിതി ആയതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഹാജരായ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

347/2016.

**സമിതി നിർദ്ദേശപ്രകാരം റവന്യൂ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:**

36. 16-1-2004-ലെ 62671/യു3/2002/റവന്യൂ നമ്പർ സർക്കുലർ നിർദ്ദേശത്തിന്റെ യടിസ്ഥാനത്തിൽ അങ്കണവാടി നിർമ്മാണത്തിനായി, മറ്റ് ആവശ്യങ്ങൾക്കായി നീക്കി വച്ചിട്ടില്ലാത്തതും സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്തതുമായ റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ ആയത് അങ്കണവാടി നിർമ്മാണത്തിനായി പഞ്ചായത്തുകൾക്ക് സൗജന്യമായി കൈമാറി നൽകാൻ വ്യവസ്ഥയുണ്ട്.

37. എന്നാൽ സംസ്ഥാനത്തെ റവന്യൂ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്തും ഭൂമിയുടെ ഏറിവരുന്ന ആവശ്യകത പരിഗണിച്ചും നിലവിൽ ഭൂമി സൗജന്യമായി നൽകുന്നതിനു പകരം, സ്ഥലത്തിന്റെ ഉപയോഗാനുമതിയോ അല്ലെങ്കിൽ 27-7-2011-ലെ സ.ഉ.(എംഎസ്.) 280/2011/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പ്രതിവർഷം സെന്റൊന്നിന് 100 രൂപ നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിനോ പഞ്ചായത്തുകൾക്ക് ഭൂമി അനുവദിച്ചുവരുന്നു.

സമിതി നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

**സർക്കാർ മറുപടി**

38. അങ്കണവാടി വർക്കർ, ഹെൽപ്പർമാരുടെ റിട്ടയർമെന്റ് പ്രായം സർക്കാർ ഉത്തരവ് (Ms.) 33/2012 സാ.ക്ഷേ.വ. പ്രകാരം ഏകീകരിച്ച് എല്ലാ വർഷവും ഏപ്രിൽ 30-ന് ശേഷവും സ്ഥിരഒഴിവുകൾ ഉണ്ടാകുവാനുള്ള സാധ്യത മുന്നിൽ കണ്ട് അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികകളിലേക്കുള്ള സെലക്ഷൻ നടപടി ക്രമങ്ങൾ 2014 ഏപ്രിൽ 15-നകം പൂർത്തീകരിക്കുന്നതിനായി എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ 13-12-2013-ലെ ICDS.B4 25301/2014 നമ്പരിലെ പരിപത്രം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് എല്ലാ ICDS പ്രോജക്ടുകളിലും സെലക്ഷൻ നടപടികൾ പൂർത്തിയായി വരുന്നു. പാർലമെന്റ് ഇലക്ഷൻ പെരുമാറ്റച്ചട്ടം അവസാനിക്കുന്നമുറയ്ക്ക് സെലക്ഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണ്. അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികകളിലേക്ക് സെലക്ഷൻ നടത്തുന്നതിനായി 22-12-2012-ലെ G.O.(Ms.) No. 74/2012 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

39. ഈ വിഷയത്തിന്മേൽ ഗ്രാമവികസന കമ്മീഷണർ 5-2-2014-ലെ 1500/ഡി.പി.2/13/സി.ആർ.ഡി(2)-ാം നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള താഴെപ്പറയുന്ന വിവരങ്ങൾ ബോധിപ്പിക്കുന്നു:

40. 2006-07 വർഷത്തിൽ കിളിമാനൂർ നിയോജകമണ്ഡലം എം.എൽ.എ. ആയിരുന്ന അഡ്വ. എൻ. രാജൻ അവർകളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 2,25,000 രൂപ വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് പൂർത്തീകരിച്ച പേരൂർ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ് പരാമർശ വിഷയം. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 20-12-2013-ൽ തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർ പ്രസ്തുത അങ്കണവാടി സന്ദർശിക്കുകയുണ്ടായി. നിലവിലുള്ള കെട്ടിടം പൊതുവിൽ വളരെ കെട്ടുറപ്പുള്ളതും മേൽക്കൂര ദൃഢവും ചോർച്ച ഇല്ലാത്തതുമാണെന്നും പാരപ്പറ്റിന്റെ ചുവട്ടഭാഗത്ത് ബീഡിംഗ് പിടിപ്പിക്കാത്തത് കാരണവും ചുമർ ഭാഗത്തേക്ക് ചായ്വോടുകൂടി സിമന്റ് തേച്ചത് കാരണവും മഴക്കാലത്ത് വെള്ളം ചുമരിലൂടെയും എയർ ഹോൾ വഴിയും ഉള്ളിലേക്ക് ഒലിച്ചിറങ്ങിയിട്ടുള്ളതായി കാണാൻ കഴിഞ്ഞുവെന്നും ഇത് റൂഫിംഗിലെ ചോർച്ചയല്ലായെന്നും പരിശോധനയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ റബ്ബർ മരങ്ങൾക്കിടയിലായതിനാൽ റബ്ബർ ഇലകൾ നിറഞ്ഞ് ജല നിർഗ്ഗമനക്കുഴൽ അടഞ്ഞതു കാരണം വെള്ളം കെട്ടി നിന്നിരുന്നതായി മനസ്സിലാക്കുന്നു. ഇത് കാലക്രമത്തിൽ ചോർച്ചയ്ക്ക് കാരണമായേക്കാം. നിലവിൽ റൂഫ് ചോർച്ചയില്ലാത്തതും പ്ലാസ്റ്ററിംഗിൽ പൊട്ടലുകളോ വിള്ളലുകളോ ഇല്ലാത്തതുമാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫ്ളോറിംഗിനെ സംബന്ധിച്ചിടത്തോളം കോൺക്രീറ്റിംഗിന് കേടുപാടുകളില്ലെങ്കിലും റെഡ്ഓക്സൈഡ് ചേർത്ത് മിനുസപ്പെടുത്തിയ തറ ഇളകിയിട്ടുണ്ട്. വരാന്തയിലും ഇത്തരത്തിൽ ചില ഭാഗങ്ങളിൽ സിമന്റ് ഇളകിയിട്ടുണ്ട്. തുടർ അന്വേഷണത്തിൽ ചോർച്ചയില്ലെങ്കിൽ പോലും കെട്ടിടത്തിനുമുകളിൽ ഒരു പ്ലാസ്റ്ററിംഗ് നടത്തുന്നതിനും തറയിൽ ടൈൽ പാകുന്നതിനും ഗ്രാമപഞ്ചായത്ത് 2013-14 വാർഷിക പദ്ധതിയിൽ 80,000 രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. പാരപ്പറ്റിന് ചുവട്ടിൽ നിന്നും ബീഡിംഗ് പിടിപ്പിച്ചാൽ തീരുന്ന ചോർച്ച ഇത് എങ്ങനെയുണ്ടാകുന്നതെന്ന് നിരീക്ഷിക്കാതെ, അങ്കണവാടി ജീവനക്കാർ കെട്ടിടം അപകടാവസ്ഥയിലാണെന്നും നിർമ്മാണത്തിൽ അഴിമതി കാണിച്ചെന്നും ഉള്ള പ്രതീതി സൃഷ്ടിച്ചു എന്നാണ് സ്ഥലം സന്ദർശിച്ചതിൽ മനസ്സിലാക്കുവാൻ സാധിച്ചതെന്നും നിലവിൽ കെട്ടിടത്തിന് യാതൊരു ബലക്ഷയവും ഇല്ലായെന്നും ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കെട്ടിടത്തിന്റെ അവസ്ഥയും തമ്മിൽ യാതൊരു ബന്ധവും ഇല്ലായെന്നും ടി കെട്ടിടം സന്ദർശിച്ച് പരിശോധന നടത്തിയാൽ യാഥാർത്ഥ്യം ബോധ്യപ്പെടുന്നതാണ് എന്നും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട്

41. നഗരൂർ ഗ്രാമപഞ്ചായത്തിലെ പേരൂർ കാട്ടുചന്ത അങ്കണവാടിയുടെ നിലവിലെ സ്ഥിതി, 5-11-2014-ൽ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും നേരിട്ട് പരിശോധിക്കുകയുണ്ടായി. അങ്കണവാടി വർക്കർ ശ്രീമതി അംബികാ കുമാരി (13 വർഷമായി ടി സ്ഥാപനത്തിൽ ജോലി നോക്കുന്നു) അഭിപ്രായപ്പെട്ടത്, 3/09-ൽ അങ്കണവാടി കെട്ടിടം ഉദ്ഘാടനം നടത്തിയ ശേഷം മേൽക്കൂരയിലൂടെ ഭിത്തി വഴി വെള്ളം താഴേക്കിറങ്ങാറുണ്ടായിരുന്നു എന്നതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രീ. എം. അബ്ദുൾ സമദ്, ബീനാ മൻസിൽ, പേരൂർ പി.ഒ. എന്നയാൾ കൺവീനറായി 3/2009-ൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ട് നമ്പർ 217/14 പ്രകാരം 20,000 രൂപ ചെലവഴിച്ച് ഈ അങ്കണവാടി വീണ്ടും പ്ലാസ്റ്ററിംഗ് നടത്തിയിട്ടുണ്ട്. പ്രോജക്ട് നമ്പർ 179/14 പ്രകാരം 66,892 രൂപ ചെലവഴിച്ച് ക്ലാസ്സ് റൂം, അടുക്കള, വരാന്ത എന്നിവിടങ്ങളിൽ ടൈൽസ് പതിപ്പിച്ചിട്ടുണ്ട്. നിലവിൽ അങ്കണവാടി കെട്ടിടത്തിന് ചോർച്ചയില്ല എന്നതാണ് പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞത്.

42. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

43. അങ്കണവാടികളിൽ ഹെൽപ്പർ തസ്തികയിലേക്കുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സെലക്ഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ICDS.B4/25301/2014 നമ്പരിലെ പരിപത്രം പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ലഭ്യമാക്കിയത് പരിശോധിച്ചു. മേൽ ഉത്തരവുകൾ പ്രകാരം അങ്കണവാടികളിൽ ഹെൽപ്പർ തസ്തികയിലേക്കുള്ള സ്ഥിരം നിയമനം, എല്ലാ അങ്കണവാടികളിലും ഹെൽപ്പർ/ വർക്കർമാരുടെ ഒഴിവുകൾ നികത്തിയത് എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ടും ലഭ്യമാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

44. സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

45. അങ്കണവാടി ഹെൽപ്പർ/വർക്കർ എന്നിവരുടെ തെരഞ്ഞെടുപ്പിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച 30-1-2012-ലെ (സർക്കാർ ഉത്തരവ്) എംഎസ്. നമ്പർ 05/2012/സാ.ക്ഷേ.വ. ഉത്തരവും സംയോജിത ശിശു വികസന പദ്ധതി (ഐ.സി.ഡി.എസ്.) അങ്കണവാടി വർക്കർ/ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി മാനദണ്ഡങ്ങളുടെ പരിഷ്കരിച്ച 22-12-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 74/2012/സാമൂഹ്യനീതി വകുപ്പ് ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കിയത് പരിശോധിച്ചു.

46. മേൽ ഉത്തരവ് പ്രകാരം ഒഴിവുള്ള ഹെൽപ്പർ/വർക്കർ തസ്തികയിലെ ഒഴിവുകളിൽ സ്ഥിരം നിയമനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടാവുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

47. **സമിതി നിർദ്ദേശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:**

| | |
|---|---|
| തിരുവനന്തപുരം | 101 |
| കൊല്ലം | 32 |
| പത്തനംതിട്ട | 50 |
| ആലപ്പുഴ | 152 |
| കോട്ടയം | 1 |
| ഇടുക്കി | 38 |
| എറണാകുളം | 26 |
| തൃശ്ശൂർ | 50 |
| പാലക്കാട് | 486 |
| മലപ്പുറം | 269 |
| കോഴിക്കോട് | 95 |
| വയനാട് | 31 |
| കണ്ണൂർ | 70 |
| കാസറഗോഡ് | 19 |
| **ആകെ** | 1420 |

| | |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | (4) ആര്യാട്, തകഴി, വിയപുരം, ചെറിയനാട് |
| കോട്ടയം | ഇല്ല |
| ഇടുക്കി | ഇല്ല |

| | |
|---|---|
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | (1) പെരിഞ്ഞനം |
| പാലക്കാട് | (46) അലനല്ലൂർ, ആലത്തൂർ, അനങ്ങനടി, ചാലിശ്ശേരി, ചെർപ്പുളശ്ശേരി, എലപ്പുള്ളി, കടമ്പഴിപ്പുറം, കണ്ണമ്പ്ര, കാരാകുറിശ്ശി, കരിമ്പ, കാവശ്ശേരി, കേരളശ്ശേരി, കിഴക്കഞ്ചേരി, കോങ്ങാട്, കൊപ്പം, കോട്ടായി, കുലുക്കല്ലൂർ, കുന്നത്തൂർ, മങ്കര, മണ്ണൂർ, മരുതറോഡ്, മേലാർകോട്, മുതലമട, മുതുതല, പല്ലശ്ശന, പറളി, പരുതൂർ, പട്ടാമ്പി, പട്ടിത്തറ, പെരുമാട്ടി, പെരുവെമ്പ്, പിരായിരി, പൊൽപ്പുള്ളി, പുതൂർ, പുതുക്കോട്, ശ്രീകൃഷ്ണപുരം, തച്ചനാട്ടുകര, തരൂർ, തിരുമിറ്റക്കോട്, തിരുവേഗപ്പുറ, തൃക്കടീരി, തൃത്താല, വടക്കഞ്ചേരി, വെള്ളിനേഴി, കൊടുമ്പ്, കരിമ്പുഴ |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | ഇല്ല |
| വയനാട് | (2) മുട്ടിൽ, പൊഴുതന |
| കണ്ണൂർ | ഇല്ല |
| കാസറഗോഡ് | ഇല്ല |
| **ആകെ** | 53 |

| | |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | (5) കുമാരപുരം, തുറവൂർ, കരുവാറ്റ, മുട്ടാർ, ദേവികുളങ്ങര |
| കോട്ടയം | (5) ആർപ്പൂക്കര, മീനടം, കറുകച്ചാൽ, മറവൻതുരുത്ത്, തീക്കോയി |
| ഇടുക്കി | ഇല്ല |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | (5) അതിരപ്പിള്ളി, ചൂണ്ടൽ, എരുമപ്പെട്ടി, നെന്മണിക്കര, പൊയ്യ |
| പാലക്കാട് | ഇല്ല |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | ഇല്ല |
| വയനാട് | (3) മുള്ളൻകൊല്ലി, നെന്മേനി, പൊഴുതന |

| | |
|---|---|
| കണ്ണൂർ | ഇല്ല |
| കാസറഗോഡ് | ഇല്ല |
| **ആകെ** | 18 |

| | |
|---|---|
| തിരുവനന്തപുരം | (5) ചെമ്മരുതി, പാറശ്ശാല, പൂവാർ, പുല്ലമ്പാറ, വെങ്ങാനൂർ |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | ഇല്ല |
| ഇടുക്കി | ഇല്ല |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | (14) അതിരപ്പിള്ളി, അവണൂർ, എറിയാട്, കടങ്ങോട്, കോടശ്ശേരി, കോലഴി, കൊണ്ടാഴി, മണലൂർ, മുളങ്കുന്നത്ത്കാവ്, പാറളം, പുത്തൻചിറ, വരന്തരപ്പിള്ളി, വല്ലച്ചിറ, വടക്കാഞ്ചേരി |
| പാലക്കാട് | ഇല്ല |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | ഇല്ല |
| വയനാട് | ഇല്ല |
| കണ്ണൂർ | ഇല്ല |
| കാസറഗോഡ് | ഇല്ല |
| **ആകെ** | 19 |

48. ന്യൂട്രീഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട അന്വേഷണം നടത്തിയതിൽ 2007-08 മുതൽ 2014-15 വരെ കാലയളവിൽ കൊച്ചി നഗരസഭയ്ക്ക് ലഭിച്ച കേന്ദ്രവിഹിതത്തിൽ 1,80,71,758 രൂപ കോർപ്പറേഷന്റെ തനതുഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. തുടർന്ന് ഈ വർഷം ആദ്യം ഈ ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും തനതുഫണ്ടിൽ നിക്ഷേപിച്ച തുകയിൽ നിന്നും 25,40,069 രൂപ പ്രസ്തുത അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതുമാണ്. ബാക്കി തുക ഇപ്പോഴും മാറ്റാതെ കിടക്കുകയാണ്. 3-9-2010-ലെ നമ്പർ 39033/ഡി.സി2/10/തസ്വഭവ. സർക്കുലർ പ്രകാരം പൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിന് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ

ബാലൻസ് തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ ബാലൻസുള്ള തുക വിനിയോഗിക്കുന്നതിന് കോർപ്പറേഷൻ 2014-15 വർഷം പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതും ആയത് നിർവ്വഹണഘട്ടത്തിലുമാണ്. അങ്കണവാടികളുടെ ചുറ്റുമതിൽ നിർമ്മാണം, ടോയ്‌ലെറ്റ് നിർമ്മാണം, ട്രസ് വർക്ക് വൈദ്യുതീകരണം, വാട്ടർ കണക്ഷൻ, ഗ്യാസ് സ്റ്റൗവും ഗ്യാസ് സിലിണ്ടറും ലഭ്യമാക്കൽ, കളിയുപകരണങ്ങൾ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പായി ഭൂരിഭാഗം പ്രോജക്ടുകളും പൂർത്തീകരിക്കുന്നതാണെന്ന് കോർപ്പറേഷൻ അധികാരികൾ അറിയിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

49. **ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിലൂടെയാണ് ഒരു രാഷ്ട്രത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടുന്നത്. ഈ ആശയം പ്രാവർത്തികമാക്കുന്നതിനായി 1975-ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന പദ്ധതി. (ഐ.സി.ഡി.എസ്.) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രസ്തുത പദ്ധതി ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. 3 വയസ്സുമുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 15-നും 45-നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾ എന്നിവരാണ് ഐ.സി.ഡി.എസിന്റെ ഗുണഭോക്താക്കൾ. ഓഡിറ്റ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം സംസ്ഥാനത്തൊട്ടാകെ 258 ശിശുക്ഷേമ പദ്ധതികളിലായി 32922 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. ഗ്രാമ/നഗരപ്രദേശങ്ങളിൽ 1000 പേർക്ക് ഒരു അങ്കണവാടി എന്ന തോതിലാണെങ്കിൽ ആദിവാസിമേഖലയിലെത്തുമ്പോൾ 700 പേർക്ക് ഒന്നെന്ന തോതിലാണിത്. കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പുകളെക്കുറിച്ചുള്ള അവബോധം വളർത്തുക, പോളിയോ തുള്ളിമരുന്നിന്റെ വിതരണം നടത്തുക, കൗമാരക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും ആരോഗ്യകാര്യങ്ങളിൽ ദിശാബോധം സൃഷ്ടിക്കുക, ഗർഭിണികളുടെ പോഷകാഹാര വിതരണം, മരുന്നുകളുടെ ലഭ്യത, മുലയൂട്ടലിന്റെ അനിവാര്യത**

ബോധ്യപ്പെടുത്തുക, ശിശുക്കളുടെ ശാരീരിക മാനസിക അവസ്ഥകൾക്കനുസൃതമായ വളർച്ച പ്രീ സ്കൂൾ വിദ്യാഭ്യാസത്തിലൂടെ സാധ്യമാക്കുക എന്നിങ്ങനെ അത്യന്തം പ്രാധാന്യമുള്ള ഉത്തരവാദിത്വങ്ങൾ ഐ.സി.ഡി.എസിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും മിക്ക അങ്കണവാടികളും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാത്ത അപരിഷ്കൃത മേഖലകളായിത്തന്നെ ഇന്നും തുടരുന്നതായി സമിതി മനസ്സിലാക്കുന്നു.

50. കുട്ടികളുടെ അടിസ്ഥാനവിദ്യാഭ്യാസം തുടങ്ങുന്ന സമയം അതീവ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ബാല്യത്തിന്റെ വിശാലലോകത്ത് നിന്നും വ്യവസ്ഥാപിതമായ ചട്ടക്കൂടുകളിലേക്ക് പറിച്ചുനടുമ്പോൾ അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അങ്കണവാടികൾ മികവ് പുലർത്തുന്നില്ല എന്ന വസ്തുത ചൂണ്ടിക്കാണിക്കുന്നതോടൊപ്പം അങ്കണവാടികളുടെ പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ് സമിതി അംഗീകരിക്കുകയും ചെയ്യുന്നു.

51. സ്വന്തമായി ഭൂമി, കെട്ടിടം, മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ശിശുസൗഹാർദ്ദ ടോയ്‌ലെറ്റുകൾ എന്നിവയുടെ അപര്യാപ്തത, മികച്ച ഹെൽപ്പർമാരുടെയും വർക്കർമാരുടെയും അഭാവം എന്നിങ്ങനെ ഗുരുതരമായ പ്രതിസന്ധികളെ നേരിട്ടാണ് അങ്കണവാടികൾ പ്രവർത്തനം നടത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അങ്കണവാടികൾക്ക് ഭൂമി ലഭ്യമാക്കുന്നതിൽ മുൻഗണന നൽകണമെന്ന സമിതി നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, ഭൂമിയുടെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് സൗജന്യമായി വിട്ടുകൊടുക്കുന്നതിനുപകരം സ്ഥലത്തിന്റെ ഉപയോഗാനുമതിയോ മുപ്പത് വർഷത്തേക്ക് പാട്ടവ്യവസ്ഥയിൽ സെന്റൊന്നിന് 100 രൂപ വാർഷിക നിരക്കിലോ പഞ്ചായത്തുകൾക്ക് അനുവദിച്ചുവരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. പുറമ്പോക്കുഭൂമി ലഭ്യതയനുസരിച്ചും മാനദണ്ഡങ്ങൾക്ക് അനുസൃതമായും അങ്കണവാടികൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. സ്വന്തമായി ഭൂമി ഉണ്ടായിട്ടും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ലിസ്റ്റും കേന്ദ്രഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് സ്ഥലം, കെട്ടിട നിർമ്മാണം, കുടിവെള്ള സൗകര്യം, വൈദ്യുതി എന്നിവ ഏർപ്പെടുത്താനുള്ള ഉത്തരവ് പാലിക്കാതെ ഫണ്ട് കൈവശം സൂക്ഷിക്കുന്ന അംഗനവാടികളുടെ എണ്ണം സംബന്ധിച്ചും സ്വന്തമായി ഭൂമിയും ഫണ്ടും കെട്ടിട നിർമ്മാണ അനുമതിയുമുണ്ടായിട്ടും അപ്രകാരം ചെയ്യാത്ത പഞ്ചായത്തുകളുടെ ലിസ്റ്റും നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ ആവശ്യമായ തുകയുണ്ടായിട്ടും

മുൻഗണനാക്രമം നോക്കി അങ്കണവാടികളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത പഞ്ചായത്തുകളുടെ എണ്ണവും തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. ഇതിൻപ്രകാരം വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, സ്വന്തം ഭൂമിയിൽ അംഗനവാടി പ്രവർത്തിപ്പിക്കാത്തതിലും ഫണ്ട് കൈവശം സൂക്ഷിക്കുന്നതിലും എല്ലാ ജില്ലകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് കാണുന്നു. ഈ വിഷയങ്ങളിൽ ഏറ്റവും കൂടുതൽ വീഴ്ചവരുത്തിയിട്ടുള്ളത് പാലക്കാട് ജില്ലയും താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം നടത്തിയിട്ടുള്ളത് കോട്ടയം ജില്ലയുമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പാലക്കാട് ജില്ലയുൾപ്പെടെയുള്ള മറ്റ് ജില്ലകൾ അടിയന്തരമായി മേൽവിഷയത്തിൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ അടിസ്ഥാന സൗകര്യ വികസന ഫണ്ടിന്റെ വിനിയോഗം നിശ്ചയിക്കുമ്പോൾ അങ്കണവാടികൾക്ക് മുൻഗണന നൽകാത്തതുമൂലം സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നില്ലെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണം മുൻനിർത്തി സ്വന്തമായി ഭൂമിയുള്ള സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും സർക്കാർ നൽകുന്ന ഫണ്ട് മുൻഗണനാക്രമത്തിൽ അങ്കണവാടികൾക്കുവേണ്ടി ഉപയോഗിക്കണമെന്നുകൂടി സമിതി നിർദ്ദേശിക്കുന്നു.

53. അങ്കണവാടികൾക്ക് അവശ്യംവേണ്ട സുരക്ഷിതമായ കെട്ടിടങ്ങൾ, ചുറ്റുമതിൽ, വൈദ്യുതി, വെള്ളം, ടോയ്‌ലെറ്റ് ഇടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. 45% അങ്കണവാടികളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്വന്തമായി കെട്ടിടങ്ങൾ ഉള്ളവതന്നെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നില്ല എന്നതും സമിതി അതീവഗൗരവത്തോടെ കാണുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് തൊട്ടടുത്ത സർക്കാർ സ്കൂൾ കെട്ടിടം/ക്ലാസ്സ് റൂം എന്നിവ ലഭ്യമാണെങ്കിൽ അവിടേക്ക് മാറ്റണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും അപ്രകാരം പ്രവർത്തിക്കുന്നില്ല എന്ന ഓഡിറ്റിന്റെ പരാമർശം സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ആയതിനാൽ സർക്കാർ ഉത്തരവ് മുഖവിലയ്ക്കെടുത്തും സ്കൂളിലെ സ്ഥലസൗകര്യം കണക്കിലെടുത്തും അങ്കണവാടികൾ പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കേന്ദ്രസർക്കാർ പരിധി നിശ്ചയിച്ചിട്ടുള്ള വാടകനിരക്ക് ഗ്രാമങ്ങളിൽ 200 രൂപയും മുനിസിപ്പാലിറ്റികളിൽ 500 രൂപയുമാണ്. ഇന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ തുച്ഛമായ ഈ വാടകയ്ക്ക് മെച്ചപ്പെട്ട ഭൗതിക ഘടകങ്ങളുള്ള കെട്ടിടങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ടാണെന്ന് സമിതി വിലയിരുത്തുന്നു. കോട്ടയം ജില്ലയിലെ മീനടം

ഗ്രാമപഞ്ചായത്ത് അങ്കണവാടിയുടെ പ്രവർത്തനത്തിൽ വർക്കർമാരും കുട്ടികളുടെ രക്ഷാകർത്താക്കളും വാടകെട്ടുക പിരിച്ചെടുത്താണ് നൽകുന്നതെന്ന് തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിലെ അങ്കണവാടിയിലെ പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്ന ഡയറക്ടറുടെ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധിയിൽ കൂടുതൽ തുക വാടകയിനത്തിൽ നല്കേണ്ടി വന്നാൽ ആയത് വകുപ്പ് നല്കുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നൽകുന്ന ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ് മെയിന്റനൻസിന് അനുവദിക്കുന്ന തുക 100%-വും ചെലവാക്കുമ്പോൾ നോൺ റോഡ് മെയിന്റനൻസിനുള്ള തുകയുടെ 40% മാത്രമാണ് ചെലവഴിക്കുന്നതെന്ന് കാണുന്നു. പ്രതിവർഷം പഞ്ചായത്തുകൾക്കായി ലഭിക്കുന്ന നാലായിരം കോടിയോളം രൂപയിൽ അങ്കണവാടികൾക്കുവേണ്ടി കാര്യമായി ഒന്നും ചെലവഴിക്കുന്നില്ലെന്ന വസ്തുത ഖേദകരമാണ്. പാവപ്പെട്ട കുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുവാൻ വകുപ്പ് മുൻകൈ എടുക്കണമെന്നും നിശ്ചിത ശതമാനം ഗ്രാന്റ് നിർബന്ധമായും അങ്കണവാടികളുടെ പ്രവർത്തനത്തിനായി മാറ്റിവയ്ക്കാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ നോൺ റോഡ് ഫണ്ട് അങ്കണവാടികളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കണമെന്നും ചെറിയ കുട്ടികൾ കുടിവെള്ളത്തിനും പ്രാഥമികാവശ്യം നിറവേറ്റാനും അങ്കണവാടികൾക്ക സമീപമുള്ള അയൽവീടുകളെ ആശ്രയിക്കുന്നത് മാറിയ സാമൂഹിക പശ്ചാത്തലത്തിൽ സുരക്ഷിതമല്ലെന്ന് കാണുന്നതിനാൽ അങ്കണവാടികളിൽ കുടിവെള്ള സംഭരണിയും ബേബി ഫ്രെണ്ട്‌ലി ടോയ്‌ലെറ്റും നിർമ്മിക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമായി വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. ബഹു. സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്വന്തമായി കെട്ടിടമുള്ള എല്ലാ അങ്കണവാടികൾക്കും ടോയ്‌ലെറ്റും കുടിവെള്ള സൗകര്യവും തദ്ദേശസ്വയംഭരണ വകുപ്പും ശുചിത്വ മിഷനും സംയുക്തമായി നടപ്പാക്കുമെന്ന സാമൂഹ്യനീതി ഡയറക്ടറുടെ ഉറപ്പ് കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കുടിവെള്ളമെത്തിക്കുന്നതിൽ വാട്ടർ അതോറിറ്റിയേക്കാൾ

കാര്യക്ഷമമായി പ്രവർത്തിക്കുന്നത് ജനകീയ സമിതികളാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ജനകീയ സമിതികൾ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

55. അങ്കണവാടികളിലെ കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരുന്നതായി സമിതി മനസ്സിലാക്കുന്നു. അങ്കണവാടിയിലെ കരിക്കുലം കാലോചിതമായി പരിഷ്കരിച്ച് കുട്ടികൾക്കാകർഷകമാകുന്ന രീതിയിൽ മാറ്റണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അംഗനവാടിയിലെ കുട്ടികൾക്ക് ലഭ്യമാകുന്ന സൗജന്യസേവനങ്ങളും ഇമ്മ്യൂണൈസേഷനും ഹെൽത്ത് ചെക്കപ്പും മറ്റ് സ്ഥലങ്ങളിൽ ലഭിക്കുന്നില്ല. എന്നാൽ പ്രസ്തുത വിഷയങ്ങൾ വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്ന കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുന്നില്ല. തദ്വാര ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ദ്രുതഗതിയിൽ വളരുന്നതായി സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത സ്കൂളുകളിൽ കിട്ടുന്ന ശ്രദ്ധയും പരിചരണവും അങ്കണവാടികളിൽ ലഭിക്കുന്നില്ല എന്ന പൊതുജനധാരണയെ ബോധവൽക്കരണത്തിലൂടെയും പ്രവർത്തന മികവിലൂടെയും മാറ്റേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

56. അങ്കണവാടി കെട്ടിടങ്ങളുടെ രൂപകല്പന, കുട്ടികൾക്ക് ആകർഷകമായിരിക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു. ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി എന്ന പദ്ധതി പ്രകാരം രണ്ടുനില കെട്ടിടങ്ങളിൽ കുട്ടികളേയും കൗമാരക്കാരായ പെൺകുട്ടികളേയും അമ്മമാരെയും വൃദ്ധരെയും ആധുനിക സൗകര്യങ്ങളോടുകൂടി ഉൾക്കൊള്ളിക്കാൻ സാധിക്കുമെന്നത് ഗുണകരമാകുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നാൽ പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച 71 അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമാണോയെന്ന് പരിശോധിച്ച് നിലവിലെ സ്ഥിതി അറിയിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

57. ഓരോ ഭൂപ്രദേശത്തിനും കാലാവസ്ഥയ്ക്കും അനുസൃതമായി സൗകര്യപ്രദവും സുരക്ഷിതവുമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ഡിസൈനുകൾ തയ്യാറാക്കണമെന്നും ഇതുസംബന്ധിച്ച പ്രവർത്തന പുരോഗതിയിൽ ശിശുവിഷയ വിദഗ്ധരെകൂടി ഉൾപ്പെടുത്തി ഒരു സമിതി അടിയന്തരമായി രൂപീകരിച്ച് റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

58. ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള നഗരൂർ-പേരൂർ കാട്ടുചന്ത അങ്കണവാടിയുടെ കെട്ടിടം ചോർച്ച സംബന്ധിച്ചും മലപ്പുറം പുൽപ്പറ്റ അങ്കണവാടി, കോഴിക്കോട് വലിയവളപ്പ് എന്നിവയുടെ ശോചനീയാവസ്ഥ

സംബന്ധിച്ചും സമിതി കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടതിൻ പ്രകാരം ലഭ്യമായ റിപ്പോർട്ടുകളിൽ നിന്നും നഗരൂർ-പേരൂർ കാട്ടുചന്ത അങ്കണവാടി നല്ലരീതിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നതായും കോഴിക്കോട് വഴിയവളപ്പ് അങ്കണവാടി മറ്റൊരു കെട്ടിടത്തിൽ നിലവിൽ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. മലപ്പുറം പുൽപ്പറ്റ അംഗനവാടിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ കുട്ടികളെ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ സാഹചര്യത്തിൽ സുരക്ഷിതമല്ലാത്ത അങ്കണവാടി കെട്ടിടങ്ങൾ ഈ വർഷംതന്നെ പുതുക്കിപ്പണിയേണ്ടതാണെന്ന് പൊതുനിർദ്ദേശം വകുപ്പ് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. അങ്കണവാടി കുട്ടികൾക്ക് നല്കുന്ന ഭക്ഷണം രുചികരവും ആരോഗ്യപ്രദായകവും ആകണമെന്നും വൈവിധ്യമാർന്ന ഭക്ഷണം ശാസ്ത്രീയമായി നല്കേണ്ടതാണെന്നും അതിൽ പ്രാദേശിക രുചികൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. ഈ വിഷയത്തിൽ പുതിയ പോഷകാഹാരനയം രൂപീകരിക്കേണ്ടതാണെന്നും കുടുംബശ്രീ പോലുള്ള യൂണിറ്റുകളുടെ ഗുണനിലവാരം കൂടിയ ഉല്പന്നങ്ങൾ വിതരണം നടത്തുന്നത് ഫലപ്രദമാകുമെന്നും സമിതി നിരീക്ഷിക്കുന്നു. പ്രീ സ്കൂൾ കുട്ടികൾക്കുള്ള പൂരക പോഷകാഹാര വിതരണവും പ്രീ സ്കൂൾ കുട്ടികൾകൂടി ഉൾപ്പെടുന്ന മറ്റ് ഗുണഭോക്താക്കൾക്കുള്ള പൂരക പോഷകാഹാര വിതരണവും തദ്ദേശസ്വയംഭരണ വകുപ്പാണ് നിർവ്വഹിച്ചുവരുന്നത്. നിർദ്ദിഷ്ട കലോറി ഊർജ്ജവും പ്രോട്ടീനും ലഭിക്കത്തക്കതും സ്റ്റോക്ക് ചെയ്ത് സൂക്ഷിച്ച് വിതരണം ചെയ്യാൻ പറ്റുന്നതുമായ ഭക്ഷണങ്ങൾ പോഷകമൂല്യം ഉറപ്പുവരുത്തി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാവുന്നതാണ്. ഗോതമ്പ്, കടല, ഉഴുന്നുപരിപ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങളാണ് സ്ഥിരമായി ഇതിന് ഉപയോഗിക്കുന്നതെന്നും ഇത് ഗുണഭോക്താക്കളിൽ മടുപ്പ് വരാൻ ഇടയാക്കുമെന്നും സമിതി കണക്കാക്കുന്നു. ആയതിനാൽ അധിക സാമ്പത്തിക ചെലവില്ലാതെ തന്നെ വ്യത്യസ്ത വിഭവങ്ങൾ നിർദ്ദിഷ്ട ഊർജ്ജ മാനദണ്ഡങ്ങൾ പാലിച്ച് വിതരണം നടത്തണമെന്നും 'അകലെയുള്ള ആഹാരം രോഗത്തിനും അടുത്തുള്ള ആഹാരം ആരോഗ്യത്തിനും' എന്നതാണ് ഇന്നത്തെ മുദ്രാവാക്യം എന്ന് ചൂണ്ടിക്കാട്ടുവാനും സമിതി ആഗ്രഹിക്കുന്നു. അതിനാൽ അങ്കണവാടിയിലെ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരം ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റപ്പെടേണ്ടതുണ്ടെന്ന് നിർദ്ദേശിക്കുന്നു.

60. കൊല്ലം, വടകര നഗരസഭകൾ മാത്രമാണ് കേന്ദ്രസർക്കാരിന്റെ പോഷകാഹാര ഫണ്ട് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതെന്നും മറ്റുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത ഉത്തരവ് പ്രകാരം പ്രവർത്തിക്കാത്തത് ഖേദകരമാണെന്നും സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക അക്കൗണ്ട് സൂക്ഷിക്കാത്തതിനേക്കാൾ ഗൗരവമാണ് യഥാവിധി ഫണ്ട് ചെലവഴിക്കാത്തതെന്ന് സമിതി വീക്ഷിക്കുന്നു. എറണാകുളം കോർപ്പറേഷൻ ഒരു കോടി രൂപയിലധികം പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കാത്ത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ന്യൂട്രീഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കേന്ദ്ര ഫണ്ട് മാറി നിക്ഷേപിച്ചതും അങ്കണവാടികളുടെ തന്നെ മറ്റ് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതുമായ സ്ഥാപനങ്ങളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം ലഭ്യമായ മറുപടിയിൽ കൊച്ചി നഗരസഭ 2007-08 മുതൽ 2014-15 വരെയുള്ള 8 വർഷക്കാലയളവിൽ ലഭിച്ച കേന്ദ്ര വിഹിതമായ 1,80,71,758 രൂപ തനതുഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തതെന്നും 2014-ൽ പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നും നിക്ഷേപിച്ച തുകയിൽനിന്ന് 25,40,069 രൂപ ടി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും കാണുന്നു. പൂരക പോഷകാഹാര പദ്ധതിയിൽ മിച്ചംവരുന്ന തുക അങ്കണവാടികളുടെ മറ്റ് പദ്ധതികൾക്ക് ചെലവഴിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക വിനിയോഗിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിവരുന്നതായും അങ്കണവാടികൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതായും കാണുന്നു.

61. ഈ സാഹചര്യത്തിൽ, വിവിധ ആവശ്യങ്ങൾക്കായി അങ്കണവാടികൾക്കായി അനുവദിക്കുന്ന ഫണ്ട് നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കണമെന്നും ഫണ്ടിന്റെ വിനിയോഗം സുഗമമായി നടത്തണമെന്നും ഇക്കാര്യത്തിൽ മോണിറ്ററിംഗ് ശക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

62. ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി പ്രകാരം വിതരണം ചെയ്യുന്ന അമൃതം പോലുള്ള ഓർഗാനിക് ഭക്ഷണം 20 ദിവസംവരെ കേടുകൂടാതെ സൂക്ഷിക്കാമെന്നും ഗുണനിലവാരമുള്ളതാണെന്നുമുള്ള വകുപ്പിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ കാലപ്പഴക്കംചെന്നതും ഗുണനിലവാരം കുറഞ്ഞതുമായ ഉല്പന്നങ്ങൾ വിതരണം നടത്തിയിട്ടുള്ളത് സമിതി അതീവഗൗരവത്തോടെ കാണുന്നു. ഭക്ഷ്യവസ്തുക്കൾ വാങ്ങുന്ന സ്ഥലം മുതൽ യൂണിറ്റുകളുടെ അടുക്കള, സ്റ്റോർ റൂം വരെയുള്ള സ്ഥലങ്ങൾ വൃത്തിയുള്ള സാഹചര്യത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും

തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈ എടുത്ത് കേരളത്തിന്റെ വടക്കും തെക്കും മധ്യകേരളത്തിലുമായി 3 ഫുഡ് ബാങ്കുകൾ സ്ഥാപിക്കണമെന്നും കുട്ടികൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ നിർബന്ധമായും പരിശോധനകൾക്ക് വിധേയമാക്കി നല്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

63. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എന്നിവപോലെ അതീവ പ്രാധാന്യമുള്ളതാണ് വർക്കർമാരും ഹെൽപ്പർമാരും എന്ന് സമിതി മനസ്സിലാക്കുന്നു. കുട്ടികളുടെ ശാരീരിക, മാനസിക വികാസം ആരംഭിക്കുന്നത് ചിന്തകളിലൂടെയും അനുഭവങ്ങളിലൂടെയുമാണെന്നും ഇവ ആർജ്ജിക്കുന്നതിന് സഹായിക്കുന്ന തീം ചാർട്ടുകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടെന്നും വകുപ്പ് നല്കിയ മറുപടിയിൽ കാണുന്നു. ഇത് തൃപ്തികരമാണെങ്കിലും പ്രായോഗികതലത്തിൽ എത്രത്തോളം ഫലപ്രാപ്തി നേടിയെന്നത് നിശ്ചയിക്കപ്പെടുന്നത് അവരെ മനഃശാസ്ത്രപരമായി പരിശീലിപ്പിക്കുന്നതിലൂടെയാണ്. മികച്ച വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അഭാവം സമിതിയെ ആശങ്കപ്പെടുത്തുന്നു. 33000 അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകുന്നതിന് 15 അങ്കണവാടി ട്രെയിനിംഗ് സെന്ററുകൾ മാത്രമാണുള്ളതെന്നും 45 ദിവസത്തെ ട്രെയിനിംഗ് ഇവർക്ക് നല്കുന്നുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അങ്കണവാടി ഹെൽപ്പർ തസ്തികയിലേക്കുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം ടി ഹെൽപ്പർ/ വർക്കർമാരുടെ സ്ഥിരനിയമനം നടത്തിയതും ഒഴിവുകൾ നികത്തിയതും സംബന്ധിച്ച് നടപടി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. കുട്ടികളുടെ മനഃശാസ്ത്രവും നൈസർഗ്ഗികവുമായ കഴിവ് അനുസരിച്ച് അവരെ പരിശീലിപ്പിക്കാൻ പ്രാപ്തരായ വർക്കർമാരും ഹെൽപ്പർമാരുമല്ല നിലവിലുള്ളതെന്നും അതിനാൽ അവർക്ക് ഇക്കാര്യത്തിൽ പ്രത്യേക പരിശീലനം വകുപ്പ് മുൻകൈയെടുത്ത് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

64. അംഗനവാടികൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യത, പശ്ചാത്തല സൗകര്യങ്ങൾ, മികച്ച വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവനം, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ്, വൃത്തിയുള്ള അന്തരീക്ഷം, പോഷകമൂല്യമുള്ളതും ഗുണനിലവാരമുള്ളതുമായ ഭക്ഷണപദാർത്ഥങ്ങളുടെ വിതരണം, സാമൂഹ്യതലത്തിൽ വ്യക്തി ബോധവല്ക്കരണം എന്നിങ്ങനെ സുപ്രധാന കാര്യങ്ങൾ നിർവ്വഹിക്കുന്ന അതീവ പ്രാധാന്യമർഹിക്കുന്ന അടിസ്ഥാന ഘടകമാണ് അങ്കണവാടികൾ.

ആയതിനാൽ ഓരോ കുട്ടിക്കും ആരോഗ്യവും സന്തോഷവും പ്രദാനം ചെയ്യുന്ന ശിശുസൗഹാർദ്ദ സാഹചര്യം സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി ഓർമ്മപ്പെടുത്തുന്നു. കേരളത്തിലെ ഓരോ അങ്കണവാടികളും നിലവിലെ സാഹചര്യങ്ങൾ കഴിയുന്നത്ര മെച്ചപ്പെടുത്തി പോരായ്മകൾ പരിഹരിക്കുന്നതിന് ത്വരിതഗതിയിൽ നടപടികൾ സ്വീകരിക്കണമെന്നും റവന്യൂ, സാമൂഹ്യക്ഷേമ, തദ്ദേശസ്വയംഭരണ വകുപ്പുകൾ ഏകോപിച്ച് സുശക്തവും കുറ്റമറ്റതുമായ ശിശുക്ഷേമ-അങ്കണവാടി സംവിധാനം സൃഷ്ടിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇത്തരം സമീപനത്തിലൂടെ ഭാരതത്തിലെതന്നെ ഏറ്റവും മികച്ച അങ്കണവാടികൾ കേരളത്തിന്റേതാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

<u>അനുബന്ധം I</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 49 | | ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിലൂടെയാണ് ഒരു രാഷ്ട്രത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടുന്നത്. ഈ ആശയം പ്രാവർത്തികമാക്കുന്നതിനായി 1975-ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്.) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രസ്തുത പദ്ധതി ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. 3 വയസ്സുമുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 15-നും 45-നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾ എന്നിവരാണ് ഐ.സി.ഡി.എസി.ന്റെ ഗുണഭോക്താക്കൾ. ഓഡിറ്റ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം സംസ്ഥാനത്തൊട്ടാകെ 258 ശിശുക്ഷേമ പദ്ധതികളിലായി 32922 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. ഗ്രാമ/നഗര പ്രദേശങ്ങളിൽ 1000 പേർക്ക് ഒരു അങ്കണവാടി എന്ന തോതിലാണെങ്കിൽ ആദിവാസി മേഖലയിലെത്തുമ്പോൾ 700 പേർക്ക് ഒന്നെന്ന തോതിലാണിത്. കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പുകളെക്കുറിച്ചുള്ള അവബോധം വളർത്തുക, പോളിയോ തുള്ളിമരുന്നിന്റെ വിതരണം നടത്തുക, കൗമാരക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും ആരോഗ്യകാര്യങ്ങളിൽ ദിശാബോധം സൃഷ്ടിക്കുക, ഗർഭിണികളുടെ പോഷകാഹാര വിതരണം, മരുന്നുകളുടെ ലഭ്യത, മുലയൂട്ടലിന്റെ അനിവാര്യത ബോധ്യപ്പെടുത്തുക, ശിശുക്കളുടെ ശാരീരിക-മാനസിക അവസ്ഥകൾക്കനുസൃതമായ വളർച്ച പ്രീ സ്കൂൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വിദ്യാഭ്യാസത്തിലൂടെ സാധ്യമാക്കുക എന്നിങ്ങനെ അത്യന്തം പ്രാധാന്യമുള്ള ഉത്തരവാദിത്വങ്ങൾ ഐ.സി.ഡി.എസിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും മിക്ക അങ്കണവാടികളും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാത്ത അപരിഷ്കൃത രീതികളായി തന്നെ ഇന്നും തുടരുന്നതായി സമിതി മനസ്സിലാക്കുന്നു. |
| 2 | 50 | | കുട്ടികളുടെ അടിസ്ഥാനവിദ്യാഭ്യാസം തുടങ്ങുന്ന സമയം അതീവ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ബാല്യത്തിന്റെ വിശാല ലോകത്ത് നിന്നും വ്യവസ്ഥാപിതമായ ചട്ടക്കൂടുകളിലേക്ക് പറിച്ചുനടുമ്പോൾ അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അങ്കണവാടികൾ മികവ് പുലർത്തുന്നില്ല എന്ന വസ്തുത ചൂണ്ടിക്കാണിക്കുന്നതോടൊപ്പം അങ്കണവാടികളുടെ പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ് സമിതി അംഗീകരിക്കുകയും ചെയ്യുന്നു. |
| 3 | 51 | തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, മരാമത്ത് വകുപ്പ് & സാമൂഹ്യനീതി വകുപ്പ് | സ്വന്തമായി ഭൂമി, കെട്ടിടം, മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ശിശുസൗഹാർദ്ദ ടോയ്‌ലെറ്റുകൾ എന്നിവയുടെ അപര്യാപ്തത, മികച്ച ഹെൽപ്പർമാരുടെയും വർക്കർമാരുടെയും അഭാവം എന്നിങ്ങനെ ഗുരുതരമായ പ്രതിസന്ധികളെ നേരിട്ടാണ് അങ്കണവാടികൾ പ്രവർത്തനം നടത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അങ്കണവാടികൾക്ക് ഭൂമി ലഭ്യമാക്കുന്നതിൽ മുൻഗണന നൽകണമെന്ന സമിതി നിർദ്ദേശപ്രകാരം റവന്യൂ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, ഭൂമിയുടെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് പകരം സ്ഥലത്തിന്റെ ഉപയോഗാനുമതിയോ മുപ്പത് വർഷത്തേക്ക് പാട്ടവ്യവസ്ഥയിൽ സെന്റൊന്നിന് 100 രൂപ വാർഷിക നിരക്കിലോ പഞ്ചായത്തുകൾക്ക് അനുവദിച്ചുവരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. പുറമ്പോക്ക് ഭൂമി ലഭ്യതയനുസരിച്ചും മാനദണ്ഡങ്ങൾക്കനുസൃതമായും അങ്കണവാടികൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 52 | തദ്ദേശസ്വയംഭരണ വകുപ്പ് | സ്വന്തമായി ഭൂമി ഉണ്ടായിട്ടും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ലിസ്റ്റും കേന്ദ്രഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് സ്ഥലം, കെട്ടിട നിർമ്മാണം, കുടിവെള്ള സൗകര്യം, വൈദ്യുതി എന്നിവ ഏർപ്പെടുത്താനുള്ള ഉത്തരവ് പാലിക്കാതെ ഫണ്ട് കൈവശം സൂക്ഷിക്കുന്ന അങ്കണവാടികളുടെ എണ്ണം സംബന്ധിച്ചും സ്വന്തമായി ഭൂമിയും ഫണ്ടും കെട്ടിട നിർമ്മാണ അനുമതിയുമുണ്ടായിട്ടും അപ്രകാരം ചെയ്യാത്ത പഞ്ചായത്തുകളുടെ ലിസ്റ്റും നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ ആവശ്യമായ തുകയുണ്ടായിട്ടും മുൻഗണനാക്രമം നോക്കി അങ്കണവാടികളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത പഞ്ചായത്തുകളുടെ എണ്ണവും തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. ഇതിൻ പ്രകാരം വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, സ്വന്തംഭൂമിയിൽ അങ്കണവാടി പ്രവർത്തിപ്പിക്കാത്തതിലും ഫണ്ട് കൈവശം സൂക്ഷിക്കുന്നതിലും എല്ലാ ജില്ലകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് കാണുന്നു. ഈ വിഷയങ്ങളിൽ ഏറ്റവും കൂടുതൽ വീഴ്ച വരുത്തിയിട്ടുള്ളത് പാലക്കാട് ജില്ലയും താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം നടത്തിയിട്ടുള്ളത് കോട്ടയം ജില്ലയുമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പാലക്കാട് ജില്ലയുൾപ്പെടെയുള്ള മറ്റ് ജില്ലകൾ അടിയന്തരമായി മേൽവിഷയത്തിൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ അടിസ്ഥാന സൗകര്യ വികസന ഫണ്ടിന്റെ വിനിയോഗം നിശ്ചയിക്കുമ്പോൾ അങ്കണവാടികൾക്ക് മുൻഗണന നൽകാത്തതുമൂലം സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടം നിർമ്മിക്കാൻ സാധിക്കുന്നില്ലെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | മുൻനിർത്തി സ്വന്തമായി ഭൂമിയുള്ള സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും സർക്കാർ നൽകുന്ന ഫണ്ട് മുൻഗണനാക്രമത്തിൽ അങ്കണവാടികൾക്ക് വേണ്ടി ഉപയോഗിക്കണമെന്ന് കൂടി സമിതി നിർദ്ദേശിക്കുന്നു. |
| 5 | 53 | മരാമത്ത് വകുപ്പ് & തസ്വഭവ. | അങ്കണവാടികൾക്ക് അത്യാവശ്യം വേണ്ട സുരക്ഷിതമായ കെട്ടിടങ്ങൾ, ചുറ്റുമതിൽ, വൈദ്യുതി, വെള്ളം, ടോയ്‌ലെറ്റ് തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി സമിതി വിലയിരുത്തുന്നു. 45% അങ്കണവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്വന്തമായി കെട്ടിടങ്ങൾ ഉള്ളവ തന്നെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നില്ല എന്നതും സമിതി അതീവ ഗൗരവത്തോടെ കാണുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് തൊട്ടടുത്ത സർക്കാർ സ്കൂൾ കെട്ടിടം/ക്ലാസ്സ് റൂം എന്നിവ ലഭ്യമാണെങ്കിൽ അവിടേക്ക് മാറ്റണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും അപ്രകാരം പ്രവർത്തിക്കുന്നില്ല എന്ന ഓഡിറ്റിന്റെ പരാമർശം സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ആയതിനാൽ സർക്കാർ ഉത്തരവ് മുഖവിലയ്ക്കെടുത്തും സ്കൂളിലെ സ്ഥല സൗകര്യം കണക്കിലെടുത്തും അങ്കണവാടികൾ പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കേന്ദ്രസർക്കാർ പരിധി നിശ്ചയിച്ചിട്ടുള്ള വാടകനിരക്ക് ഗ്രാമങ്ങളിൽ 200 രൂപയും മുനിസിപ്പാലിറ്റികളിൽ 500 രൂപയുമാണ്. ഇന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ തുച്ഛമായ ഈ വാടകയ്ക്ക് മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ടാണെന്ന് സമിതി വിലയിരുത്തുന്നു. കോട്ടയം ജില്ലയിലെ മീനടം ഗ്രാമപഞ്ചായത്ത് അങ്കണവാടിയുടെ പ്രവർത്തനത്തിൽ വർക്കർമാരും കുട്ടികളുടെ രക്ഷാകർത്താക്കളും വാടകത്തുക പിരിച്ചെടുത്താണ് നൽകുന്നതെന്ന് തെളിവെടുപ്പ് വേളയിൽ |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിലെ അങ്കണവാടിയിലെ പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്ന ഡയറക്ടറുടെ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധിയിൽ കൂടുതൽ തുക വാടകയിനത്തിൽ നൽകേണ്ടി വന്നാൽ ആയത് വകുപ്പ് നൽകുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 54 | തദ്ദേശസ്വയംഭരണ വകുപ്പ് & സാമൂഹ്യനീതി വകുപ്പ് | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നൽകുന്ന ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ് മെയിന്റനൻസിന് അനുവദിക്കുന്ന തുക 100%-വും ചെലവാക്കുമ്പോൾ നോൺ റോഡ് മെയിന്റനൻസിനുള്ള തുകയുടെ 40% മാത്രമാണ് ചെലവഴിക്കുന്നതെന്ന് കാണുന്നു. പ്രതിവർഷം പഞ്ചായത്തുകൾക്കായി ലഭിക്കുന്ന നാലായിരം കോടിയോളം രൂപയിൽ അങ്കണവാടികൾക്കു വേണ്ടി കാര്യമായി ഒന്നും ചെലവഴിക്കുന്നില്ലെന്ന വസ്തുത ഖേദകരമാണ്. പാവപ്പെട്ട കുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുവാൻ വകുപ്പ് മുൻകൈ എടുക്കണമെന്നും നിശ്ചിത ശതമാനം ഗ്രാന്റ് നിർബന്ധമായും അങ്കണവാടികളുടെ പ്രവർത്തനത്തിനായി മാറ്റിവയ്ക്കാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ നോൺ റോഡ് ഫണ്ട് അങ്കണവാടികളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കണമെന്നും ചെറിയ കുട്ടികൾ കുടിവെള്ളത്തിനും പ്രാഥമികാവശ്യം നിറവേറ്റാനും അങ്കണവാടികൾക്ക് സമീപമുള്ള അയൽ വീടുകളെ ആശ്രയിക്കുന്നത് മാറിയ സാമൂഹിക പശ്ചാത്തലത്തിൽ സുരക്ഷിതമല്ലെന്ന് കാണുന്നതിനാൽ അങ്കണവാടികളിൽ കുടിവെള്ള സംഭരണിയും ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റും നിർമ്മിക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമായി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വന്തമായി കെട്ടിടമുള്ള എല്ലാ അങ്കണവാടികൾക്കും ടോയ്‌ലെറ്റും കുടിവെള്ള സൗകര്യവും തദ്ദേശസ്വയംഭരണ വകുപ്പും ശുചിത്വ മിഷനും സംയുക്തമായി നടപ്പാക്കുമെന്ന സാമൂഹ്യനീതി ഡയറക്ടറുടെ ഉറപ്പ് കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കുടിവെള്ളമെത്തിക്കുന്നതിൽ വാട്ടർ അതോറിറ്റിയേക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നത് ജനകീയ സമിതികളാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ജനകീയ സമിതികൾ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | 55 | ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് & സാമൂഹ്യനീതി വകുപ്പ് | അങ്കണവാടികളിലെ കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരുന്നതായി സമിതി മനസ്സിലാക്കുന്നു. അങ്കണവാടിയിലെ കരിക്കുലം കാലോചിതമായി പരിഷ്കരിച്ച് കുട്ടികൾക്കാകർഷകമാകുന്ന രീതിയിൽ മാറ്റണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അംഗനവാടിയിലെ കുട്ടികൾക്ക് ലഭ്യമാകുന്ന സൗജന്യസേവനങ്ങളും ഇമ്മ്യൂണൈസേഷനും ഹെൽത്ത് ചെക്കപ്പും മറ്റ് സ്ഥലങ്ങളിൽ ലഭിക്കുന്നില്ല. എന്നാൽ പ്രസ്തുത വിഷയങ്ങൾ വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്ന കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുന്നില്ല. തദ്വാര ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ദ്രുതഗതിയിൽ വളരുന്നതായി സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത സ്കൂളുകളിൽ കിട്ടുന്ന ശ്രദ്ധയും പരിചരണവും അങ്കണവാടികളിൽ ലഭിക്കുന്നില്ല എന്ന പൊതുജന ധാരണയെ ബോധവൽക്കരണത്തിലൂടെയും പ്രവർത്തന മികവിലൂടെയും മാറ്റേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 56 | തദ്ദേശസ്വയംഭരണ വകുപ്പ് & ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് | അങ്കണവാടി കെട്ടിടങ്ങളുടെ രൂപകല്പന, കുട്ടികൾക്ക് ആകർഷകമായിരിക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു. ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി എന്ന പദ്ധതി പ്രകാരം രണ്ട് നില കെട്ടിടങ്ങളിൽ കുട്ടികളേയും കൗമാരക്കാരായ പെൺകുട്ടികളേയും അമ്മമാരേയും വൃദ്ധരേയും ആധുനിക സൗകര്യങ്ങളോടുകൂടി ഉൾക്കൊള്ളിക്കാൻ സാധിക്കുമെന്നത് ഗുണകരമാകുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നാൽ പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച 71 അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമാണോയെന്ന് പരിശോധിച്ച് നിലവിലെ സ്ഥിതി അറിയിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 9 | 57 | തദ്ദേശസ്വയംഭരണ വകുപ്പ് & സാമൂഹ്യനീതി വകുപ്പ് | ഓരോ ഭൂപ്രദേശത്തിനും കാലാവസ്ഥയ്ക്കും അനുസൃതമായി സൗകര്യപ്രദവും സുരക്ഷിതവുമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ഡിസൈനുകൾ തയ്യാറാക്കണമെന്നും ഇതു സംബന്ധിച്ച പ്രവർത്തന പുരോഗതിയിൽ ശിശുവിഷയ വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി ഒരു സമിതി അടിയന്തരമായി രൂപീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 58 | ,, | ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള നഗരൂർ പേരൂർ കാട്ടുചിറ അങ്കണവാടിയുടെ കെട്ടിടം ചോർച്ച സംബന്ധിച്ചും മലപ്പുറം പുൽപ്പറ്റ അങ്കണവാടി, കോഴിക്കോട് വലിയവളപ്പ് എന്നിവയുടെ ശോചനീയാവസ്ഥ സംബന്ധിച്ചും സമിതി കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടതിൻ പ്രകാരം ലഭ്യമായ റിപ്പോർട്ടുകളിൽ നിന്നും നഗരൂർ പേരൂർ കാട്ടുചിറ അങ്കണവാടി നല്ലരീതിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നതായും കോഴിക്കോട് വലിയവളപ്പ് അങ്കണവാടി മറ്റൊരു കെട്ടിടത്തിൽ നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. മലപ്പുറം-പുൽപ്പറ്റ അങ്കണവാടിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ കുട്ടികളെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ സാഹചര്യത്തിൽ സുരക്ഷിതമല്ലാത്ത അങ്കണവാടി കെട്ടിടങ്ങൾ ഈ വർഷംതന്നെ പുതുക്കിപ്പണിയേണ്ടതാണെന്ന് പൊതു നിർദ്ദേശം വകുപ്പ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 59 | തദ്ദേശസ്വയംഭരണ വകുപ്പ് | അങ്കണവാടി കുട്ടികൾക്ക് നൽകുന്ന ഭക്ഷണം രുചികരവും ആരോഗ്യപ്രദായകവും ആകണമെന്നും വൈവിധ്യമാർന്ന ഭക്ഷണം ശാസ്ത്രീയമായി നൽകേണ്ടതാണെന്നും അതിൽ പ്രാദേശിക രുചികൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. ഈ വിഷയത്തിൽ പുതിയ പോഷകാഹാരനയം രൂപീകരിക്കേണ്ടതാണെന്നും കുടുംബശ്രീ പോലുള്ള യൂണിറ്റുകളുടെ ഗുണനിലവാരം കൂടിയ ഉല്പന്നങ്ങൾ വിതരണം നടത്തുന്നത് ഫലപ്രദമാകുമെന്നും സമിതി നിരീക്ഷിക്കുന്നു. പ്രീ സ്കൂൾ കുട്ടികൾക്കുള്ള പൂരക പോഷകാഹാര വിതരണവും പ്രീ സ്കൂൾ കുട്ടികൾകൂടി ഉൾപ്പെടുന്ന മറ്റ് ഗുണഭോക്താക്കൾക്കുള്ള പൂരക പോഷകാഹാരവിതരണവും തദ്ദേശസ്വയംഭരണ വകുപ്പാണ് നിർവ്വഹിച്ചുവരുന്നത്. നിർദ്ദിഷ്ട കലോറി ഊർജ്ജവും പ്രോട്ടീനും ലഭിക്കത്തക്കതും സ്റ്റോക്ക് ചെയ്ത് സൂക്ഷിച്ച് വിതരണം ചെയ്യാൻ പറ്റുന്നതുമായ ഭക്ഷണങ്ങൾ പോഷകമൂല്യം ഉറപ്പുവരുത്തി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാവുന്നതാണ്. ഗോതമ്പ്, കടല, ഉഴുന്നുപരിപ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങളാണ് സ്ഥിരമായി ഇതിനുപയോഗിക്കുന്നതെന്നും ഇത് ഗുണഭോക്താക്കളിൽ മടുപ്പ് വരാൻ ഇടയാക്കുമെന്നും സമിതി കണക്കാക്കുന്നു. ആയതിനാൽ അധിക സാമ്പത്തിക ചെലവില്ലാതെതന്നെ വ്യത്യസ്ത വിഭവങ്ങൾ നിർദ്ദിഷ്ട ഊർജ്ജ മാനദണ്ഡങ്ങൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പാലിച്ച് വിതരണം നടത്തണമെന്നും 'അകലെയുള്ള ആഹാരം രോഗത്തിനും അടുത്തുള്ള ആഹാരം ആരോഗ്യത്തിനും' എന്നതാണ് ഇന്നത്തെ മുദ്രാവാക്യം എന്ന് ചൂണ്ടിക്കാട്ടുവാനും സമിതി ആഗ്രഹിക്കുന്നു. അതിനാൽ അംഗനവാടിയിലെ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരം ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റപ്പെടേണ്ടതുണ്ടെന്ന് നിർദ്ദേശിക്കുന്നു. |
| 12 | 60 | തദ്ദേശസ്വയംഭരണ വകുപ്പ്<br>&<br>കൊച്ചി നഗരസഭ | കൊല്ലം, വടകര നഗരസഭകൾ മാത്രമാണ് കേന്ദ്രസർക്കാരിന്റെ പോഷകാഹാര ഫണ്ട് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതെന്നും മറ്റുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത ഉത്തരവ് പ്രകാരം പ്രവർത്തിക്കാത്തത് ഖേദകരമാണെന്നും സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക അക്കൗണ്ട് സൂക്ഷിക്കാത്തതിനേക്കാൾ ഗൗരവമാണ് യഥാവിധി ഫണ്ട് ചെലവഴിക്കാത്തതെന്ന് സമിതി വീക്ഷിക്കുന്നു. എറണാകുളം കോർപ്പറേഷൻ ഒരു കോടി രൂപയിലധികം പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കാത്ത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ന്യൂട്രീഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട കേന്ദ്ര ഫണ്ട് മാറി നിക്ഷേപിച്ചതും അങ്കണവാടികളുടെ തന്നെ മറ്റ് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതുമായ സ്ഥാപനങ്ങളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം ലഭ്യമായ മറുപടിയിൽ കൊച്ചി നഗരസഭ 2007-08 മുതൽ 2014-15 വരെയുള്ള 8 വർഷകാലയളവിൽ ലഭിച്ച കേന്ദ്ര വിഹിതമായ 1,80,71,758 രൂപ തനതു ഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തതെന്നും 2014-ൽ പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നും നിക്ഷേപിച്ച തുകയിൽനിന്ന് 25,40,069 രൂപ ടി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും കാണുന്നു. പൂരക പോഷകാഹാര പദ്ധതിയിൽ മിച്ചം വരുന്ന തുക അങ്കണവാടികളുടെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | മറ്റ് പദ്ധതികൾക്ക് ചെലവഴിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക വിനിയോഗിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി വരുന്നതായും അങ്കണവാടികൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതായും കാണുന്നു. |
| 13 | 61 | തദ്ദേശസ്വയംഭരണ വകുപ്പ് | ഈ സാഹചര്യത്തിൽ, വിവിധ ആവശ്യങ്ങൾക്കായി അങ്കണവാടികൾക്കായി അനുവദിക്കുന്ന ഫണ്ട് നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കണമെന്നും ഫണ്ടിന്റെ വിനിയോഗം സുഗമമായി നടത്തണമെന്നും ഇക്കാര്യത്തിൽ മോണിറ്ററിംഗ് ശക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 62 | ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് & സാമൂഹ്യനീതി വകുപ്പ് | ടേക്ക് ഹോം റേഷൻ സ്റ്റാറ്റജി പ്രകാരം വിതരണം ചെയ്യുന്ന അമൃതം പോലുള്ള ഓർഗാനിക് ഭക്ഷണം 20 ദിവസം വരെ കേടുകൂടാതെ സൂക്ഷിക്കാമെന്നും ഗുണനിലവാരമുള്ളതാണെന്നുമുള്ള വകുപ്പിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ കാലപ്പഴക്കം ചെന്നതും ഗുണനിലവാരം കുറഞ്ഞതുമായ ഉല്പന്നങ്ങൾ വിതരണം നടത്തിയിട്ടുള്ളത് സമിതി അതീവ ഗൗരവത്തോടെ കാണുന്നു. ഭക്ഷ്യവസ്തുക്കൾ വാങ്ങുന്ന സ്ഥലം മുതൽ യൂണിറ്റുകളുടെ അടുക്കള, സ്റ്റോർ റൂം വരെയുള്ള സ്ഥലങ്ങൾ വൃത്തിയുള്ള സാഹചര്യത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈ എടുത്ത് കേരളത്തിന്റെ വടക്കും തെക്കും മധ്യകേരളത്തിലുമായി 3 ഫുഡ് ലാബുകൾ സ്ഥാപിക്കണമെന്നും കുട്ടികൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ നിർബന്ധമായും പരിശോധനകൾക്ക് വിധേയമാക്കി നല്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 63 | സാമൂഹ്യനീതി വകുപ്പ് & തദ്ദേശസ്വയംഭരണ വകുപ്പ് | അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എന്നിവ പോലെ അതീവ പ്രാധാന്യമുള്ളതാണ് വർക്കർമാരും ഹെൽപ്പർമാരും എന്ന് സമിതി മനസ്സിലാക്കുന്നു. കുട്ടികളുടെ ശാരീരിക, മാനസിക വികാസം ആരംഭിക്കുന്നത് ചിന്തകളിലൂടെയും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അനുഭവങ്ങളിലൂടെയുമാണെന്നും ഇവ ആർജ്ജി ക്കുന്നതിന് സഹായിക്കുന്ന തീം ചാർട്ടുകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടെന്നും വകുപ്പ് നല്കിയ മറുപടിയിൽ കാണുന്നു. ഇത് തൃപ്തികരമാണെങ്കിലും പ്രായോഗിക തലത്തിൽ എത്രത്തോളം ഫലപ്രാപ്തി നേടിയെന്നത് നിശ്ചയിക്കപ്പെടുന്നത് അവരെ മനഃശാസ്ത്രപരമായി പരിശീലിപ്പിക്കുന്നതിലൂടെയാണ്. മികച്ച വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അഭാവം സമിതിയെ ആശങ്കപ്പെടുത്തുന്നു. 33000 അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകുന്നതിന് 15 അങ്കണവാടി ട്രെയിനിംഗ് സെന്ററുകൾ മാത്രമാണുള്ളതെന്നും 45 ദിവസത്തെ ട്രെയിനിംഗ് ഇവർക്ക് നല്കുന്നുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അങ്കണവാടി ഹെൽപ്പർ തസ്തികയിലേക്കുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം ടി ഹെൽപ്പർ/വർക്കർമാരുടെ സ്ഥിര നിയമനം നടത്തിയതും ഒഴിവുകൾ നികത്തിയതും സംബന്ധിച്ച് നടപടി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. കുട്ടികളുടെ മനഃശാസ്ത്രവും നൈസർഗ്ഗികവുമായ കഴിവ് അനുസരിച്ച് അവരെ പരിശീലിപ്പിക്കാൻ പ്രാപ്തരായ വർക്കർമാരും ഹെൽപ്പർമാരുമല്ല നിലവിലുള്ളതെന്നും അതിനാൽ അവർക്ക് ഇക്കാര്യത്തിൽ പ്രത്യേക പരിശീലനം വകുപ്പ് മുൻകൈയെടുത്ത് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 64 | റവന്യൂ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് & തദ്ദേശസ്വയംഭരണ വകുപ്പ് | അങ്കണവാടികൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യത, പശ്ചാത്തല സൗകര്യങ്ങൾ, മികച്ച വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവനം, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ മികവ്, വൃത്തിയുള്ള അന്തരീക്ഷം, പോഷക മൂല്യമുള്ളതും ഗുണനിലവാര മുള്ളതുമായ ഭക്ഷണ പദാർത്ഥങ്ങളുടെ വിതരണം, |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സാമൂഹ്യതലത്തിൽ വ്യക്തി ബോധവല്ക്കരണം എന്നിങ്ങനെ സുപ്രധാന കാര്യങ്ങൾ നിർവ്വഹിക്കുന്ന അതീവ പ്രാധാന്യമർഹിക്കുന്ന അടിസ്ഥാന ഘടകമാണ് അങ്കണവാടികൾ. ആയതിനാൽ ഓരോ കുട്ടിക്കും ആരോഗ്യവും സന്തോഷവും പ്രദാനം ചെയ്യുന്ന ശിശുസൗഹാർദ്ദ സാഹചര്യം സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി ഓർമ്മപ്പെടുത്തുന്നു. കേരളത്തിലെ ഓരോ അങ്കണവാടികളും നിലവിലെ സാഹചര്യങ്ങൾ കഴിയുന്നത്ര മെച്ചപ്പെടുത്തി പോരായ്മകൾ പരിഹരിക്കുന്നതിന് ദ്രുതഗതിയിൽ നടപടികൾ സ്വീകരിക്കണമെന്നും റവന്യൂ, സാമൂഹ്യക്ഷേമ, തദ്ദേശസ്വയംഭരണ വകുപ്പുകൾ ഏകോപിച്ച് സുശക്തവും കുറ്റമറ്റതുമായൊരു ശിശുക്ഷേമ അങ്കണവാടി സംവിധാനം സൃഷ്ടിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇത്തരം സമീപനത്തിലൂടെ ഭാരതത്തിലെ തന്നെ ഏറ്റവും മികച്ച അങ്കണവാടികൾ കേരളത്തിന്റേതാകുമെന്ന് സമിതി പ്രത്യാശിക്കുന്നു. |

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള വിശദീകരണം

പൊതു അവലോകനങ്ങളും നിർദ്ദേശങ്ങളും ആയി ഉൾക്കൊള്ളിച്ചിട്ടുള്ള ഓഡിറ്റ് പരാമർശങ്ങൾക്കും ശുപാർശകൾക്കും ഉള്ള വിശദീകരണം ചുവടെ ചേർക്കുന്നു.

### 3.3.6 അങ്കണവാടികളുടെ ഭൗതിക സാഹചര്യം.

നിലവിൽ 33108 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 19717 അങ്കണ വാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട് സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് ചുറ്റുമതിൽ, ടോയ്ലെറ്റ്, കുടിവെള്ളം എന്നിവയുണ്ട് 19717 അങ്കണവാടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചവയും ഉൾക്കൊള്ളുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായും പ്ലാൻ ഫണ്ടിലും BRGEF-ൽ ഉൾപ്പെടുത്തിയും അങ്കണ വാടി കെട്ടിട നിർമ്മാണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാനുദ്ദേശിക്കുന്ന 475 അങ്കണവാടി കെട്ടിട നിർമ്മാണം തദ്ദേശസ്വയയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് പൂർത്തീകരിക്കാനുദ്ദേശിക്കുന്നത്.

കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് വാടകയ്ക്ക് കെട്ടിടങ്ങൾ എടുക്കുമ്പോൾ അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തണമെന്ന നിർദ്ദേശം ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് പുറമേ അധികമായി വരുന്ന തുക പഞ്ചായത്തുകൾ വഹിക്കേണ്ടതാണ്. പല പഞ്ചായത്തുകളും ഇത് നിർവ്വഹിച്ചു വരുന്നുണ്ട്. കെട്ടിടമില്ലാത്ത അങ്കണവാടികൾ സ്കൂൾ കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. (സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ അതോടൊപ്പംതന്നെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയുടേയും പരിഗണനയ്ക്കും തുടർ നടപടികൾക്കുമായി മേൽ പറഞ്ഞവ സമർപ്പിക്കുന്നതാണ്).

### 3.3.7 കെട്ടിടങ്ങളുടെ സുരക്ഷിതത്വം

അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ നിലവിലുള്ള സർക്കാർ ചട്ടങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് സാമൂഹ്യനീതി വകുപ്പിൽ നിന്നും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് പഞ്ചായത്തുകളുടെ കൂടി ഉടമസ്ഥാവകാശം നിലനിൽക്കുന്ന തദ്ദശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം ഇതിനകം തന്നെ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നൽകിക്കഴിഞ്ഞു. 2013-14 വാർഷിക പദ്ധതിയിലും തുടർ പദ്ധതികളിലും പഞ്ചായത്തടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് വേണ്ടുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയ്ക്കും സംസ്ഥാനകോ-ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് മുന്നിലും സമർപ്പിക്കുന്നതാണ്.

**3.3.8 അങ്കണവാടി കെട്ടിട നിർമ്മാണം.**

അങ്കണവാടി കെട്ടിട നിർമ്മാണത്തിലെ അപാകതകളും നിരമ്മാണം നിർമ്മാണം നിലച്ചുപോയവയെ സംബന്ധച്ചുമാണ് ഈ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തിപരമായി പരാമർശിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അനുബന്ധം I-ൽ വ്യക്തമാക്കുന്നുണ്ട്.

**3.3.9 വെൽഫയർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ.**

അങ്കണവാടിതല വെൽഫയർ കമമിറ്റി പ്രവർത്തനങ്ങൾ എല്ലാ അങ്കണ വാടികളിലും ചിട്ടപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. പ്രവർത്തന പുരോഗതി ജില്ലതലത്തിൽ നടത്തുന്ന അവലോകന യോഗത്തിൽ പരിശോധിക്കുന്നുണ്ട്.

**3.3.10 പൂരക പോഷകാഹാര പദ്ധതി.**

അനുപൂരക പോഷകാഹാര പരിപാടിയിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ വ്യത്യസ്തതയും നിർദ്ദിഷ്ട കലോറി ഊർജ്ജവും പ്രോട്ടീനും ലഭിക്കത്തക്ക വിധത്തിൽ പദ്ധതി നിർവ്വഹണം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നിലനിൽക്കുന്നതിനാൽ അപ്രകാരം ചെയ്തു വരുന്നുണ്ട്. ആവശ്യമായ നിർദ്ദേശങ്ങൾ പ്രോഗ്രാം ഓഫീസർമാരുടെ സംസ്ഥാനതല അവലോകന യോഗങ്ങളിലും ശിശു വികന പദ്ധതി ഓഫീസർമാരുടെ ജില്ലാതല അവലോകന യോഗങ്ങളിലും ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്.

**3.3.11 അനുപൂരക പോഷകാഹർ പദ്ധതി.**

അനുപാരക പോഷകാഹാര പദ്ധതിയ്ക്ക് കേന്ദ്ര വിഹിതമായ തുക പഞ്ചായത്തുകൾക്ക് സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് തന്നെ കൈമാറ്റം ചെയ്യുകയാണ് പതിവ്. ഈ മേഖലയിൽ തുക അധികമായിവന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ഉപയോഗിക്കാമെന്ന് ഇതിനകംതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ അപ്രകാരം ചെയ്തു വരുന്നു. ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേകമായി ചൂണ്ടി കാണിച്ചിരിക്കുന്ന പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ പെടുത്തുവാൻ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയലും സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലും പ്രശ്നം ചർച്ച ചെയ്യുന്നതാണ്

**3.3.12 ടേക് ഹോം റേഷൻ സ്ട്രാറ്റജി (THRS).**

3-വയസ്സിനു താഴെ പ്രായമുള്ള അങ്കണവാടി ഗുണഭോക്താക്കളായ കുട്ടികൾക്ക് നൽകി വരുന്ന അനുപൂരക പോഷകാഹാരമായ THRS നൽകി വരുന്നത് കേരള സംസ്ഥാന കുടുംബശ്രീമിഷൻ മുഖേനയാണ്. കുടുംബശ്രീ മിഷൻ അവരുടെ യൂണിറ്റുകൾ മുഖേന തയ്യാറാക്കുന്ന ഭക്ഷ്യ വസ്തുക്കൾ ഫുഡ് അനാലറ്റിക്കൽ ലാബുകൾ വഴി പരിശോധനാവിധേയമാക്കുന്നുണ്ട്. പരിശോധനാഫലം കിട്ടുന്നതിനുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനായി പ്രദേശികമായി ഇടപെടുന്നതിന് പ്രോഗ്രാം ഓഫീസർമാരക്ക് നിരദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റേ നിർദ്ദേശ പ്രകാരം ഈ ഭക്ഷ്യമിശ്രിതം കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ കീഴിൽ ചെന്നൈയിൽ പ്രവർത്തിക്കുന്ന റിജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ കൂടി പരിശോധനാവിധേയമാക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. അപ്രകാരം ചെയ്തുവരുന്നുണ്ട്.

THRS ഭക്ഷ്യ മിശ്രിതം കൃത്രിമ രാസ പദാർത്ഥങ്ങൾ ഉപയോഗിക്കാതെയാണ് നിർമ്മിച്ചു വരുന്നത്. കുട്ടികൾക്ക് ഇഷ്ടമുള്ള ഓറഞ്ച്, ആപ്പിൾ, മുന്തിരി തുടങ്ങിയ ഫ്ളേവറുകൾ ചേർക്കുന്നതിനും ശിശു സൗഹൃദമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. അട്ടപ്പാടി ഐസിഡിഎസ്. മേഖലയിൽ വിതരണം ചെയ്യുന്ന THRS-ൽ ഇതിനകംതന്നെ ഭേദഗതി വരുത്തിയിട്ടുണ്ട്.

**3.3.13 ഭക്ഷ്യ വസ്തുക്കൾ വാങ്ങൽ.**

അങ്കണവാടികളുടെ ഉപയോഗത്തിനായുള്ള ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നത് പ്രധാനമായും മാവേലി സ്റ്റോറുകളിലൂടെയും നീതി സ്റ്റോറുകളിലൂടെയുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ഇപ്രകാരം വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയായ ശിശു വികസന പദ്ധതി ഓഫീസർ സൂക്ഷിക്കുകയും അക്കൗണ്ടന്റ് ജനറൽ, ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് എന്നീ ഓഡിറ്റിംഗുകൾക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായതത് തലത്തിൽ വാങ്ങുന്ന ഭക്ഷ്യ വസ്തുക്കൾ അങ്കണവാടികളിൽ സൂക്ഷിക്കുകയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്യുകയും ചെയ്യുന്നു. സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല ഉദ്യോഗസ്ഥർ ജില്ലാതല ഉദ്യോഗസ്ഥർ,ബ്ലോക്ക്തല ഉദ്യോഗസ്ഥരായ ശിശു വികസന

പദ്ധതി ഓഫീസർമാർ, പഞ്ചായത്ത്തല ഉദ്യോഗസ്ഥരായ സൂപ്പർവൈസർമാർ എന്നിവരുടെ അങ്കണവാടി സന്ദർശന വേളയിൽ ഈ രജിസ്റ്റർ പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ നിലവിലുള്ള ചട്ട പ്രകാരം പഞ്ചായത്ത്തല അങ്കണവാടി സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടത് ഇവരുടെ പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. ഈ പ്രവർത്തനത്തിൽ വീഴ്ച്ച വരുത്തുന്ന പക്ഷം കനത്ത ശിക്ഷാ നടപടി സ്വീകരിക്കുന്നതാണ്.

മാവേലി സ്റ്റോറുകളിലെ വിലയേക്കാൾ കൂടുതൽ ഭക്ഷ്യ സാധനങ്ങൾ വാങ്ങാൻ പാടില്ലാ എന്ന നിർദ്ദേശം പാലിക്കാതെ ഭക്ഷ്യവസ്തുക്കൾ വാങ്ങുമ്പോൾ ഉണ്ടാകുന്ന നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്.

അങ്കണവാടികളിലെ ഭക്ഷ്യ സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റിയറിംഗ് കമ്മിറ്റിയിലും സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ചർച്ച ചെയ്യുന്നതാണ്.

**3.3.16 ശുപാർശകൾ**

1) ശിശു ക്ഷേമ പദ്ധതികളുടെ നടത്തിപ്പ്, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവയുടെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായി സംസ്ഥാനത്ത് 5 ടയർ സിസ്റ്റം നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനതലം മുതൽ അങ്കണവാടിതലം വരെ നിർവ്വഹണ അവലോകന കമ്മിറ്റികൾക്ക് കേന്ദ്ര സർക്കാർ രൂപം നൽകുകയും സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയിൽ ഈ വിഷയം ഉടൻ ചർച്ച ചെയ്യുന്നതാണ്.

2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയിലും അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കുന്നതിനായുള്ള ശുപാർശകൾ സമർപ്പിക്കുന്നതാണ്.

3) അടിസ്ഥാന സൗകര്യം സംബന്ധിച്ചും പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട ചുമതലകളെ സംബന്ധിച്ചും അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയ സമയത്ത് സർക്കാർ ഉത്തരവിലൂടെ മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. ഓരോ അങ്കണ വാടിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച രേഖ ഒരിക്കൽക്കൂടി തയ്യാറാക്കി നൽകുന്നതാണ്. അങ്കണവാടി കെട്ടിടങ്ങളുടെ മാതൃകാ പ്ലാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

4) അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകണമെന്ന നിർദ്ദേശം കർശനമായി പാലിക്കുന്നതിനായി വിഷയം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയ്ക്ക് മുന്നിലും അവതരിപ്പിക്കുന്നുണ്ട്.

5) അങ്കണവാടി വെൽഫയർ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം കമ്മിറ്റിയിലെ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനാമായി നടപടി സ്വീകരിക്കുന്നതാണ്.

6) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വികസന ഫണ്ട് നേരിട്ട് ചെലവഴിക്കുന്നതിന് വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിനായും സർക്കാർ ഉത്തരവ് ലഭിക്കുന്നതിനായും പ്രസ്തുത വിഷയം സ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയ്ക്ക് മുന്നിലും അവതരിപ്പിക്കുന്നുണ്ട്.

7) അങ്കണവാടി കുട്ടികൾക്ക് യൂണിഫോം, വാഹന സൗകര്യം, കംപ്യൂട്ടർ ഗെയിമുകൾ, ആകർഷകമായ ക്ലാസ്മുറികൾ എന്നിവയിൽ തീരുമാനം എടുക്കുന്നതിനായി പ്രസ്തുത വിഷയം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയക്ക് മുന്നിലും പ്രസ്തുത വിഷയം അവതിരിപ്പിക്കുന്നുണ്ട്. എല്ലാ വർഷവും അനൗപചാരിക വിദ്യാഭ്യാസത്തിനായി അങ്കണവാടി കുട്ടികൾക്ക് പ്രീ-സ്കൂൾ കിറ്റ് വാങ്ങി നൽകുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളെ പ്രദേശിക വിഭവ കേന്ദ്രമാക്കുകയും കംപ്യൂട്ടർ അടക്കമുള്ള സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

8) അങ്കണവാടികളിലെ കുട്ടികൾക്ക് പ്രഥമ ശുശ്രൂഷയോടൊപ്പംതന്നെ അത്യാവശ്യ രോഗങ്ങൾക്ക് (പനി, ജലദോഷം) ഉപയോഗിക്കാവുന്ന മെഡിസിൻകിറ്റുകൾ എല്ലാ അങ്കണവാടികളിലും വർഷന്തോറും വാങ്ങി നൽകുന്നുണ്ട്. ANN, JPHN തുടങ്ങിയ ആരോഗ്യ പ്രവർത്തകർ ഈ മരുന്നുകൾ രോഗാവസ്ഥയിൽ നൽകുന്നത് സംബന്ധിച്ച് വേണ്ട പരിശീലനം നൽകുന്നുണ്ട്. ബ്ലോക്ക്തല പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയും ഈ കിറ്റുകളുടെ ഉപയോഗത്തിനായി പരിശീലനം നൽകി വരുന്നുണ്ട്.

9) അങ്കണവാടികളിലെ പോഷകാഹാരങ്ങളുടെ സംഭരണത്തിനും വിതരണത്തിനും സർക്കാർ ഏജൻസി രൂപവൽക്കരിക്കുക എന്ന പദ്ധതി ചീഫ് സെക്രട്ടറി

അദ്ധ്യക്ഷനായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

10) മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവാർഡുകൾ നൽകുന്നുണ്ട്.

ജികെ/ 17-10-3

## അനുബന്ധം-I

**സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അപാകതകളും അവയുടെ പരിഹാര നിർദ്ദേശങ്ങളും.**

| റിപ്പോർട്ടിൽപരാമർശിക്കുന്ന അപാകതകൾ | | | സ്വീകരിച്ച നടപടി |
|---|---|---|---|
| | | | |
| 1 | ഓഡിറ്റ് പരാമർശത്തിലെ ഖണ്ഡികയുടെ നം. | ഹെൽപ്പർ തസ്തികയിലെ ഒഴിവ് | |
| | 3.3.5 | കൊല്ലം ജില്ലയിലെ വെളിയം 4 ഹെൽപ്പർ തസ്തികകൾ ഒഴിവ് | റാങ്ക് ലിസ്റ്റ് നിലവിലില്ല. പുതുക്കിയ മാനദണ്ഡ പ്രകാരമുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | 3.3.5 | കുണ്ടറ പഞ്ചായത്തിൽ അങ്കണവാടി സെന്റർ-10 1 ഹെൽപ്പർ തസ്തിക | കുണ്ടറ പഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 10 ൽ സ്ഥിരം ഹെൽപ്പറെ നിയമിച്ചിട്ടുണ്ട്. |
| | 3.3.5 | പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം പഞ്ചായത്തിൽ 1 ഹെൽപ്പർ തസ്തിക | സെലകഷൻ ലിസ്റ്റ് നിലവിൽ ഇല്ല വർക്കർ/ഹെൽപ്പർ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| | | | |

| | | | |
|---|---|---|---|
| | 3.3.5 | കോട്ടയം മീനടം പഞ്ചായത്തിൽ<br>1 വർക്കർ + 1 ഹെൽപ്പർ | മീനടം പഞ്ചായതതിൽ വരക്കറുടെ ഒഴിവ് ഹെൽപ്പറുടെ പ്രോമോഷൻ വഴി നടത്തിയിട്ടുണ്ട്1-6-12 മുതൽ വർക്കറുടെ ഒഴിവില്ല. സെലക്ഷൻ ലിസ്റ്റിൽ ആൾ ഇല്ലാത്തതിനാൽ ഹെൽപ്പറെ സ്ഥിരമായിനിയമിച്ചിട്ടില്ല. താൽക്കാലിക നിയമനം നടത്തിവരുന്നു. ബാക്കി പ്രോജക്ടുകളിൽ ചട്ട് അനുശാസിക്കും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | 3.3.5 | ഇടുക്കികരിക്കുന്നം പഞ്ചായത്തിൽ സെന്റർ നമ്പർ 23,32-ൽ ഹെൽപ്പർ-1 | കരിങ്കുന്ന് പഞ്ചായത്തിലെ 2 സെന്ററുകളിൽ സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ താൽക്കാലിക ഹെൽപ്പർമാരെയാണ് നിയോഗിച്ചിട്ടുള്ളത്. പുതുക്കിയ സെലക്ഷൻ കമ്മിറ്റികൂടി സെലക്ഷൻ നടത്തുന്നതിന് നടപടി കൈകൊണ്ടിട്ടുണ്ട്. സെലക്ഷൻ നടപടി ക്രമം പൂർത്തിയാകുന്നതോടെ ഒഴിവുകൾ നികത്തുന്നതാണ്. |
| | 3.3.5 | ആലപ്പുഴ നഗരസഭ<br>6 വർക്കർ, 12 ഹെൽപ്പർ | വർക്കറുടെ ഒഴിവ് നികത്തിയിട്ടുണ്ട് ഹെൽപ്പർ നിയമനത്തിനായി നവംബർ മാസത്തിൽ ഇന്റർവ്യൂ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | 3.3.5 | കൊച്ചി നഗരസഭയിൽ 24 ഹെൽപ്പർ | വർക്കർ/ഹെൽപ്പർ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | 3.3.6 | കുടിവെള്ളം, ടോയ്‌ലറ്റ്, അടിസ്ഥാന സൗകര്യം എന്നിവയില്ലാത്ത വാടക കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു. | പത്തനംതിട്ട :<br>കുടിവെള്ളം,ടേയിലറ്റ് അടിസ്ഥാന സൗകര്യം എന്നിവയുണ്ടെന്ന് ഉറപ്പു വരുത്തിയ കെട്ടിടങ്ങൾ മാത്രം എടുക്കുന്നത്. അല്ലാത്തവയിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 3 | 3.3.6 | സർക്കാർ സ്കൂൾ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുന്നത് | പത്തനംതിട്ട<br>പരമാവധി അംഗണവാടികൾ മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. |
| 4 | 3.3.6 | അങ്കണവാടികളിലെ കുടിവെള്ളത്തിന്റെ ലഭ്യത. | പത്തനംതിട്ട<br>കുടിവെള്ളം കുറവുള്ള സെന്ററുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 5 | 3.3.6 | 1)കാസർഗോഡ് വോർക്കാടി പഞ്ചായത്തിലെ അങ്കണവാടി കെട്ടിടങ്ങൾക്ക് നമ്പർ ഇല്ലാത്തതിനാൽ വൈദ്യുതി കിട്ടിയിട്ടില്ല. | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ICDS പ്രോജക്ടിന്റെ പരിധിയിൽ വരുന്ന വോർക്കാടി പഞ്ചായത്തിലെ കെട്ടിടമുള്ള അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി എത്രയും വേഗം കെട്ടിട നമ്പർ പതിച്ച് നൽകുന്നതിനായി പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | 3.3.6 | 2) കണ്ണൂർ ന്യൂമാഹി പഞ്ചായത്തിലെ അങ്കണവാടികളൊന്നും വൈദ്യുതീകരിച്ചിട്ടില്ല. | ന്യൂമാഹി പഞ്ചായത്തിൽ 16 സെന്ററുകൾ പ്രവർത്തിക്കുന്നു ഇതിൽ 4 . എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.<br>4അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ പൂർത്തിയായി വരുന്നുണ്ട്. 2013 ജൂൺ മാസത്തിൽ വൈദ്യുതീകരണം പൂർത്തിയാക്കാനാകുമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 6 | 3.3.6 | കോഴിക്കോട് ജില്ലയിലെ പാലാട്ട്താഴം അങ്കണവാടിയ്ക്ക് വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ല. കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉണ്ട്. കംപ്യൂട്ടർ പ്രവർത്തിപ്പിക്കാനാകാത്ത നിലയിലാണ് | പാലാട്ട് താഴം അങ്കണ വാടിയ്ക്ക് 2012 മാർച്ചിൽ വൈദ്യുതി കണക്ഷൻ ലഭിക്കുകയും കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. |
| 7 | 3.3.6 | അങ്കണവാടികളിൽ ചുറ്റുമതിൽ ഇല്ല. | ചുറ്റു മതിൽ ആവശ്യമുള്ള അങ്കണവാടികളിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി എല്ലാ ജില്ലാ പ്രോഗ്രാംഓഫീസർ മാർക്കും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ പുരോഗതി ഈ കാര്യാലയത്തിൽ നൽകണമെന്നും കത്തിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 8 | 3.3.6 | 1)പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമ പഞ്ചായത്തിൽ 4 അങ്കണവാടി കൾ റോഡിലേയ്ക്ക് തുറക്കുന്ന വിധ ത്തിലാണ്. | അങ്കണവാടികൾക്ക് ചുറ്റു മതിൽ നിർമ്മിക്കുന്നതിനും റോഡിലേയ്ക്ക് തുറക്കുന്ന തരത്തിലുള്ള അങ്കണ വാടിയുടെ വാതിൽ മാറ്റുന്നതിനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | 3.3.6 | 2)കുണ്ടറ ഗ്രാമ പഞ്ചായത്തിലെ സെന്റർ നമ്പർ 45, 50 എന്നിവയും റോഡുവക്കിലാണ് സ്ഥിതി ചെയ്യുന്നത്. | ചിറ്റുമല ഐ.സി.ഡി.എസ് പ്രോജക്ടിലെ കുണ്ടറ പഞ്ചായത്തിലെ സെന്റർ നമ്പർ 45,50 അങ്കണ വാടികൾക്ക് ചുറ്റുമതിൽ നിർമ്മിച്ച് സുരക്ഷിത മാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 9 | 3.3.11 | ബേബി ഫ്രണ്ട്ലി ടോയ്ലെറ്റിന്റെ അഭാവം | ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് ആവശ്യമുള്ള അങ്കണ വാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് നിർമ്മിക്കുന്നതി നായി എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർ മാർക്കും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ പുരോഗതി ഈ കാര്യാലയത്തിൽ നൽകണമെന്നും കത്തിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 10 | 3.3.6 | പത്തനംതിട്ട ജില്ലയിലെ നമ്പർ 85 മേലുകര അങ്കണവാടിക്ക് വൈദ്യുതി ടോയ്ലറ്റ് സൗകര്യമോ ഇല്ല. പാചക പുര അപകടാവസ്ഥയിലാണ്. കക്കൂസിനായി കുഴിച്ച കുഴി സ്ലാബിട്ടു മൂടിയിട്ടില്ല. കീഴുകര അങ്കണവാടി (88)-ഉം ശോച്യാവസ്ഥയിലാണ്. | നമ്പർ 85,88 അങ്കണവാടികൾ സുരക്ഷിതമായ കെട്ടിട ങ്ങളിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 11 | 3.3.6 | കണ്ണൂർ ജില്ലയിലെ ചെറുകുന്നത്ത് പഞ്ചായത്തിൽ ദാലിൽ, കുന്നനങ്ങാട് താവം അങ്കണവാടികളിൽ കുടിവെള്ള ദൗർലഭ്യം. | ദാലിൽ മഴവെള്ള സംഭരണി നിർമ്മിച്ചിട്ടുണ്ട്. കുന്നനങ്ങാട്, താവം എന്നീ അങ്കണവാടികളിൽ ജപ്പാൻ കുടുവെള്ള പദ്ധതി പ്രകാരം വാട്ടർ കണക്ഷന് അപേക്ഷിച്ചിട്ടുണ്ട് |
| 12 | 3.3.6 | കോഴിക്കോട് ജില്ലയിലെ വാണിമൽ പഞ്ചായത്തിൽ16 അങ്കണവാടികളിലും കുടിവെള്ള ദൗർലഭ്യം ഉണ്ട്. വൈദ്യുതീകരിച്ചിട്ടില്ല. കുട്ടികൾക്കായി മറ്റ് വിനോദോപാദികളൊന്നും ഇല്ല. | വാണിമല പഞ്ചായത്തിൽ കുടിവെള്ള സൗകര്യമില്ലാത്ത അങ്കണവാടികളിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടുവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| 13 | 3.3.7 | കൊല്ലം നഗരസഭ, കൊച്ചി നഗരസഭ കണ്ണൂർ നഗരസഭ എന്നിവയെല്ലാം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളാണ് ഉള്ളത്. | കൊല്ലം,എറണാകുളം,കണ്ണൂർ ജില്ലകളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ ഒരു അങ്കണവാടിയും പ്രവർത്തിക്കരുതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങണമെന്നും എല്ലാ CDPO-മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 14 | 3.3.7 | മലപ്പുറം പുൽപ്പറ്റ പഞ്ചായത്തിലെ അങ്കണവാടി നമ്പർ 76,112 എന്നിവയുടെ ശോച്യാവസ്ഥ. തിരുമാലി പഞ്ചായത്തിലെ വാർഡ് 9-ലെ പാറക്കൽ അങ്കണവാടി. | പുൽപ്പറ്റ പഞ്ചായത്തിലെ സെന്റർ നമ്പർ 112 അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. സെന്റർ നമ്പർ 76 അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണത്തിനായി MLA ഫണ്ട് അനുവദിച്ചിട്ടുണ്ട് എസ്റ്റിമേറ്റ് ചീഫ് എൻജിനീയർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. |
| 15 | 3.3.7 | കണ്ണൂർ ന്യൂമാഹി പഞ്ചായത്തിലെ പെരങ്ങാടി (സെന്റർ നമ്പർ 149) കുന്നോത്ത് പറമ്പ് പഞ്ചായത്തിലെ ആര്യാപള്ളി അങ്കണവാടി, | ന്യൂമാഹി പഞ്ചായത്തിലെ പെരങ്ങാടി (സെന്റർ നം.149) അപകടാവസ്ഥയിലായിരുന്നതിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| | 3.3.7 | തിരുവനന്തപുരം അണ്ടൂർകോണം പഞ്ചായത്തിൽ 2 അങ്കണവാടികൾ, | അണ്ടൂർക്കോണം പഞ്ചായത്തിൽ അപകടാവസ്ഥയിലുള്ള രണ്ട് അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കി പ്രവർത്തിപ്പിച്ച് വരുന്നു. |

| | | |
|---|---|---|
| 3.3.7 | കൊച്ചി നഗരസഭയിൽ 11 അങ്കണ വാടികൾ, | കൊച്ചി നഗരസഭയിലെ 11 അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3.3.7 | തൃശൂർ കൊടകര പഞ്ചായത്തിൽ 2 അങ്കണവാടികൾ, നടത്തറ പഞ്ചായത്തിൽ 134-ാം നം. അങ്കണവാടി, | തൃശൂർ കൊടകര പ്രോജക്ടിലെ അപകടാവസ്ഥയിലായിരുന്ന അങ്കണവാടി സെന്റർ നം.5 സർക്കാർ സ്ക്കൂളിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിച്ചു വരുന്നു. രണ്ടാമത്തെ സെന്റർ നമ്പർ 19 തെട്ടടുത്ത ഒരു ആർട്സ് & സ്പാർട്സ്ക്ലബിന്റ കെട്ടിടത്തിലേയ്ക്ക് മാറ്റി. |
| 3.3.7 | പാലക്കാട് തേങ്കുറിശ്ശി പഞ്ചായത്തിൽ കല്ലങ്കാട്, അഞ്ചത്താടി തെക്കുംപുറം അങ്കണവാടികൾ, | പലാക്കാട് തേൻകുറിശ്ശി പഞ്ചായത്തിൽ സെന്റർ നമ്പർ 154 കോൺക്രീറ്റ് കെട്ടിടമാണ്. കേടുപാടുകൾ ഒന്നും തന്നെയില്ല. പുറകു വശത്ത് താഴ്ന്ന പ്രദേശം നികത്തി ചുറ്റു മതിൽ കെട്ടി ഇപ്പോള സുരക്ഷിതമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നത്. അഞ്ചത്താണി സെന്റർ നമ്പർ 150 ജീർണ്ണിച്ച അവസ്ഥയിലായതിനാൽ സുരക്ഷിതമായ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തെട്ടുപുറം സെന്റർ നമ്പർ 144 ക്ലാസ് മുറിയിൽ വെള്ളം കയറുന്നഅവസ്ഥയിലായ തിനാൽ പുതിയ കെട്ടിടം നിർമ്മാണത്തിലാണ്. എത്രയും വേഗം പണി പൂർത്തിയാക്കി അങ്കണവാടി മാറ്റി പ്രവർത്തിപ്പിക്കുന്നതാണ് |
| 3.3.7 | കോഴിക്കോട് വടകര നഗരസഭ വലിയവളപ്പ്, പഴയപുര വളപ്പ് അങ്കണ വാടികൾ നരിക്കുനി പഞ്ചായ ത്ത കണ്ടുകര അങ്കണവാടി എന്നിവയെല്ലാ അപകടാവസ്ഥയിലാണ് പ്രവർത്തിക്കുന്നത് | വടകര നഗരസഭയില വലിയ വളപ്പ് അങ്കണവാടി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതി ഉള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പഴയപുര വളപ്പ് അങ്കണ വാടിയുടെ ഫ്ളോറിംഗ് റിപ്പയർ ചെയ്യുന്നതിനും കെട്ടിടത്തിൽചാഞ്ഞ് നിൽക്കുന്ന മരം മുറിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നരിക്കുനി പഞ്ചായത്തിലെ കണ്ടുകര അങ്കണവാടി 14-3-2013-ൽ പുതുതായിനിർമ്മിച്ച അങ്കണ വാടികെട്ടിടത്തിൽ തുടങ്ങി. |

| | | | |
|---|---|---|---|
| 16 | 3.3.8 | കെട്ടിട നിർമ്മാണത്തിലെ അപാകതകൾ<br>1) പേരൂർ അങ്കണവാടി (നം.85), തിരുവനന്തപുരം. | തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഐ.സി.ഡി.എസ് പ്രോജക്ടിലെ പേരൂർ അങ്കണവാടി നമ്പർ 85 നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | 3.3.8 | 2)ആലപ്പുഴ നഗരസഭയിലെ 143-ാം നമ്പർ സന്റർ. | ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ നടപടി സ്വീകരിക്കുന്നതിനായി രേഖാമൂലം നഗരസഭയെ അറിയിച്ചിട്ടുണ്ട് |
| | 3.3.8 | 3) എറണാകുളം പെരുമ്പാവൂർ 14-ാം നമ്പർ | ബന്ധപ്പെട്ട പഞ്ചായത്തുമായി ചർച്ച ചെയ്ത് പരിഹാരം കാണുവാൻ നിർദ്ദേശിച്ചു. |
| 17 | 3.3.8 | കെട്ടിട നിർമ്മാണം നിലച്ച അങ്കണവാടികൾ<br>1)തിരുവനന്തപുരം - അണ്ടൂർകോണം പഞ്ചായത്തി | നിർമ്മാണം നിലച്ച 3 അങ്കണവാടികളും നിർമ്മാണ പൂർത്തീകരിച്ച് പ്രവർത്തന ആരംഭിച്ചിട്ടുണ്ട്. |
| | 3.3.8 | 2) കൊച്ചി നഗരസഭ -1 | കൊച്ചി നഗരസഭയിലെ അങ്കണവാടിയുടെ കെട്ടിട നിർമ്മാണംപുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | 3.3.8 | 3) മലപ്പുറം ചോക്കാട് - 2 | ചോക്കാട്-2 അങ്കണവാടിയുടെ കെട്ടിട നിർമ്മാണ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.ശിശു വികസന പദ്ധതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | 3.3.8 | 4) കോഴിക്കോട് നഗരസഭ -14 കോഴിക്കോട് ചേങ്ങോട്ടകാവ് പഞ്ചായത്ത് അന്തട്ട - 1, മൂടാടി നമ്പർ 88 സെന്റർ-1 | കോഴിക്കോട് നഗരസഭയിലെ 14 അങ്കണവാടികളുടെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചേങ്കോട്ട്കാവ് പഞ്ചായത്തിലെ ആന്തട്ട അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണത്തിനായി 2006-07വാർഷിക പദ്ധതിയിൽ മൂന്ന് ലക്ഷം രൂപ അനുവദിക്കുകയും പണി ആരംഭിക്കുകയും ചെയ്തു. നിർമ്മാണത്തിനി ടയിൽ കെട്ടിടത്തിന്റെ ഒന്നാം നില തകർന്നതിനാൽ പണി മറ്റൊരു കരാറുകാരനെ ഏൽപ്പിച്ചിട്ടുണ്ട്. മൂടാടി 88ാം നമ്പർ അങ്കണവാടിയുടെ പണി ആരംഭിക്കുന്നതിനായി പഞ്ചായത്തിൽ പ്രോജക്ട് വച്ച് ടെണ്ടർ നടപടി സ്വീകരി ച്ചിട്ടുണ്ട്. |
| | 3.3.8 | 5) കണ്ണൂർ ന്യൂമാഹി പഞ്ചായത്ത് പെരിങ്ങാടി -1, കണ്ണൂർ കുഞ്ഞി മംഗലം പഞ്ചായത്തിൽ പണച്ചിറ-1 | കണ്ണൂർ ന്യൂമാഹി പഞ്ചായത്തിലെയും കുഞ്ഞി മംഗലം പഞ്ചായത്തിലെയും അങ്കണവാടികളിലെ കെട്ടിട നിർമ്മാണം ലിന്റൽ ലെവൽ വരെ ആക്കിയിട്ടുണ്ട്. |
| | 3.3.8 | 6) കൊല്ലം ഇടമുളയ്ക്കൽ സെന്റർ നമ്പർ - 93, കൊല്ലം നഗരസഭയിൽ സുനാമി ഫണ്ട് ഉപയോഗിച്ചുള്ള 21 കെട്ടിടങ്ങൾ. | ഇടമുളയ്ക്കൽ സെന്റർ നമ്പർ 93 അങ്കണവാടിയ്ക്ക് സ്വന്ത മായി 3 സെന്റ് സ്ഥലമുണ്ട്. RIDF പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം നഗരസഭയിലെ സുനാമി ഫണ്ട് ഉപയോഗിച്ചുള്ള 21 അങ്കണവാടി കെട്ടിടങ്ങൾ കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് നിരമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |
| | 3.3.8 | 7) ആലപ്പുഴ നഗരസഭയിൽ 83-ാം നമ്പർ സെന്റർ. | കെട്ടിട നിർമ്മാണം ലിന്റൽ ലെവൽവരെയാക്കി കരാറു കാരൻ ജോലി ഉപേക്ഷിച്ചു പോയി. നഗരസഭ കരാറുകാരനുമായി ബന്ധപ്പെട്ട നോട്ടീസ് നൽകിയിരിക്കുകയാണ്. |
| | 3.3.8 | 8) തൃശൂർ നഗരസഭയിലെ നമ്പർ നമ്പർ 128, 131 സെന്ററുകൾ. | തൃശൂർ നഗര സഭയിലെ അങ്കണവാടി സെന്റർ നമ്പർ 128 ന്റെ പണി മാർച്ച് 2012 ൽ അവസാനിക്കുകയും ഏപ്രിൽ മാസത്തിൽ ഉൽഘാടനം നടത്തുകയും ചെയ്തു. വയറിംഗ് പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതീകരിച്ചിട്ടില്ല. അങ്കണവാടികൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന ു. അങ്കണവാടി സെന്റർ നമ്പർ 131 ന്റെ പണി 2013 മാർച്ച് മാസം പൂർത്തീകരിച്ചിട്ടുണ്ട്. കുളത്തിന്റെ സമീപത്തായതിനാൽ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയാക്കിയാലുടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

അദ്ധ്യക്ഷനായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

10) മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവാർഡുകൾ നൽകുന്നുണ്ട്.

സാമൂഹ്യനീതി ഡയറക്ടർ.

ജികെ/ 17-10-3

അനുബന്ധം II
സർക്കാർ മറുപടി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2011-12 | | | പരാമർശ വിധേയമായ ഗ്രാമപഞ്ചായത്തുകളിൽ കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിൽ 4 താത്ക്കാലിക ഹെൽപ്പർമാരെ നിയമിച്ചിട്ടുണ്ട്. കുണ്ടറ ഗ്രാമപഞ്ചായത്തിൽ അംഗൻവാടി നമ്പർ 10-ൽ 25.05.11-ൽ ഹെൽപ്പറെ നിയമിച്ച് ഒഴിവ് നികത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപഞ്ചായത്തിൽ ഹെൽപ്പർമാരുടെ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ മീനടം ഗ്രാമപഞ്ചായത്തിൽ വർക്കർ തസ്തികയിൽ സ്ഥിരമായി ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട്. എന്നാൽ ഹെൽപ്പർ തസ്തികയിൽ നിയമനം നടത്തുന്നതിന് സെലക്ഷൻ ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സ്ഥിര നിയമനം നടത്തുവാൻ സാധിച്ചിട്ടില്ലെങ്കിലും താൽക്കാലികമായി ആളെ നിയമിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിൽ 23, 32 നമ്പർ അംഗൻവാടികളിൽ ഹെൽപ്പർ |

| | | | | |
|---|---|---|---|---|
| | | | | തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. സ്ഥിരം നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുള്ളതും ഇന്റർവ്യൂ നടപടികൾ പൂർത്തിയായിട്ടില്ലാത്തതുമാണ് എന്ന വിവരവും ബോധിപ്പിക്കുന്നു. |
| 2. | 2011 -12 | 3.3.6.1 | | ഭൂമിയുടെ വില ക്രമാതീതമായി ഉയരുന്നതും അങ്കണവാടികൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലത്ത് അനുയോജ്യമായ ഭൂമി ലഭ്യമല്ലാത്തുമാണ് അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. ഭൂമി ലഭ്യമാകുന്ന സ്ഥലങ്ങളിൽ പല സ്കീമുകളിൽപ്പെടുത്തി പുതിയ അംഗൻവാടി കെട്ടിടത്തിനായി അതാത് ഗ്രാമപഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു. |
| 3 | 2011 -12 | 3.3.6.2 | | **<u>കുടിവെള്ള സൗകര്യം</u>**<br><br>കുടിവെള്ള സൗകര്യം ഇല്ലാത്ത അംഗൻവാടികളിൽ അടുത്തുള്ള പൊതുടാപ്പിൽ നിന്നും, പൊതു കിണറുകളിൽ നിന്നും മറ്റുകിണറുകളിൽ നിന്നുമൊക്കെയാണ് നിലവിൽ കുടിവെള്ളം എടുക്കുന്നത്. പരാമർശവിധേയമായ ചില അംഗൻവാടികളിൽ കിണറോ കുഴൽ കിണറോ സ്ഥാപിക്കുകയോ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ട്. സാധ്യമായ |

| | | | | |
|---|---|---|---|---|
| | | | | മറ്റ് അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് തുടർ വർഷങ്ങളിൽ നടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു.<br><br>**<u>ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ്</u>**<br><br>പരാമർശ വിധേയമായ ചില അംഗൻവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ചില അംഗൻവാടികളിൽ ഇതിനകം തന്നെ ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് ബാക്കിയുള്ളവയിൽ തുടർ വർഷങ്ങളിൽ ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ . സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു.<br><br>**<u>വൈദ്യുതി കണക്ഷൻ</u>**<br><br>പരാമർശ വിധേയമായ ഭൂരിഭാഗം അംഗൻവാടികളും വൈദ്യുതീകരിക്കുന്നതിനായി അതാത് ഗ്രാമപഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ചില അംഗവൻവാടികൾ ഇതിനകം വൈദ്യുതീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള അംഗൻവാടികളും വൈദ്യുതീകരിക്കുന്നതിനായി തുടർ വർഷങ്ങളിൽ നടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | **ചുറ്റുമതിൽ**<br>പരാമർശ വിധേയമായ ചില അംഗൻവാടികളുടെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് ചില അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി അതാത് ഗ്രാമ പഞ്ചായത്തുകൾ പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം സാധ്യമായ മറ്റ് അംഗൻവാടികളുടെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് തുടർ വർഷങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 4 | 2011 –12 | 3.3.7.2 | സുരക്ഷിതമല്ലാത്ത അങ്കണവാടികൾ. | **മലപ്പുറം**<br>പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ 76-ാം നമ്പർ അംഗൻവാടിക്ക് എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച തുകക്ക് പുതിയ കെട്ടിടത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. ഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുവാനുള്ള പെട്ടി, ആവശ്യത്തിനുള്ള കളിക്കോപ്പുകൾ എന്നിവ ഇപ്പോൾ നിലവിലുണ്ട്. അംഗൻവാടിക്ക് ഗ്യാസ് കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിന് തുക വകയിരുത്തി 2013 -14-ൽ പ്രോജക്ട് വച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 112-ാം നമ്പർ മഞ്ഞളേങ്ങൽ അംഗൻവാടി ഇപ്പോൾ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷണം കഴിക്കുന്നതിനുള്ള മുറി വൃത്തിയായി സൂക്ഷിക്കുന്നുണ്ട് സൗകര്യങ്ങളോട് കൂടിയ അടുക്കള, സ്റ്റോർ റൂം എന്നിവ ബിൽഡിംഗിൽ ലഭ്യമാണ്.<br><br>പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ പൂക്കൊളത്തൂരിൽ പ്രവർത്തിക്കുന്ന 49-ാം നമ്പർ അംഗൻവാടി (പുതിയ നമ്പർ 83) കെട്ടിടത്തിന്റെ തറയും മേൽക്കൂരയും പുനരുദ്ധരിക്കുന്നതിന് വേണ്ടി 2012-13 സാമ്പത്തിക വർഷം 50,000/- രൂപ വകയിരുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി അപകടാവസ്ഥ പരിഹരിച്ചിട്ടുണ്ട്.<br><br>തിരുവാലി ഗ്രാമപഞ്ചായത്തിലെ പാറക്കൽ അംഗൻവാടി പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. സ്വന്തമായി സ്ഥലം ലഭ്യമായിട്ടില്ല. കൂടുതൽ സൗകര്യമുള്ള വാടകക്കെട്ടിടത്തിലേക്ക് അംഗൻവാടി മാറ്റുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നു.<br><br>2012-13 സാമ്പത്തിക വർഷം മാടശ്ശേരി അംഗൻവാടിയുടെ മേൽക്കൂര ബലപ്പെടുത്തുകയും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുകയും |

| | | | | |
|---|---|---|---|---|
| | | | | ചെയ്തിട്ടുണ്ട്. കൊളഞ്ചി അംഗൻവാടി കെട്ടിടത്തിനു വേണ്ടി 2012-13 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് വിഹിതം 1 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1 ലക്ഷം രൂപയും ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിരുന്നു. പ്രസ്തുത വർഷം തന്നെ 7,70,000/- രൂപ നബാർഡിന്റെ ധനസഹായം ലഭിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് ടെൻഡർ നടപടികൾ നടന്നു വരുന്നു എന്നും നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്നും മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>കണ്ണൂർ</u>**<br><br>കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിലെ, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആര്യപ്പള്ളി അംഗൻവാടിയിലേക്കുള്ള വഴിയിൽ വൈദ്യുത വിളക്ക് സ്ഥാപിച്ചിട്ടുണ്ട്. മണ്ണെണ്ണ സ്റ്റൗവിന് പകരം ഇലക്ട്രിക്ക് സ്റ്റൗ ഉപയോഗിച്ച് വരുന്നു.<br><br>ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പെരിങ്ങാടി അങ്കണവാടി (നമ്പർ 149) യുടെ മേൽക്കൂര മാറ്റി സ്ഥാപിക്കുകയും കെട്ടിട പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പി |

| | | | | |
|---|---|---|---|---|
| | | | | ക്കുകയും ചെയ്തിട്ടുണ്ട്.<br><br>**തൃശ്ശൂർ**<br><br>കൊടകര ഗ്രാമപഞ്ചായത്തിൽ അപകടാവസ്ഥയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന രണ്ട് അങ്കണവാടികൾ കെട്ടിടം മാറി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.<br><br>നടത്തറ ഗ്രാമപഞ്ചായത്തിലെ 134-ാം നമ്പർ അംഗൻവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിന്റെ മാതൃക അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 11 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം പ്രോജക്ട് തയ്യാറാക്കി സി.ഡി.പി.ഒ യ്ക്ക് നൽകിയിട്ടുണ്ട്.<br><br>**പാലക്കാട് ജില്ല**<br><br>തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ കല്ലങ്കാട് അംഗൻവാടയുടെ ചുറ്റുമതിൽ 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു. പ്രസ്തുത കെട്ടിടം നിലവിൽ സുരക്ഷിതമാണെന്ന് തദ്ദേവ അസിസ്റ്റന്റ് എഞ്ചിനീയർ 28.05.13 ലെ എ.ഇ/എൽ.എസ്.ജി.ഡി/08/13 നമ്പർ കത്ത് പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>തെക്കുംപുറം അംഗൻവാടിയുടെ നിലംപണി ചുറ്റുമതിൽ, ജനൽ, വാതിൽ നവീകരണം എന്നിറ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട് നിലവിൽ പ്രസ്തുത അംഗൻവാടി സുരക്ഷിതത്വമുള്ള വാടക ക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.<br><br>അഞ്ചത്താണി അംഗൻവാടിയുടെ നവീകരണ ത്തിനായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് 2013-1 വർഷത്തെ വാർഷിക പദ്ധതിയിൽ 5 ലക്ഷം രൂ വകയിരുത്തിയിട്ടുണ്ട്. നിലവിൽ പ്രസ്തുത അംഗൻവാടി സുരക്ഷിതത്വമുള്ള വാടകക്കെട്ടി ത്തിൽ പ്രവർത്തിച്ചുവരുന്നു.<br><br>കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ ചള്ളപ്പുറ അംഗൻവാടി കെട്ടിടം പുതുക്കി പണിയുന്നതിന നടപ്പുവർഷം ബ്ലോക്ക് പഞ്ചായത്ത് തുക വകയിര ത്തിയിട്ടുള്ളതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറ 16.08.13 ലെ കത്ത് പ്രകാരം കോട്ടോപ്പാടം ഗ്രാമപ ഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. കെട്ടിടം അപകടാവ സ്ഥയിലായതിനാൽ നിലവിൽ വാടക കെട്ടിടത്തി ലാണ് പ്രവർത്തിച്ചുവരുന്നത്. |

| | | | | |
|---|---|---|---|---|
| | | | | **കോഴിക്കോട്**<br><br>നരിക്കുനി ഗ്രാമപഞ്ചായത്തിലെ കുണ്ടുങ്ങരപ്പാറ അംഗൻവാടിക്ക് 2012-13 വർഷത്തിൽ പുതിയ കെട്ടിടം പണി പൂർത്തീകരിക്കുകയും പ്രസ്തുത അംഗൻവാടി ഇപ്പോൾ പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ച് വരികയും ചെയ്യുന്നു.<br><br>**തിരുവനന്തപുരം**<br><br>അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ പറമ്പിൽപാലം അംഗൻവാടി കെട്ടിടം കഴിഞ്ഞ വർഷത്തെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തെറ്റിച്ചിറ അംഗൻവാടി കെട്ടിടം ഈ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് തിരുവനന്തപുരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 5 | 2011 -12 | 3.3.8.1 | | തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിലെ 85-ാം നമ്പർ പേരൂർ കാട്ടുചന്ത അങ്കണവാടിയുടെ പുനരുദ്ധാരണത്തിനായി 2013-14 വാർഷിക പദ്ധതിയിൽ 68,000/- രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| | 2011 -12 | 3.3.8.2 | | തിരുവനന്തപുരം<br><br>അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ നിർമ്മാ നിലച്ച് 3 അങ്കണവാടികളിൽ പാ: അണ്ടൂർക്കോണം ലക്ഷംവീട് എന്നീ അംഗൻ‍ കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ച്ചിറ അംഗൻവാടി ഈ മാസത്തോടെ പൂർത്ത് ക്കാൻ കഴിയുമെന്ന് തിരുവനന്തപുരം പഞ്ചായ അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br><u>മലപ്പുറം</u><br><br>ചോക്കോട് ഗ്രാമപഞ്ചായത്തിലെ മമ്പാട്ടു അംഗൻവാടിയുടെ (നമ്പർ 11) നിർമ്മാണ പ്രവൃ പൂർത്തീകരിക്കുന്നതിനായി 2013-14 സാമ്പത്ത വർഷം മെയിന്റനൻസ് ഫണ്ടിൽ നിന്നും 3,00,0 രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>വേപ്പിൻകുന്ന് അംഗൻവാടി (നമ്പർ 20) കെ ത്തിന്റെ മേൽക്കൂര ഓട് മേഞ്ഞിട്ടുള്ളത: പ്രസ്തുത അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാ പൂർത്തീകരിക്കുന്നതിനായി 2013-14 സാമ്പത്ത വർഷം മെയിന്റനൻസ് ഫണ്ടിൽ നിന്നും 2,50,0 രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | **കോഴിക്കോട്**<br><br>മൂടാടി ഗ്രാമപഞ്ചായത്തിലെ 88-ാം നറ അംഗൻവാടി പൂർത്തീകരിക്കുന്നതിന് 2013 വാർഷിക പദ്ധതിയിൽ 3,50,000/- രൂപ വകയിരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.<br><br>ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ ആന അംഗൻവാടി കെട്ടിട നിർമ്മാണം പൂർത്തീകരിക്കു തിനായി ഗ്രാമപഞ്ചായത്ത് പുതിയ കൺവീന ചുമതലപ്പെടുത്തുകയും പ്രവൃത്തി തുടർന്നു കയും ചെയ്യുന്നു എന്ന വിവരം ബോധിപ്പിക്കുന്നു.<br><br>**കണ്ണൂർ**<br><br>- ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പെരിങ്ങ അംഗൻവാടി, എം.എൽ.എ ഫണ്ട് ഉപയോഗി തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് മുഖേന നട ക്കുന്ന പദ്ധതിയാണ്. ടി പ്രവൃത്തി പൂർത്തീകരിക ന്നതിന് വെൽഫയർ കമ്മിറ്റി വിളിച്ചു ചേർത്തിട്ടു നിർമ്മാണ പ്രവർത്തനം ലിന്റൽ ലെവൽവ എത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത കുറവ് കാരണ ബന്ധപ്പെട്ട കമ്മിറ്റി ബഹു. എം.എൽ.എ യെയ ജില്ലാകളക്ടറേയും സമീപിച്ച് ഫണ്ട് അനുവദിക്കു തിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനും വേ |

| | | | | |
|---|---|---|---|---|
| | | | | ശ്രമം നടത്തിവരുന്നുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.<br><br>കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ പാണച്ചിറ അംഗൻവാടിയുടെ നിർമ്മാണ പ്രവൃത്തി (അടങ്കൽ 4,55,000/- രൂപ) ലിന്റൽ ലെവൽ വരെ പൂർത്തിയായിട്ടുണ്ട്. ടി പ്രവൃത്തി 2013 ഡിസംബർ 31-ന് മുമ്പായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>കൊല്ലം</u>**<br><br>അഞ്ചൽ ഐ. സി. ഡി. എസ് പ്രോജക്ടിലെ 93-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി 3,95,000/- രൂപ ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ഈ വർഷം തന്നെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് സി.ഡി.പി.ഒ അറിയിച്ചതായി കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 9 | 2011 12 | 3.3.13 | | **<u>പാലക്കാട്</u>**<br><br><u>എരിമയൂർ ഗ്രാമപഞ്ചായത്ത്</u>:- 2010-11 വർഷത്തിൽ |

347/2016.

| | | | | |
|---|---|---|---|---|
| | | | | ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് വില അധികരിച്ച് കോ- ഓപ്പറേറ്റീവ് സൊസൈറ്റ നിന്ന് വാങ്ങിയത് മൂലം 55,252/- രൂപയുടെ ഉണ്ടായിട്ടുള്ളത് സംബന്ധിച്ച് നിർവ്വ ഉദ്യോഗസ്ഥരിൽ നിന്നും ഗ്രാമപഞ്ചാ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>2009-10 വർഷത്തിൽ 17,349/- രൂപ സംബന്ധിച്ച പരാമർശം ബന്ധപ്പെട്ട ഉദ്യോഗസ ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. മ ലഭിച്ചിട്ടില്ല. എന്നാൽ 2010-11 വർഷത്തെ 86 രൂപ നഷ്ടം സംബന്ധിച്ച പരാമർശം, 2 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോ സ്പഷ്ടമായ നഷ്ടത്തിൽ ഉൾപ്പെട്ട് കാണാത്തതി അനന്തര നടപടികൾ കൈക്കൊണ്ടിട്ടില്ല എന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് വിവരം ബോധിപ്പിക്കുന്നു. |

| ക്രമ നം. | റിപ്പോർട്ടിലെ ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 3.3.5 | അങ്കണവാടി പ്രവർത്തനം | <u>കൊച്ചി നഗരസഭ :</u><br>കൊച്ചി നഗരസഭയുടെ കീഴിലുളള മൂന്നു ഐ.സി.ഡി.എസുകളിലും നിലവിൽ ഹെൽപ്പർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന വിവരം ടി ഓഡിറ്റ് റിപ്പോർട്ട് കൈമാറിയതിനുശേഷം സി.ഡി.പി.ഒ.മാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. നിലവിൽ പ്രദേശികമായി പരിചയമുളള ഹെൽപ്പർമാരെ ക്ഷേമ കമ്മിറ്റിയുടെ സമ്മതപ്രകാരം നിയമിക്കുകയും ചെയ്യുന്നു.<br><u>പാലക്കാട് നഗരസഭ :</u><br>നഗരസഭയിലെ 76 അംഗൻവാടികളിലും വർക്കർമാർ നിലവിലുണ്ട്. ഹെൽപ്പർമാരിൽ 75 പേർ ഉണ്ട്. ഒരു എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്.<br><u>തലശ്ശേരി നഗരസഭ :</u><br>ഹെൽപ്പർ വേക്കൻസി നിലവിലില്ല.<br><u>തൃശ്ശൂർ നഗരസഭ :</u><br>എല്ലാ അംഗനവാടികളിലും വർക്കർ ഹെൽപ്പർ സേവനം ഉളളതാണ്. അംഗനവാടികളിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സൂക്ഷിച്ചു വരുന്നുണ്ട്.<br><u>കണ്ണൂർ നഗരസഭ :</u><br>എല്ലാ അംഗൻവാടികളിലും വർക്കർമാരും ഹെൽപ്പർമാരും ഉണ്ട്. അംഗൻവാടികളുടെ സുഗമമായ പ്രവർത്തിനത്തിന് കൂടുതൽ ജീവനക്കാരുടെ ആവശ്യമുണ്ട്.<br><u>കോഴിക്കോട് നഗരസഭ :</u> |

| | | | |
|---|---|---|---|
| | | | 543 അംഗൻവാടികളിലും ആവശ്യമായ ജീവനക്കാർ നിലവിലുണ്ട്. ഓഡിറ്റ് പരാമർശ പ്രകാരമുള്ള രജിസ്റ്ററുകൾ, സന്ദർശന ബുക്കുകൾ, മറ്റു രേഖകൾ എന്നിവ കാലാനുസൃതമായി സൂക്ഷിച്ചു വരുന്നുണ്ട്.<br>വടകര നഗരസഭ :<br>ഐ.സി.ഡി.എസ്. വടകര അർബൻ പ്രോജക്ടിൽ നിലവിൽ 23, 72 എന്നീ അംഗൻവാടികളിൽ ഹെൽപ്പർമാരുടെ ഒഴിവ് നിലവിലുണ്ട്. അംഗൻവാടി ഹെൽപ്പർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും, സെലക്ഷൻ ലിസ്റ്റ് പ്രകാരവുമാണ് നിലവിൽ ഒഴിവുകൾ നികത്തി പോന്നിരുന്നത്. എന്നാൽ നിലവിലുണ്ടായിരുന്ന സീനിയോറിറ്റി ലിസ്റ്റ് 30.5.12ലെ സ.ഉ. (എം.എസ്) നമ്പർ 31/2012/സാ.ക്ഷേ.വ ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയും തുടർന്ന് ഈ പ്രോജക്റ്റിന് കീഴിലെ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലുണ്ടായിരുന്ന ഹെൽപ്പർമാർ ബഹു. കേരള ഹൈകോടതിയിൽ നിന്നും സ്റ്റേ വാങ്ങിക്കുകയും ചെയ്ത സാഹചര്യത്തിൽ കോടതിയിൽ നിന്നും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ മേൽ ഒഴിവുകൾ നികത്താൻ പാറ്റാത്ത സാഹചര്യം സംജാതമായിരിക്കുകയാണ്. |
| 2 | 3.3.6 | | കൊല്ലം നഗരസഭ :<br>കൊല്ലം നഗരസഭയിൽ കുടിവെള്ളസൗകര്യം ഇല്ലാത്ത അംഗൻവാടികളിൽ പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമാക്കി കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിച്ച് വിവരം ബഹു. നിയമസഭാ സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യുന്നതാണ്.<br>ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് സൗകര്യം ഇല്ലാത്ത അംഗൻവാടികളിൽ ആയത് സ്ഥാപിക്കുന്നതിന് ആവശ്യമായ തുക കൗൺസിൽ അംഗീകാരത്തിന് വിധേയമായി വകയിരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് ബഹു. സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| | | | **കൊച്ചി നഗരസഭ :** അങ്കണവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥല ലഭ്യമായ പ്രദേശങ്ങളിൽ അങ്കണവാടികൾ പുതിയതായി നിർമ്മിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 2011-12 കാലയളവിൽ 201 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നതെങ്കിലും 2011-12, 2012-13 വർഷങ്ങളിലായി 23 അങ്കണവാടികൾക്ക് പുതിയ കെട്ടിട നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ആയതിൽ 16 അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ച് ടി കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നതുമാണ്. പുതിയതായി നിർമ്മിക്കുന്ന അങ്കണവാടികളിൽ കറന്റ്, കുടിവെള്ള സൗകര്യം എന്നിവ കൂടി ഉൾപ്പെടുത്തിയാണ് കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതെന്ന് പരമാവധി ഉറപ്പുവരുത്തുന്നുണ്ട്. ഇതേ കാലയളവിൽ നിർമ്മാണം ആരംഭിച്ച അങ്കണവാടി കെട്ടിടങ്ങളിൽ 6 എണ്ണം പൂർത്തീകരിക്കുന്ന ഘട്ടത്തിലാണ് 2011-12, 2012-13 വർഷങ്ങളിൽ 25 അങ്കണവാടികളുടെ അറ്റകുറ്റപ്പണി പൂർത്തികരിച്ചിട്ടുള്ളതുമാണ്. ഭൂമി വില വളരെ ഉയർന്ന കൊച്ചി നഗരത്തിന്റെ പ്രത്യേകതയുടെ അടിസ്ഥാനത്തിൽ സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് ദുഷ്കരമാണ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുറമ്പോക്ക് ഭൂമി നഗരസഭയുടെ ഉടമസ്ഥതയിലാക്കികൊണ്ടാണ് പല ഡിവിഷനുകളിലും അങ്കണവാടി നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നത്. മാത്രമല്ല കൊച്ചിയുടെ വിദൂരമേഖലയായ പടിഞ്ഞാറൻ മേഖലയിൽ കണ്ടെത്തുന്ന സ്ഥലങ്ങൾ ചതുപ്പു നിലങ്ങളായതിനാൽ കെ.എം.ബി.ആർ പ്രകാരം മണ്ണു പരിശോധന നടത്തി കെട്ടിടം നിർമ്മിക്കേണ്ടിവരികയും ടി നടപടിക്ക് കാലതാമസം വരുകയും ചെയ്യുന്നു. കൂടാതെ സർക്കാർ പലതവണ പൊതുമരാമത്ത് ഷെഡ്യൂൾ നിരക്ക് |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുകയും ചെയ്യുന്ന കാരണങ്ങൾ കൊണ്ട് കരാറുകാരോ ഗുണഭോക്തൃസമിതികളോ നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറാകാത്ത അവസ്ഥയും നിലനിൽക്കുന്നു. എന്നാലും സ്വകാര്യ വ്യക്തികളിൽ നിന്നും നഗരസഭ/റവന്യൂ പുറമ്പോക്കിൽ നിന്നും നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഓരോ വർഷവും പരമാവധി അങ്കണവാടി കെട്ടിട നിർമ്മാണ പ്രോജക്ടുകൾ പ്ലാൻ ഫണ്ടിൽ ഉൾപ്പടുത്തി പൂർത്തിയാക്കുന്നതിനുള്ള ആത്മാർത്ഥ ശ്രമങ്ങൾ നഗരസഭ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി 16 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം 7156912 രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുള്ളതും 25 അങ്കണവാടികൾ മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പടുത്തി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. 2013-14 വർഷത്തിൽ 1,00,30,000 രൂപ വകയിരുത്തി ആകെ 10 അങ്കണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും 13 അങ്കണവാടി കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനും പ്ലാൻ ഫണ്ടിൽ 34,70,000/- രൂപ ഉൾപ്പടുത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നഗരസഭാ പരിധിയിലെ സർക്കാർ സ്കൂളുകളിൽ ക്ലാസ്സ്റൂം ഒഴിവുള്ളതിനാൽ 6 അങ്കണ വാടികളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. ബേബി ഫ്രണ്ടലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്ത എല്ലാ അങ്കണവാടികൾക്കും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് അനുവദിക്കുന്നതിന് 2014-15 വർഷത്തിലെ കരട് നിർദ്ദേശങ്ങളിൽ സ്ത്രീകളുടേയും 'കുട്ടികളുടേയും വികസനം' വർക്കിംഗ് ഗ്രൂപ്പ് പ്രഥമ പരിഗണന നൽകിയിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പ്രവർത്തനം മറ്റു കെട്ടിടങ്ങളിലേക്കു മാറ്റുമ്പോൾ ബന്ധപ്പെട്ട ഡി.ഡി.പി.ഒ മാർ നഗരസഭയെ അറിയിക്കാത്തതുമൂലം അങ്ങനെയുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ യഥാസമയം നഗരസഭയിൽ ലഭിക്കുന്നില്ല. എങ്കിലും നഗരസഭയിൽ നിന്നും നേരിട്ട് |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. അങ്കണവാടി കെട്ടിടങ്ങളിൽ കറന്റ് കണക്ഷൻ, കുടിവെള്ള സൗകര്യം എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഡി.ഡി.പി.ഒ മാരിൽ നിന്നും റിപ്പോർട്ട് വാങ്ങി മെയിന്റനൻസ് ഗ്രാന്റിലുൾപ്പെടുത്തിയും ആവശ്യമുള്ള അങ്കണവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണത്തിന് പ്ലാൻ ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റിലും ഉൾപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കി വരുന്നു. തനതു ഫണ്ടിന്റെ അപര്യാപ്തതമൂലം ഓരോ വർഷവും പ്ലാൻ ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ അങ്കണവാടി നിർമ്മാണം, അറ്റകുറ്റപ്പണി, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് മുൻഗണന നൽകി ക്രമാനുഗതമായി. ടി മേഖലയെ പരിപോഷിപ്പിക്കുന്ന നടപടികളാണ് നഗരസഭ സ്വീകരിച്ചു വരുന്നത്.<br><u>ആലപ്പുഴ നഗരസഭ :</u><br>ആലപ്പുഴ (അർബൻ) ഐസിഡിഎസ് പ്രോജക്ടിലെ 52 വാർഡുകളിലായി 177 അംഗൻവാടികൾ ജനസംഖ്യാനുപാതികമായി പ്രവർത്തിച്ചു വരുന്നു. ഇതിൽ 22 അംഗൻവാടികൾക്ക് മാത്രമാണ് നിലവിൽ കെട്ടിടമുള്ളത്. ബാക്കി കെട്ടിടങ്ങൾ വാടകയ്ക്ക് പ്രവർത്തിച്ചു വരുന്നു. 4 കെട്ടിടങ്ങൾ നിർമ്മാണത്തിലാണ്. ആലപ്പുഴ നഗരസഭ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും (കനാലുകളും ജനസാന്ദ്രത കൂടിയ പ്രദേശവും), സ്ഥലത്തിന്റെ കൂടിയ വിലയും അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നഗരസഭ എല്ലാ പദ്ധതി വർഷവും കെട്ടിട നിർമ്മാണത്തിനായി ഫണ്ട് നീക്കി വയ്ക്കാറുണ്ട്. എന്നാൽ കരാർ ഏറ്റെടുക്കുന്നതിന് ആരും മുന്നോട്ട് വരാത്ത സാഹചര്യമുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പലതും നടക്കാറില്ല. അംഗൻവാടികളിലേയ്ക്ക് ആവശ്യമുള്ള പാചക വാതകം, ഫർണിച്ചറുകൾ, പാത്രങ്ങൾ, കളിക്കോപ്പുകൾ |

ഇവയെല്ലാം തന്നെ നഗരസഭ നൽകിയിട്ടുണ്ട്.

ആലപ്പുഴ (അർബൻ) ഐ.സി.ഡി.എസ് പ്രോജക്ടിൽ 39% അംഗൻവാടികൾക്ക് മാത്രമാണ് കെട്ടിടമുള്ളത്. ബാക്കിയുള്ളത് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥലത്തിന്റെ ലഭ്യതയില്ലായ്മയാണ് പ്രധാന കാരണം.

സ്വന്തമായി കെട്ടിടമുള്ള 22 അംഗൻവാടികളിൽ 18 എണ്ണത്തിനാണ് ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് ഉള്ളത്. മേലിൽ നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് നൽകുവാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>പാലക്കാട് നഗരസഭ :</u>

പാലക്കാട് നഗരസഭാ പരിധിയിൽ ആകെ 76 അംഗൻവാടികൾ ഉണ്ട്. ആയതിൽ സ്വന്തം കെട്ടിടത്തിൽ 32 എണ്ണവും വാടക കെട്ടിടത്തിൽ 37 എണ്ണവും പൊതു കെട്ടിടത്തിൽ 7 എണ്ണവുമായിട്ടാണ് പ്രവർത്തിക്കുന്നത്.

നഗരസഭാ പരിധിയിലെ 6 അംഗൻവാടികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. ആയതിൽ തുടർവർഷങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ 3 അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

നഗരസഭാ പരിധിയിലെ 76 അംഗൻവാടികളിൽ 14 എണ്ണത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ട്. 18 എണ്ണത്തിൽ പണി പൂർത്തീകരിച്ച് കണക്ഷന് നടപടി സ്വീകരിച്ചിട്ടുണ്ട്. 8 എണ്ണത്തിൽ ശുദ്ധജല കണക്ഷൻ ഉണ്ട്. 11 എണ്ണത്തിൽ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. ബാക്കി ഉള്ള അംഗൻവാടികൾക്ക് ഈ വർഷമോ തുടർ വർഷങ്ങളിലോ ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

നഗരസഭയിലെ ഒരു അംഗൻവാടിയിലും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യം നടപ്പിലായിട്ടില്ല.

<u>ചങ്ങനാശ്ശേരി നഗരസഭ :</u>

നഗരസഭയിൽ ആകെ 50 അംഗൻവാടികളാണ് ഉള്ളത്. ഇതിൽ 04 അംഗൻവാടികളാണ് നഗരസഭയുടെ സ്വന്തം സ്ഥലത്ത് സ്ഥിതി ചെയ്യുന്നത്. ബാക്കിയുള്ള 46 എണ്ണത്തിൽ 03 എണ്ണം സ്കൂളിലും ബാക്കിയുളളത് സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിലുമാണ് സ്ഥിതി ചെയ്യുന്നത്.

നഗരസഭയുടെ സ്വന്തം സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 04 അംഗൻവാടികളിൽ ചുറ്റുമതിലുകൾ ഇല്ലാത്ത മൂന്ന് അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി ആകെ 7.35 ലക്ഷം രൂപ ഈ വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും, നിർമ്മാണത്തിന് ആവശ്യമായ ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ആകെയുള്ള 50 അംഗൻവാടികളിൽ ഇനിയും വൈദ്യുതീകരിക്കുവാനുള്ള രണ്ട് അംഗൻവാടികളിലും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഈ വർഷം പൂർത്തീകരിക്കുന്നതാണ്. എല്ലാ അംഗൻവാടികളിലും സേവന വിവരം പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കുന്നതിനായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം 1 ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്ഥലം വാങ്ങി നൽകി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വരുംവർഷങ്ങളിൽ പൂർത്തീകരിക്കുന്നതാണ്.

<u>തലശ്ശേരി നഗരസഭ :</u>

തലശ്ശേരി നഗരസഭ ആകെ അംഗനവാടികളുടെ എണ്ണം. : 81

സ്വന്തമായി കെട്ടിടമുള്ളവ : 20

വാടകക്ക് പ്രവർത്തിക്കുന്നവ : 29

സ്കൂളികളിൽ പ്രവർത്തിക്കുന്നവ : 22

പൊതു കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ : 10

സ്വന്തമായി കുടിവെള്ള സൗകര്യം ഉള്ളവ : 23

സ്വന്തമായി ടോയ്‌ലറ്റ് സൗകര്യം ഉള്ളവ : 19

സ്വന്തമായി സ്ഥലം ലഭിച്ച് അംഗനവാടി നിർമ്മിച്ചത് : 20

ചുറ്റുമതിൽ ഉള്ളവ : 8

ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉള്ളവ : ഇല്ല

ആലുവ നഗരസഭ :

ആലുവ നഗരസഭയിൽ 20 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 10 അങ്കണവാടികൾ വൈദ്യുത സൗകര്യമില്ലാത്തതാണെന്ന് പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ നിലവിൽ ഒരു അങ്കണ വാടി മാത്രമേ വൈദ്യുത കണക്ഷൻ ഇല്ലാതെ പ്രവർത്തിക്കുന്നുള്ളൂ. ആയത് കൂടി ഈ സമ്പത്തിക വർഷം വൈദ്യുതീകരിക്കുന്നതാണ്.

ആലുവ നഗരസഭയിൽ 9 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുള്ളതാണ്. ആയത് സ്ഥിരം അങ്കണവാടി കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 3 പുതിയ അങ്കണവാടികൾ നിർമ്മിക്കുന്നതിനാവശ്യമായ തുക കണ്ടെത്തി. കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു ഇതിൽ ഒരെണ്ണം പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

<u>തൃശ്ശൂർ നഗരസഭ :</u>

തൃശൂർ നഗരസഭയിൽ ആകെ 253 അംഗനവാടികൾ ഉണ്ട്. ഇതിൽ സ്വന്തമായി കെട്ടിടം ഉള്ളത് - 108,വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികളുടെ എണ്ണം - 126, പൊതുകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് - 19, അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനു വേണ്ട ശ്രമം നടക്കുന്നുണ്ട്. കോർപ്പറേഷൻ പരിധിയിലെ വമ്പിച്ച ഭൂമി വില മൂലം സൗജന്യമായി സ്ഥലം

| | | | |
|---|---|---|---|
| | | | വിട്ടുകിട്ടാത്തതിനാൽ റവന്യൂ പുറമ്പോക്ക്, മറ്റു പുറമ്പോക്കുകൾ എന്നിവയിൽ സാദ്ധ്യമായിടത്ത് എല്ലാം കോർപ്പറേഷൻ അംഗനവാടികൾ സ്ഥാപിച്ചിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിലെ അംഗനവാടികൾക്ക് പ്രതിമാസം 750/- രൂപ നിരക്കിലാണ് ഡിപ്പാർട്ട്മെന്റ് വാടക നൽകി വരുന്നത്. വാടക ഇനത്തിൽ വരുന്ന അധിക തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി പദ്ധതി തയ്യാറാക്കി നൽകാമെന്നിരിക്കലും കെട്ടിടത്തിന്റെ വാടക നിർണ്ണയിച്ചു കിട്ടുന്നതിനുളള നടപടികളിലെ സങ്കീർണതകൾ നിമിത്തം ഇത് നടപ്പാകാൻ കഴിയുന്നില്ല. കോർപ്പറേഷൻ പരിധിയിൽ അംഗനവാടി പ്രവർത്തിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്ന വിധത്തിലുളള കെട്ടിടം ലഭ്യമാകണമെങ്കിൽ വൻ തുക വാടക ഇനത്തിൽ നൽകേണ്ടതായി വരുന്നുണ്ട്. സങ്കീർണ്ണതകൾ ഒഴിവാക്കി വാടക നിരക്ക് വർദ്ധിപ്പിച്ചാൽ കൂടുതൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ കഴിയുകയും അതുവഴി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെക്കാൻ സാധിക്കുകയും ചെയ്യും പൊതു കെട്ടിടങ്ങളിലും സർക്കാർ സ്കൂളുകളിലുമായി ഈ കോർപ്പറേഷനിൽ 19 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ അംഗനവാടികൾക്കും കുടിവെളള സൗകര്യം ഉണ്ട്. സ്വന്തമായി കെട്ടിടമുളള എല്ലാ അംഗനവാടികൾക്കും ടോയ്ലറ്റ് സംവിധാനം ഉണ്ട്. വാടക കെട്ടിടം/പൊതു കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് ആ കെട്ടിടത്തിന്റേതായ ടോയ്ലറ്റ് സൗകര്യം ഉണ്ട്.<br>ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഒരു അംഗനവാടികളിലും ഇല്ല. സ്വന്തമായി കെട്ടിടമുളള 89 അംഗനവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് പണിയുന്നതിന് 2013-14 വർഷത്തിൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷൻ ഏരിയ താരതമ്യേന വികസനം പ്രാപിച്ച മേഖലയാണ്. പ്ലേ സ്കൂൾ, എ .കെ.ജി., നഴ്സറി പഠന സൗകര്യമുളള സ്കൂളുകൾ |

| | | | |
|---|---|---|---|
| | | | ക്രഷുകൾ എന്നിവയെല്ലാം ധാരാളമുള്ള ഏര്യയാണ്. ആയതിനാൽ അംഗനവാടികളിൽ എത്തുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുന്നുണ്ട്.<br>**കാസർകോട് നഗരസഭ :**<br>കാസർകോട് നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെട്ടിട്ടുണ്ട്.<br>നിലവിൽ 49 അങ്കണവാടികളിൽ 18 എണ്ണത്തിൽ മാത്രമാണ് സ്വന്തം കെട്ടിടമില്ലാത്തത്.<br>ഈ നഗരസഭയിൽ ഒരു അങ്കണവാടിയിൽ മാത്രമേ ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സ്ഥാപിച്ചിട്ടുളളൂ. മറ്റുള്ളവയിൽ ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br>**തിരൂർ നഗരസഭ :**<br>തിരൂർ നഗരസഭയിൽ സ്വന്തമായി കെട്ടിടമുള്ള C No. 22, 26 എന്നീ അങ്കൻവാടികൾക്ക് കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ പൈപ്പ്ലൈൻ ഇല്ലാത്തതിനാൽ പ്രസ്തുത അംഗൻവാടികളിൽ വാട്ടർ കണക്ഷൻ ഇല്ല. എന്നിരുന്നാലും 2013-14 വർഷത്തിൽ പുതുക്കിയ പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധ ജല വിതരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിലേക്ക് ശുദ്ധ ജലം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെടുകയും, വിഷയം അംഗൻവാടി വെൽഫയർ കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ 2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.<br>സ്വന്തമായി കെട്ടിടമുള്ള 14 അംഗൻവാടികൾക്ക് ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് 2013-14 വർഷത്തെ പദ്ധതിയിൽ 3,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ 6 എണ്ണത്തിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. ചുറ്റുമതിൽ ഇല്ലാത്ത ശേഷിക്കുന്ന അംഗൻവാടികളിൽ സാധ്യമായ അങ്കൻവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 2014-15 വർഷത്തെ പദ്ധതിയിൽ ആവശ്യമായ തുക വകയിരുത്തുന്നതാണ്.<br>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ C No. 31 ചട്ടിക്കൽ, CNo. 16 മൈലാടികുന്ന്, CNo. 30 മുത്തൂർ എന്നീ അങ്കൻവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് 2013-14 വർഷത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്ന കാര്യം ബന്ധപ്പെട്ട വെൽഫയർ കമ്മറ്റികളുടെയും, മുനിസിപ്പൽ കൗൺസിലിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br><u>കണ്ണൂർ നഗരസഭ :</u><br>കണ്ണൂർ നഗരസഭയിൽ 63 അംഗൻവാടികളാണ് പ്രവർത്തിച്ചുവരുന്നത്. ഇവയിൽ 22 കെട്ടിടങ്ങൾ സ്വന്തം കെട്ടിടത്തിലും 10 എണ്ണം സ്കൂളിലും 5 എണ്ണം മറ്റു സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നു. 26 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. വാടക കെട്ടിടങ്ങൾക്ക് പകരം സ്വന്തം കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന്റെ ഭാഗമായി ഇതുവരെ 1 അംഗൻവാടിക്ക് സ്വന്തം കെട്ടിടം (താണ) നിർമ്മിച്ചു പണി പൂർത്തിയാക്കിയിട്ടുണ്ട്. ആയത് ഏതാനും ആഴ്ചക്കകം പ്രവർത്തനത്തിനു നൽകുന്നതാണ്. ബാക്കിയുള്ളവർക്ക് അനുയോജ്യമായ സ്ഥലത്തിന്റെ പരിമിതി കാരണം സ്വന്തം കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും അംഗൻവാടികൾക്കാ ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഊർജ്ജിതശ്രമം നടത്തിവരുന്നുണ്ട്. സ്ഥലലഭ്യത ഉറപ്പാക്കി പ്രൊജക്ടിൽ ഉൾപ്പെടുത്തി മുഴുവൻ അംഗൻവാടികളെയും സ്വന്തം കെട്ടിടങ്ങളിൽ അധിവസിപ്പിക്കുന്ന വിഷയം അതീവ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കണ്ണൂർ നഗരസഭയിൽ പ്രവർത്തിക്കുന്ന 63 അംഗൻവാടികളിൽ സ്വന്തം കെട്ടിടങ്ങളിൽ (സ്കൂളുകളടക്കം) പ്രവർത്തിക്കുന്ന 37 അംഗനവാടികളിൽ 23 എണ്ണം വൈദ്യുതീകരിച്ചതാണ്. 9 എണ്ണം വൈദ്യുതികരിക്കുന്നതിനുള്ള പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. 5 അംഗൻവാടികളുടെ വൈദ്യുതീകരണത്തിനുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 26 അംഗൻവാടികളിൽ 12 എണ്ണം വൈദ്യുതി സൗകര്യമുള്ളതാണ്. വാടക കെട്ടിടങ്ങൾക്ക് പകരം സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്ന സമയത്ത് മുഴുവൻ അംഗൻവാടികളും വൈദ്യുതീകരിക്കുന്നതാണ്.<br>സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന അംഗൻവാടികളിൽ 26 എണ്ണത്തിനു കുടിവെള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 5 അംഗൻവാടികൾക്ക് കൂടി വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പ്രൊജക്ടിൽ തുക വകയിരുത്തിയിട്ടുണ്ട്. 2 അംഗൻവാടികളിലെ കുടിവെള്ളത്തിനുപയോഗിച്ചു വരുന്ന കിണറുകൾ സമീപകാലത്ത് വൃത്തികേടായത് ശ്രദ്ധയിൽപെട്ടതിനാൽ സമീപത്തുള്ള വാട്ടർ അതോറിറ്റി പൊതുടാപ്പിൽ നിന്നും കുടിവെള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 1 അംഗൻവാടിക്ക് തുറന്ന കിണർ നിർമ്മിക്കുന്നതിനുള്ള പ്രൊജക്ട് നടപ്പിലാക്കിവരുന്നു.<br>വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 26 അംഗൻവാടികളിൽ കുടി വെള്ളത്തിനായി സമീപ വീടുകളെയും വാട്ടർ അതോറിറ്റി പൊതുടാപ്പുകളെയും ആശ്രയിച്ചു വരുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യമൊരുക്കുന്നതിന് ഫണ്ട് വിനിയോഗത്തിനും സാങ്കേതിക തടസ്സങ്ങളുണ്ട്. ആയത് സ്വന്തം കെട്ടിടത്തിൽ മാറ്റുന്ന നടപടികൾ ത്വരിതപ്പെടുത്തി എല്ലാ അംഗൻവാടികൾക്കും |

| | | | |
|---|---|---|---|
| | | | കുടിവെള്ള സൗകര്യമുണ്ടാക്കുന്നതാണ്.<br>സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 37 അംഗൻവാടികളിൽ 31 എണ്ണത്തിനു ചുറ്റുമതിൽ ഉണ്ട്. 3 എണ്ണത്തിന് പ്രൊജക്ട് ഉണ്ടാക്കിയിട്ടുണ്ട്. 3 എണ്ണത്തിന് സമീപത്തുളള കെട്ടിടങ്ങൾ കാരണവും പൊതുവഴി ഉള്ളതിനാലും ചുറ്റുമതിൽ കെട്ടുന്നതിന് പ്രായോഗികമല്ല. സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തി ക്കുന്ന 26 അംഗൻവാടികളിൽ 1 എണ്ണത്തിനു മാത്രമേ ചുറ്റുമതിലുള്ളൂ. ആയവ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുമ്പോൾ ചുറ്റുമതിലുകൾ ഉണ്ടാക്കുന്നതാണ്.<br>സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന എല്ലാ അംഗൻവാടികൾക്കും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വിഷയം ഗൗരവമായി പരിഗണിക്കുന്നതാണ്. 25 അംഗൻവാടികൾക്കും ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് അവ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുമ്പോൾ പ്രസ്തുത സൗകര്യം ഒരുക്കുന്നതാണ്.<br><u>കോഴിക്കോട് നഗരസഭ :</u><br>സ്ഥല ലഭ്യത ഇല്ലാത്തതിനാൽ അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ കഴിയാത്തതിനാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിരവധി അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. അങ്കണവാടികൾക്ക് സർക്കാർ മാനദണ്ഡ പ്രകാരമുള്ള കെട്ടിടങ്ങൾ വാടകക്ക് ലഭിക്കണമെങ്കിൽ കോഴിക്കോട് നഗരസഭാ പരിധിയിൽ ഭീമമായ തുക അഡ്വാൻസ് ഇനത്തിൽ നൽകേണ്ടതായി വരുന്നതാണ്. ആയത് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഇക്കാരണത്താലാണ് എല്ലാവിധ സൗകര്യങ്ങളും കൂടിയ വാടക കെട്ടിടം ലഭ്യമാകാത്തത്. |

| | | | |
|---|---|---|---|
| | | | അങ്കണവാടികളിൽ ഭക്ഷ്യ സംഭരണപെട്ടികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കുക നഗരപരിധിയിലെ ഭൂമിയുടെ വില ഭീമമായതിനാൽ പലപ്പോഴും പ്രായോഗികമല്ല. മറ്റു വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി ലഭ്യമായാൽ ഇതിനൊരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുന്നതാണ്. ആയതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.<br>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സാമൂഹ്യ ക്ഷേമ വകുപ്പ് നൽകുന്ന വാടക 750/- രൂപയാണ്. ഇതിലധികം വരുന്ന വാടക ഇനത്തിലുള്ള തുക നൽകുന്നതിന് പദ്ധതികളിൽ ഫണ്ട് നീക്കിവയ്ക്കുന്നുണ്ട്.<br>കോഴിക്കോട് നഗരസഭയിലെ വൈദ്യുതീകരിക്കാത്ത അങ്കണവാടി കെട്ടിടത്തിൽ വൈദ്യുതീകരണം പൂർത്തിയാക്കി വരുന്നുണ്ട്. കോഴിക്കോട് നഗരസഭയുടെ സിവിൽ സ്റ്റേഷൻ ഡിവിഷനിൽ ഉൾപ്പെട്ട പാലാട്ടുതാഴം അങ്കണവാടിയിൽ ഇപ്പോൾ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. മുമ്പ് ലഭിച്ച കമ്പ്യൂട്ടർ പ്രവർത്തനക്ഷമവുമാണ്. ഇത് സ്കൂൾ കുട്ടികൾക്ക് പ്രയോജനപ്പെടുന്നുണ്ട്.<br>ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. പരിമിതമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന അങ്കണവാടികൾക്ക് ചുറ്റുമതിൽ നിർമ്മിച്ചാൽ തുറസ്സായ സ്ഥലം നഷ്ടപ്പെടുന്നതിന് കാരണമാകും.<br>ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് പര്യാപ്തമായ സ്ഥലം നിലവിലുള്ള അങ്കണവാടികളിൽ ഇല്ല. ഭാവിയിൽ നിർമ്മിക്കുന്ന അങ്കണവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ ഉൾപ്പെടുത്തുന്നതാണ്.<br>എല്ലാ അങ്കണവാടികൾക്കും പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വർഷവും കളിയുപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീക |

| | | | |
|---|---|---|---|
| | | | രിച്ചു വരുന്നുണ്ട്. എല്ലാ അങ്കണവാടികൾക്കും വാട്ടർ ടാങ്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>**കോട്ടയം നഗരസഭ :**<br>കോട്ടയം നഗരസഭാ പരിധിയിൽ 93 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ, വൈദ്യുതി കണക്ഷൻ, ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യം എന്നിവ നൽകുന്നതിന് സാധ്യമല്ല. ആയതിനാലാണ് അങ്കണവാടികൾക്ക് വാട്ടർ കണക്ഷനും, വൈദ്യുതി കണക്ഷനും, ചുറ്റുമതിലും ലഭ്യമാക്കാത്തത് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. സ്വന്തമായി കെട്ടിടം ഉള്ള 34 അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 2013.2014 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 77500/- രൂപ വകയിരുത്തിയിട്ടുണ്ട്.<br>2013-2014 സാമ്പത്തിക വർഷത്തിൽ എം.ജി(നോൺ റോഡ്) ഫണ്ടിൽ ഉൾപ്പെടുത്തി അങ്കണവാടികളുടെ പുനരുദ്ധാരണത്തിനായി 5 സ്പിൽ ഓവർ പദ്ധതികളും (തുക-905277/-) ന്യൂ പ്രോജക്ട്-ൽ ഉൾപ്പെടുത്തി 1339000/- രൂപയും വകയിരുത്തിയിട്ടുള്ളതും ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുള്ളതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. സ്വന്തമായി ഭൂമിയുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചിട്ടുണ്ട് . ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതാണ്. കോട്ടയം നഗരസഭയിൽ 7 അങ്കണവാടികൾ സ്കൂൾ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.<br>കോട്ടയം നഗരസഭയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 5 അംഗനവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യം നിലവിലുള്ളതാണ്. മറ്റ് കെട്ടിടങ്ങൾക്ക് തുടർന്നുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br>**വടകര നഗരസഭ :** |

| | | | |
|---|---|---|---|
| | | | വടകര മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 84 അംഗൻവാടികളാണ് പ്രവർത്തിക്കുന്നത്. ഇവയിൽ 51 എണ്ണം സ്വന്തം കെട്ടിടത്തിലും 10 എണ്ണം സ്കൂളുകളിലും മറ്റ് പൊതു കെട്ടിടങ്ങളിലുമായും പ്രവർത്തിച്ചുവരുന്നു. നിലവിൽ 23 അംഗൻവാടികളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത്. മേൽ 23 അംഗൻവാടി കെട്ടിടത്തിനും കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ്, അടിസ്ഥാന സൗകര്യം എന്നിവ ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ മേൽ അംഗൻവാടികൾക്ക് എത്രയും പെട്ടെന്ന് തന്നെ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള നടപടി ധ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത 4 അംഗൻവാടികൾക്ക് സ്ഥലം ലഭിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3.9.10ലെ സർക്കുലർ 39033/ഡിഡി2/2010 പ്രകാരം കേന്ദ്ര സഹായമായി ലഭിക്കുന്ന തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അംഗൻവാടികൾക്ക് സ്ഥലം വാങ്ങിക്കുന്നതിനോ കെട്ടിട നിർമ്മാണത്തിനോ ഉപയോഗിക്കാം എന്ന് നിർദ്ദേശമുണ്ട്. ആയത് പ്രകാരം ലഭിച്ച തുകയിൽ 5 ലക്ഷം രൂപ 2013-14 വർഷത്തെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്. നിലവിൽ സ്ഥലം ലഭിച്ച 4 |
| | | | അംഗൻവാടികൾക്കും 2013-14 വർഷം കെട്ടിട നിർമ്മാണത്തിനായി നഗരസഭ ഫണ്ട് നീക്കിവച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതകുറവും സർക്കാർ നിശ്ചയിച്ച വിലയ്ക്ക് സ്ഥലം ലഭ്യമാകാത്തതും അംഗൻവാടികൾക്ക് സ്ഥിരം കെട്ടിടം ഉണ്ടാക്കുന്നതിന് തടസ്സമാകുന്നുണ്ട്.<br>സർക്കാർ സ്കൂൾ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നത്. സർക്കാർ ഉത്തരവ് നമ്പർ 3737/2007/പൊ.വി. തീയ്യതി 10.8.2007 പ്രകാരം കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് തൊട്ടടുത്ത സർക്കാർ സ്കൂളുകളിൽ കെട്ടിടം/ക്ലാസ് റൂം ഒഴിവുണ്ടെങ്കിൽ |

| | | | |
|---|---|---|---|
| | | | അംഗൻവാടി അവിടേക്ക് മാറ്റാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വടകര മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിയുടെ പരിസരങ്ങളിലൊന്നും അംഗൻവാടി പ്രവർത്തിപ്പിക്കാനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ തക്കവിധമുള്ള സർക്കാർ സ്കൂളുകൾ ഇല്ല എന്ന വിവരമാണ് സൂപ്പർവൈസർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.<br>ഈ പ്രോജക്റ്റിലെ കീഴിലെ സ്വന്തമായി കെട്ടിടമുള്ളതും കുടിവെള്ള സൗകര്യമില്ലാത്ത 44 അംഗൻവാടികളിൽ കുടിവെള്ളമെത്തിക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ വടകര ഡബ്ല്യു.എസ്.പി. സബ് ഡിവിഷൻ അസി. എക്സി. എഞ്ചിനീയറെ കാണുകയും അതിന്റെ അടിസ്ഥാനത്തിൽ 21.11.12ലെ അവരുടെ ഡി3-671/11 നമ്പർ കത്തിലൂടെ 37.85 ലക്ഷം രൂപയുടെ വർക്ക് എസ്റ്റിമേറ്റ് ഈ ഓഫീസിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. റൂറൽ പ്രദേശത്തെ അംഗൻവാടികളിൽ കുടിവെള്ളം എത്തിക്കുവാനാണ് കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ നിർദ്ദേശം ലഭിച്ചിരിക്കുന്നതെന്നും അസി. എക്സി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ നഗരസഭാ ഫണ്ട് ഉപയോഗിച്ചെങ്കിലും ഐ.സി.ഡി.എസ്. വടകര അർബൻ പ്രോജക്റ്റിലെ 44 അംഗൻവാടികളിൽ കുടിവെള്ളം എത്തിക്കുവാനായി, ഫിനാൻഷ്യൽ സാങ്ഷൻ ലഭ്യമാക്കുന്നത് ഉൾപ്പെടെ, നടപടി സ്വീകരിക്കുന്നതിനായി വടകര മുനിസിപ്പൽ സെക്രട്ടറിക്ക് പ്രസ്തുത പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>വടകര അർബൻ ഐ.സി.ഡി.എസ്. പ്രോജക്റ്റിന്റെ പരിധിയിൽ വരുന്ന 84 അംഗൻവാടികളിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള 51 അംഗൻവാടികളിൽ 1 എണ്ണത്തിന് മാത്രമേ ചുറ്റുമതിലുള്ളൂ. നിലവിൽ ആകെയുള്ള 84 അംഗൻവാടികളിൽ 83 എണ്ണത്തിനും ചുറ്റുമതിലില്ല. ധാരാളം വാഹനങ്ങൾ സഞ്ചരിക്കുന്ന റോഡിനോട് ചേർന്ന് വളരെ |

| | | | |
|---|---|---|---|
| | | | ചെറിയ കുട്ടികൾ പഠിക്കുന്ന അംഗൻവാടികൾക്ക് ചുറ്റുമതിലുകൾ ഇല്ലാത്തത് ഒട്ടും സുരക്ഷിതമല്ല എന്ന് ഉത്തമബോധ്യമുള്ളതിനാൽ കഴിവതും വേഗം അത്തരം അംഗൻവാടികൾക്ക് നഗരസഭയുടെ റോഡിതര സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാടക കെട്ടിടത്തിൽ മേൽതരത്തിലുള്ള അംഗൻവാടികൾ പ്രവർത്തിപ്പിക്കുന്നുണ്ടെങ്കിൽ എത്രയും വേഗം കൂടുതൽ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>വടകര മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന 84 അംഗൻവാടികൾക്കും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ല. വളരെ ചെറിയ കുട്ടികൾ പഠിക്കുന്ന അംഗൻവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് അത്യാവശ്യമാണെന്നിരിക്കെ എത്രയും വേഗം സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾക്കെങ്കിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മിച്ച് നൽകാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.<br>സ്വന്തമായി കെട്ടിടമുള്ള 51 അംഗൻവാടികളിൽ 1 അംഗൻവാടി വൈദ്യുതീകരിച്ചിട്ടുണ്ട്. കൂടാതെ 10 അംഗൻവാടികൾക്ക് വൈദ്യുതി ലഭിക്കുന്നതിനായി വയറിങ്ങ് അടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുകയും ഡിപ്പോസിറ്റായി ഒരു അംഗൻവാടിക്ക് 25,000/- രൂപ നിരക്കിൽ 2500000/- രൂപ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിസിറ്റി വിംഗിൽ അടക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. നിലവിൽ 10 അംഗൻവാടികൾ കൂടി ഈ സാമ്പത്തിക വർഷം വൈദ്യുതീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.<br><u>പെരുമ്പാവൂർ നഗരസഭ :</u><br>അംഗൻവാടി സെന്റർ നമ്പർ 10, 12, 20, 166, 168 |

| | | | |
|---|---|---|---|
| | | | എന്നിവയാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ആയതിൽ 20-ാംനമ്പർ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം പൂർത്തിയായി. ബാക്കിയുളളവയ്ക്ക് സ്ഥലം ലഭിക്കുന്ന മുറയ്ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതാണ്. 2013-14 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് 9,30,000/രൂപ വകയിരുത്തിയിട്ടുണ്ട്<br>ഈ നഗരസഭയിൽ 27 വാർഡുണ്ടെങ്കിലും 24 അംഗൻവാടികളാണ് നഗരസഭക്ക് അനുവദിച്ചിട്ടുളളത്. ആയതിൽ എല്ലാ അംഗൻ വാടികളിലും കുട്ടികൾക്ക് മാത്രമായി (വാടക കെട്ടിടം ഉൾപ്പെടെ ) നല്ല ടോയ്‌ലറ്റ് സൗകര്യം ഉണ്ട്. ബേബി ഫ്രണ്ട്‌ലി സൗകര്യം ഇല്ലാത്തത് ശരിയായ വസ്തുതയാണ്. ആയത് കൗൺസിലിന്റെ ശ്രദ്ധയിൽപെടുത്തി അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികൾക്ക് ടി ടോയ്‌ലറ്റുകൾ ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്<br>നഗരസഭയിലെ 12-ാം നമ്പർ അംഗൻവാടിക്കാണ് വൈദ്യുതി കണക്ഷൻ ഇല്ലാതിരുന്നത്. ടി അംഗൻവാടി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ നഗരസഭ ടി കെട്ടിടത്തിൽ നിന്ന് അംഗൻവാടി മാറ്റി പുതിയ വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. ടി കെട്ടിടത്തിൽ വൈദ്യുതി, വെളളം മുതലായ എല്ലാ സൗകര്യങ്ങളും ഉളളതാണ്. |
| | | | നഗരസഭയുടെ 5-ാം നമ്പർ അംഗൻവാടി കാഞ്ഞിരക്കാട് ഗവ. എ .പി. സ്കൂളിലെ കോമ്പൗണ്ടിലാണ് സ്ഥിതിചെയ്യുന്നത്. ടി സ്കൂളിന് നല്ല ഉയരത്തിൽ ചുറ്റുമതിൽ ഉളളതാണ്. ആയതിനാലാണ് ടി അംഗൻവാടിക്ക് പ്രത്യേകമായി ചുറ്റുമതിൽ പണിയാതിരുന്നത്. 10-ാം നമ്പർ അംഗൻവാടി വാടക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത് ആയതിനാൽ നഗരസഭ ഫണ്ട് ഉപയോഗിച്ച് മതിൽ നിർമ്മിക്കാനാവില്ല. സെന്ററിനായി സ്ഥലം വാങ്ങുന്നതിന് പത്രത്തിൽ പരസ്യം നൽകിയെങ്കിലും |

| | | | |
|---|---|---|---|
| | | | ഒരാൾ മാത്രമാണ് തയ്യാറായത്. ആയത് നിലം ആയതിനാൽ നിലം നികത്തുന്നതിനും സ്ഥലവില നിശ്ചയിച്ചുതരുന്നതിനും ബഹു. ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് ടി സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുന്നതാണ്. 12, 166 നമ്പർ അംഗൻവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ നഗരസഭയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കാനാവില്ലാത്തതാണ്. 169-ാം നമ്പർ സെന്റർ അംഗൻവാടി നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിൽ ഒന്നാം നില ഹാളിൽ പ്രവർത്തിച്ചു വരുന്നു. ടി ഹാളിൽ അംഗൻവാടിക്ക് ആവശ്യമായ അടുക്കള സ്റ്റോർ റൂം, ടോയ്‌ലറ്റ് എന്നിവ ഉണ്ട്. ടി ഹാളിന് മുൻവശം വരാന്തയും രണ്ടടി പൊക്കത്തിൽ പാരപ്പറ്റും ഉണ്ട്. തൊട്ടടുത്ത് മറ്റു മുറികളും ഉണ്ട് ആയതിനാൽ ടി കെട്ടിടത്തിന് ചുറ്റുമതിൽ ആവശ്യമില്ലാത്തതാണ്.<br>**തിരുവനന്തപുരം നഗരസഭ :**<br>നിലവിൽ സംരക്ഷണ ഗ്രാന്റിൽ നിന്നും (നോൺ റോഡ് മെയിന്റനൻസ്), വികസന ഫണ്ടിൽ നിന്നും തുക അടിസ്ഥാന സൗകര്യത്തിന് പ്രയോജനപ്പെടുത്തുന്നുണ്ട്. വരും വർഷങ്ങളിൽ അടിസ്ഥാന സൗകര്യത്തിന് കൂടുതൽ തുക വകയിരുത്തുന്നതാണ്. |
| | | | **കൽപ്പറ്റ നഗരസഭ :**<br>കൽപ്പറ്റ നഗരസഭയിലെ 27 അംഗൻവാടികളിൽ സ്വന്തമായി ഭൂമിയുള്ള 19 അംഗനവാടികൾക്ക് കെട്ടിടം നിർമ്മാണം നടത്തിയിട്ടുള്ളതാണ്. അവശേഷിക്കുന്ന 8 അംഗനവാടികളിൽ 5 എണ്ണം വാടകയ്ക്കും 3 എണ്ണം എസ്റ്റേറ്റ് പാടിയിലുമാണ് സ്ഥിതി ചെയ്യുന്നത്. അംഗനവാടികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിട നിർമ്മാണം നടത്തുന്നതിനും, കുടിവെള്ള ലഭ്യത, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവയും വിവിധ ഘട്ടങ്ങളിലായി പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു.<br>**ആറ്റിങ്ങൽ നഗരസഭ :**<br>29 അംഗൻവാടികളിൽ 12 എണ്ണത്തിന് സ്വന്തം കെട്ടിടമുണ്ട്. 7 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 10 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് 17 എണ്ണം<br>17 അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനും, ചുറ്റുമതിൽ കെട്ടുന്നതിനും വേണ്ടി ഫ്രെഡ്‌ലി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനും വരുംവർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3 | 3.3.7 | | **കൊല്ലം നഗരസഭ :**<br>കൊല്ലം നഗരസഭാ പരിധിയിലുള്ള ഇരവിപുരം, വടക്കേവിള അംഗൻവാടികളിൽ മോശമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ സുരക്ഷിതമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും, അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലെ സാഹചര്യത്തിൽ പ്രവർത്തിക്കുവാൻ യോഗ്യമല്ലാത്ത കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിച്ചും, കെട്ടിടം ബലപ്പെടുത്തി സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും ബഹു. സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യുന്നതാണ്.<br>**കൊച്ചി നഗരസഭ :**<br>നിലവിൽ മോശമായ സാഹചര്യങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നില്ലായെന്ന് ICDS.II,III, ഡി.ഡി.പി.ഒ മാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ICDS I മട്ടാഞ്ചേരി മേഖലയിലെ അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.<br>**ആലപ്പുഴ നഗരസഭ :**<br>എല്ലാ വർഷവും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കായി ഫണ്ട് വകയിരുത്താറുണ്ട്. എന്നാൽ പലപ്പോഴും പ്രവർത്തി ഏറ്റെടുക്കു |

| | | | |
|---|---|---|---|
| | | | വാൻ ആളെത്താത്ത സാഹചര്യമാണുള്ളത്.<br>വാടക കെട്ടിടങ്ങൾ മുനിസിപ്പൽ അസി.എഞ്ചിനീയർ പരിശോധിച്ച് വാടക നിശ്ചയിച്ചാണ് നൽകുന്നത്. പ്രോജക്ടിൽ അൺഫിറ്റ് ആയ അങ്കണവാടികളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. അസൗകര്യങ്ങളാൽ വീർപ്പു മുട്ടുമ്പോഴും ലഭിച്ച കേന്ദ്ര സഹായം വിനിയോഗിക്കുന്നില്ല.<br>കേന്ദ്ര സഹായത്തിന്റെ 30%ത്തോളം തുക സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിനായി തിരിച്ചു നൽകാറുണ്ട്.<br>**പാലക്കാട് നഗരസഭ :**<br>സ്വന്തം കെട്ടിടമുള്ള അംഗൻവാടികളിൽ യഥാസമയം വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്.<br>നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്.<br>**തലശ്ശേരി നഗരഭ :**<br>തലശ്ശേരി നഗരസഭയിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>**തൃശ്ശൂർ നഗരസഭ :**<br>അംഗനവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തുടർന്നുള്ള വർഷങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുന്നു. തൃശ്ശൂർ നഗരസഭയിൽ അപകടകരമായ അവസ്ഥയിൽ അംഗനവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നില്ല.<br>**കാസർകോട് നഗരസഭ :**<br>വാർഷിക അറ്റകുറ്റപ്പണി നടത്തുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം അറ്റകുറ്റപ്പണി ആവശ്യമായ 7 അങ്കണവാടികൾക്ക് 5,80,000/-രൂപ ചിലവഴിച്ചിട്ടുണ്ട്.<br>2013-2014 വർഷത്തിൽ 33 അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **കണ്ണൂർ നഗരസഭ :**<br>ഈ നഗരസഭയിൽ പ്രവർത്തിക്കുന്ന 63 അംഗൻവാടികളിലും നഗരസഭാ എഞ്ചിനീയറും ഓവർസിയർമാരും 2-10-13, 3-10-13 തീയ്യതികളിൽ കെട്ടിട പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനയിൽ 50 അംഗൻവാടി കെട്ടിടങ്ങൾ സുരക്ഷിതമാണെന്നും 13 കെട്ടിടങ്ങൾക്ക് അടിയന്തിര അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഈ 13 കെട്ടിടങ്ങളിൽ 1 സ്വന്തം കെട്ടിടവും 12 എണ്ണം സ്വകാര്യ കെട്ടിടങ്ങളുമാണ്. കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പിക്കുന്ന പ്രവൃത്തി സമയക്രമം നിശ്ചയിച്ച് പൂർത്തിയാക്കുന്നതാണ്. കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുന്നതിന് സി.ഡി.പി.ഒ ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**കോഴിക്കോട് നഗരസഭ :**<br>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ അങ്കണവാടികൾക്ക് വാർഷികമായി ഫിറ്റ്നസ് നൽകുന്നതിന് ത്വരിതഗതിയിൽ നടപടി സ്വീകരിക്കുന്നതാണ്. കോർപ്പറേഷന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന അങ്കണ വാടികളുടെ വാർഷിക അറ്റകുറ്റപണി സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br>**കോട്ടയം നഗരസഭ :**<br>22.3.2011 ലെ 31055/സിഡി2/2011 പ്രകാരം പരിശോധനകൾ നടത്തി ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നഗരസഭയിൽ നിന്നും അനുവദിക്കാറുണ്ട്.<br>**വടകര നഗരസഭ :**<br>തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.3.11ലെ 31055/ഡിസി2/2011 നമ്പർ സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10 നകം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. നിലവിൽ ശോച്യാവസ്ഥയിൽ പ്രവർത്തിച്ചുവരുന്ന വടകര മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന അംഗൻവാടികളുടെ ഒരു ലിസ്റ്റ് മുനിസിപ്പൽ എഞ്ചിനീയർക്ക് സമർപ്പിക്കുകയും ആയതിന് എത്രയും വേഗം അംഗൻവാടി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വടകര നഗരസഭയുടെ പരിധിയിൽ വരുന്ന വലിയവളപ്പ്, പഴയപുര വളപ്പ് എന്നീ അംഗൻവാടികളുടെ ഫിറ്റ്നസ് ഓവർസീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം വലിയ വളപ്പ് അംഗൻവാടി കെട്ടിടത്തിന്റെ ചുമരുകളിൽ വിള്ളൽ വീണതായും റാക്കുകൾ തൂക്ക് തെറ്റിയതായും കണ്ടതിനാൽ അംഗൻവാടി മേൽ കെട്ടിടത്തിൽ പ്രവർത്തിക്കാൻ നിർവാഹമില്ലായെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ മേൽ അംഗൻവാടി എത്രയും വേഗം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പഴയപുര വളപ്പ് അംഗൻവാടിയുടെ കെട്ടിടത്തിന്റെ ഫ്ളോറിങ്ങ് പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതായും, ജനൽ പാളികൾ പൊളിഞ്ഞതായും പിറക് വശത്തുള്ള അടുത്ത വീട്ടിലെ മുരിങ്ങ മരത്തിന്റെ ചില്ലകൾ കെട്ടിടത്തിന് മുകളിലേക്ക് ചാഞ്ഞുനിൽക്കുന്നതായും, ആയത് മുറിച്ച് നീക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫ്ളോറിങ്ങ് റിപ്പയർ ചെയ്യുന്നതിനും മരം മുറിച്ച് നീക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ചുവരുന്നു.<br><u>തിരുവനന്തപുരം നഗരസഭ :</u><br>അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷ പരിശോധന നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗം നടത്തി വരുന്നുണ്ട് എങ്കിലും ഇത് കുറ്റമറ്റതാക്കാൻ വേണ്ട നിർദ്ദേശം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| 4 | 3.3.8 | | <u>കൊല്ലം നഗരസഭ :</u><br>കൊല്ലം നഗരസഭാ പരിധിയിൽ സുനാമി ഫണ്ടുപയോഗിച്ചുള്ള കെട്ടിടനിർമ്മാണത്തിൽ അവശേഷിക്കുന്ന 9 എണ്ണത്തിന് അവ പൂർത്തീകരിക്കുന്നതിന് 2013-14 സാമ്പത്തികവർഷത്തെ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടി ക്രമങ്ങൾ സ്വീകരിച്ചു വരുന്നു.<br><u>കൊച്ചി നഗരസഭ :</u><br>നിർമ്മാണ മേഖലയിലെ സാമഗ്രികൾക്കായിട്ടുള്ള വില വർദ്ധനവ്, കൂലി വർദ്ധനവ് എന്നിവ പരിഗണിച്ച് സർക്കാർ തന്നെ പലതവണ ഷെഡ്യൂൾ നിരക്കുകൾ പുതുക്കിയ സാഹചര്യത്തിൽ 3 ലക്ഷം രൂപയ്ക്ക് കരാറുകാരോ/ഗുണഭോക്തൃ സമിതികളോ നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യം നിലനിൽക്കുന്നു. പുതുതായി നിർമ്മിക്കുന്ന അങ്കണവാടികൾക്ക് അപാകതയുള്ളതായി കൊച്ചി നഗരസഭയിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. കൊച്ചി നഗരസഭയിലെ നിർമ്മാണം നിലച്ച 1 അങ്കണവാടി ഗുണഭോക്തൃ സമിതിയാണ് ഏറ്റെടുത്തത്. എന്നാൽ പല തവണ ഓഫീസിൽ നിന്നും കൺവീനറെ ബന്ധപ്പെട്ടെങ്കിലും ഗുണഭോക്തൃ സമിതിയുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ടി ഗുണഭോക്തൃ സമിതിയെ ഒഴിവാക്കി കെട്ടിടം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><u>പാലക്കാട് നഗരസഭ :</u><br>നഗരസഭ പണി തുടങ്ങിയ എല്ലാ അംഗൻവാടികളും പണി പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><u>തൃശ്ശൂർ നഗരസഭ :</u><br>അംഗനവാടി 128 നമ്പർ കെട്ടിടത്തിന്റെ ഉൽഘാടനം കഴിഞ്ഞു. ഇപ്പോൾ അവിടെ അംഗനവാടി പ്രവർത്തിച്ചു വരുന്നുണ്ട്. 131-ാം നമ്പർ അംഗനവാടിയുടെ കെട്ടിടം പണി പൂർത്തിയായി. അംഗനവാടിയുടെ ചുറ്റുമതിൽ പണി |

| | | | |
|---|---|---|---|
| | | | കഴിയാത്തതിനാലാണ് അംഗനവാടി ടി കെട്ടിടത്തിലേക്ക് ഷിഫ്റ്റ് ചെയ്യാത്തത്.<br>**കാസർകോട് നഗരസഭ :**<br>കേന്ദ്രസഹായമായി ലഭിക്കുന്ന തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ടി തുക ചെലവഴിച്ച അങ്കണവാടികളിൽ സൗകര്യം ഏർപ്പെടുത്തുന്നതിന് പരമാവധി ശ്രമിക്കുന്നുണ്ട്.<br>**കണ്ണൂർ നഗരസഭ :**<br>പ്രത്യേക പരാമർശങ്ങളില്ല. എങ്കിലും ലഭ്യമായ ഫണ്ടുകൾ വിനിയോഗിച്ച് സ്വന്തമായി കെട്ടിടങ്ങളില്ലാതെ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് കെട്ടിട സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കുന്നതി അതീവ ശ്രദ്ധ മേലിൽ നൽകുന്നതാണ്.<br>**കോഴിക്കോട് നഗരസഭ :**<br>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തനം നിലച്ച 14 അംഗൻവാടികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>**കോട്ടയം നഗരസഭ :**<br>ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടങ്ങൾ പണിയുന്നതിനായി ഫണ്ട് വകയിരുത്തിയിരുന്നതും ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നതുമാണ്. എന്നാൽ ഷെഡ്യൂൾ റേറ്റിലെ കുറവ് മൂലം ആരും ടെണ്ടർ ഏറ്റെടുത്തിട്ടില്ലാത്തതാണ്.<br>**തിരുവനന്തപുരം നഗരസഭ :**<br>കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് നഗരസഭയ്ക്ക് നേരിട്ട് ലഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| 5 | 3.3.9 | | **<u>കൊച്ചി നഗരസഭ :</u>**<br>അങ്കണവാടികളുടെ വെൽഫയർ കമ്മിറ്റികളുടെ പ്രവർത്തനം നിലവിൽ കാര്യക്ഷമമായും നടക്കുന്നതായി കൃത്യമായി യോഗം ചേരുകയും മിനിറ്റ്സ് എഴുതി സൂക്ഷിക്കുകയും ചെയ്യുന്നതായും സി.ഡി.പി.ഒ.മാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**<u>ആലപ്പുഴ നഗരസഭ :</u>**<br>അങ്കണവാടി വെൽഫയർ കമ്മറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. താല്ക്കാലിക നിയമനങ്ങൾ ശുപാർശ ചെയ്യുന്നത് വെൽഫയർ കമ്മറ്റികൾ ആണ്. അങ്കണവാടികളുടെ ദൈനംദിന കാര്യങ്ങളിലും ഭൂരിഭാഗം വെൽഫയർ കമ്മറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.<br>**<u>പാലക്കാട് നഗരസഭ :</u>**<br>നഗരസഭാ പരിധിയിലെ എല്ലാ അംഗൻവാടികളിലും വെൽഫെയർ കമ്മിറ്റികൾ കാര്യക്ഷമമായി നടന്നു വരുന്നുണ്ട്.<br>**<u>തലശ്ശേരി നഗരസഭ :</u>**<br>വെൽഫയർ കമ്മിറ്റി മീറ്റിംഗ് എല്ലാ സെന്ററുകളിലും കൃത്യമായി ചേരുന്നുണ്ട്.<br>അംഗവാടികളിലെ ഉപയോഗശൂന്യമായ സാധനങ്ങൾ ലേലം ചെയ്ത് നീക്കം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.<br>**<u>തൃശ്ശൂർ നഗരസഭ :</u>**<br>അംഗനവാടി വർക്ക് കൺവീനറും അതാത് ഡിവിഷൻ കൗൺസിലർ ചെയർമാനുമായി അംഗനവാടി വെൽഫയർ കമ്മറ്റികൾ എല്ലാ അംഗനവാടികളിലും ഉണ്ട്. 3 മാസത്തിൽ ഒരിക്കൽ മീറ്റിംഗ് ചേരണമെന്ന് നിർദ്ദേശം എല്ലാ പ്രൊജക്ട് തല യോഗങ്ങളിലും നൽകാറുണ്ട്. അംഗനവാടികളിൽ ഈ കമ്മറ്റി കൂടാറുണ്ട്.<br>**<u>കാസർകോട് നഗരസഭ :</u>**<br>വെൽഫെയർ കമ്മിറ്റി വിളിച്ചുചേർത്ത് പ്രവർത്തനം |

| | | | |
|---|---|---|---|
| | | | നടത്തുന്നുണ്ട്.<br>**കണ്ണൂർ നഗരസഭ :**<br>വെൽഫെയർ കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയി കൊണ്ടുവന്നിട്ടുണ്ട്. കമ്മിറ്റി നിർദ്ദേശാനുസരണം നടപടികൾ സ്വീകരിക്കുന്നതാണ്. ഉപയോഗ ശൂന്യമായ സാധന സാമഗ്രികൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>**കോഴിക്കോട് നഗരസഭ :**<br>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ അംഗൻവാടി കളിലെ വെൽഫയർ കമ്മിറ്റികൾ അധികവും ഭക്ഷ്യവസ്തുക്കളുടെ കാര്യക്ഷമമായ വിനിയോഗം, ഗുണനിലവാരം എന്നിവ ഉറപ്പു വരുത്തുന്നതിന് ഇടപെടുന്നുണ്ട്. അംഗൻവാടികളിലെ ഉപയോ ഗശൂന്യമായ പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ഫർണിച്ചറുകൾ എന്നിവ സർക്കാർ നിർദ്ദേശ പ്രകാരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**കോട്ടയം നഗരസഭ :**<br>എല്ലാ അംഗനവാടികളിലും വെൽഫെയർ കമ്മറ്റികൾ രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമായി നടന്ന് വരുന്നതുമാണ്. |
| | | | **തിരുവനന്തപുരം നഗരസഭ :**<br>സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സ്ഥിരസമിതി അംഗങ്ങൾക്ക് ശിശുക്ഷേമ പദ്ധതികളെക്കുറിച്ച് പരിശീലനം നൽകുന്നതിന്, പ്രോജക്ട് തലത്തിൽ അംഗൻവാടി വെൽഫെയർ കമ്മിറ്റി അംഗങ്ങൾക്ക് വേണ്ട പരിശീലനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| 6 | 3.3.10 | | <u>കൊച്ചി നഗരസഭ :</u><br>ടി.എച്ച്.ആർ.എസ്. പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ കമ്മിറ്റി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതായി സി.ഡി.പി.ഒ.മാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><u>പാലക്കാട് നഗരസഭ :</u><br>പൂരകപോഷകാഹാരത്തിന് ഫണ്ട് യഥാസമയം പ്ലാൻ ഫണ്ടിൽ വകയിരുത്തി നൽകി വരുന്നുണ്ട്.<br><u>തൃശ്ശൂർ നഗരസഭ :</u><br>അംഗനവാടിയിലേക്ക് ഉച്ച ഭക്ഷണത്തിന് ആവശ്യമായ അരി ഡബ്യു.ബി.എൻ.പി. പദ്ധതി പ്രകാരം സർക്കാരിൽ നിന്നും സിവിൽ സപ്ലൈ കോർപ്പറേഷൻ വഴി നേരിട്ട് വാങ്ങുന്നു. ഉച്ച ഭക്ഷണത്തിനും ജനറൽ ഫീഡിങ്ങിനും ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സഹകരണ സ്റ്റോറിൽ നിന്നുമാണ് വാങ്ങുന്നത്. സ്റ്റോക്ക് ഇറക്കുന്ന സമയത്ത് ഗുണമേന്മ ഉള്ളതാണോ എന്ന് പരിശോധിച്ച് ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടേക് ഹോം റേഷനായി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ്, ന്യൂട്രിമിക്സ് തയ്യാറാക്കുന്ന യൂണിറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം എന്നിവ ഐ.സി.ഡി.എസ് ന്റെ സി.ഡി.പി.ഒ. പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ പരിശോധന സ്റ്റോക്ക് എടുക്കുന്ന വേളയിൽ കൃത്യമായി നടത്തുന്നുണ്ട് |
| | | | <u>കാസർകോട് നഗരസഭ :</u><br>കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ലെങ്കിലും ടി തുക വകമാറ്റി ചിലവഴിക്കാതെ നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് മാത്രമാണ് ഉപയോഗിച്ചു വരുന്നത്.<br><u>കണ്ണൂർ നഗരസഭ :</u><br>പുരകപോഷണ വിതരണത്തിനായി ലഭിക്കുന്ന കേന്ദ്രസഹായം കണ്ണൂർ നഗരസഭ പ്രത്യേക അക്കൗണ്ടിലാണ് വരവു വെക്കുന്നത്. ഇതിനായി ഇന്ത്യൻ ഓവർസിസ് ബാങ്കിൽ പ്രത്യേക അക്കൗണ്ട് നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | <u>കോഴിക്കോട് നഗരസഭ :</u><br>സർക്കാർ നിർദ്ദേശ പ്രകാരം തന്നെ അംഗൻവാടികളില് പോഷകാഹാര വിതരണം നടക്കുന്നുണ്ട്. ഇതിനുവേണ്ടി വരുന്ന ഫണ്ട് കോർപ്പറേഷന്റെ പദ്ധതി വിഹിതത്തിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. പോഷകാഹാര വിതരണത്തിനായി ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കേണ്ടതിനായി നിലവിലുള്ള ഉത്തരവ് അനുസരിച്ച് മാവേലി സ്റ്റോർ വിലയിൽ നിന്ന് അധികരിക്കാതെ ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ മറ്റ് സഹകരണ സ്റ്റോർ/നീതി സ്റ്റോർ/തീരമൈത്രി എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാക്കാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും മറ്റു സ്ഥാപനങ്ങളിൽ നിന്നും വാങ്ങുമ്പോൾ വില, സിവിൽ സപ്ലൈസിൽ നിന്നുള്ളതിനേക്കാൾ അധികമാകാൻ ഇട വരുന്നു.<br><u>കോട്ടയം നഗരസഭ :</u><br>അങ്കണവാടി പോഷകാഹാര പരിപാടിയ്ക്കായി 2013.2014 സാമ്പത്തിക വർഷം വികസനഫണ്ട് (പൊതുവിഭാഗത്തിൽ) നിന്നും 70,00,000/- രൂപയും, 5,00,100/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ളതും ഡി.പി.സി.അംഗീകാരം ലഭ്യമാക്കി ഫണ്ട് വിതരണം ആരംഭിച്ചിട്ടുള്ളതുമാണ്.<br>കോട്ടയം നഗരസഭയിൽ പൂരക പോഷകാഹാര പദ്ധതിയ്ക്ക് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത ഫണ്ട് പ്രത്യേക അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് (അക്കൗണ്ട് നമ്പർ - 57051741403)എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.<br><u>തിരുവനന്തപുരം നഗരസഭ :</u><br>അംഗൻവാടികളിൽ പോക്ഷകാഹാരങ്ങളുടെ സംഭരണവും വിതരണവും സർക്കാർ ഏജൻസിയിൽ നിന്നുമാണ് നടപ്പിലാക്കുന്നത്. ഗുണമേൻമ പരിശോധനയ്ക്ക് ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കും |

<table>
<tr>
<td>7</td>
<td>3.3.11</td>
<td></td>
<td>
<u>കൊല്ലം നഗരസഭ :</u><br>
കൊല്ലം നഗരസഭാ പരിധിയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് തടസ്സം നിൽക്കുന്നത് സ്ഥല ലഭ്യതയുടെ അപര്യാപ്തതയാണ്. ബഹു. ജില്ലാ കള്കടർ നിശ്ചയിക്കുന്ന ഭൂമിയുടെ മൂല്യത്തിന് വസ്തു ലഭ്യമാകാത്തത് ഒരു പ്രധാന കാരണമാണ്. ടി കാരണത്താലാണ് അംഗൻവാടികൾ അടിസ്ഥാനസൗകര്യം ഇല്ലാതെ പ്രവർത്തിക്കുന്നത്.<br>
കൊല്ലം നഗരസഭയുടെ 2013-14-ലെ വാർഷിക പദ്ധതിയിൽ അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണം, അറ്റകുറ്റപ്പണികൾ, പുതിയ അംഗൻവാടികളുടെ നിർമ്മാണം, ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ, വസ്തുവാങ്ങൽ, പോഷകാഹാരം എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതികൾക്ക് ജില്ലാ ആസൂത്രണകമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.<br>
<u>കൊച്ചി നഗരസഭ :</u><br>
കേന്ദ്ര വിഹിതത്തിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിന് കൊച്ചി നഗരസഭാ അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക അക്കൗണ്ട് ആരംഭിച്ച് കേന്ദ്ര വിഹിതത്തിലെ ബാലൻസ് തുക പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതും ടി അക്കൗണ്ടിൽ നിന്നും അങ്കണവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് തുക അനുവദിക്കുന്ന നടപടികൾ സ്വീകരിക്കുന്നതുമാണ്.<br>
<u>പാലക്കാട് നഗരസഭ :</u><br>
2013-14 വർഷത്തിലെ വാർഷിക പദ്ധതിയിൽ അംഗൻവാടികളുടെ ഉന്നമനത്തിന് താഴെ കാണുന്ന പ്രോജക്റ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
<table>
<tr><td>1</td><td>അംഗൻവാടി കെട്ടിട നിർമ്മാണം (3 എണ്ണം)</td><td>1600000</td></tr>
<tr><td>2</td><td>കുടിവെള്ളം (വാട്ടർ ഫിൽറ്റർ)</td><td>98800</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| 3 | ചുറ്റുമതിൽ നിർമ്മാണം (6 പ്രോജക്റ്റ്) | 966427 |
| 4 | അംഗൻവാടി റിപ്പയർ (7 പ്രോജക്റ്റ്) | 1851331 |
| 5 | ഗ്യാസ് കണക്ഷൻ | 504000 |
| 6 | മറ്റു അടിസ്ഥാന സൗകര്യങ്ങൾ (4 പ്രോജക്റ്റ്) | 1566850 |
| 7 | അംഗൻവാടികൾക്ക് കളികോപ്പ് | 380000 |
| ആകെ | | 6967408 |

നഗരസഭയിൽ ലഭിക്കുന്ന കേന്ദ്രഫണ്ട് ഒരു പ്രത്യേക അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്യുന്നു.

**തൃശ്ശൂർ നഗരസഭ :**

തൃശൂർ നഗരസഭയിൽ ആകെ 253 അംഗനവാടികളാണ് ഉളളത്. ഇതിൽ 108 അംഗൻവാടികൾ സ്വന്തമായി കെട്ടിടം ഉളളവയാണ്. 126 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടമുളള 89 അംഗനവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് പണിയുന്നതിന് 2013-14 വർഷം പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. 2012-13 വർഷത്തെ അറ്റകുറ്റപ്പണികൾ 2013-14 വർഷത്തെ സ്പിൽ ഓവർ പദ്ധതികളായി ഉൾക്കൊളളിച്ച് പ്രവർത്തികൾ നടന്നു വരുന്നു. നിലവിൽ എല്ലാ അംഗനവാടികളിലും കുടിവെളളവും വൈദ്യുതി സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. തൃശൂർ കോർപ്പറേഷൻ 3-ാം ഡിവിഷനിൽ ഉൾപ്പെട്ട ഒരു അംഗനവാടി ജനകീയ പങ്കാളിത്തത്തോടെ ശീതീകരിച്ചിട്ടുണ്ട്. നിലവിൽ അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിൽ നഗരസഭ അതീവ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

**കണ്ണൂർ നഗരസഭ :**

| | | | |
|---|---|---|---|
| | | | പൂരകപോഷണ പരിപാടിക്കായി ലഭിക്കുന്ന കേന്ദ്രസഹായത്തിന്റെ ബാലൻസ് ഫണ്ട് ഇത് സംബന്ധിച്ച് സർക്കാർ സർക്കുലറിൽ പ്രതിപാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ചെലവഴിക്കുന്നതിനായി പ്രൊജക്ടുകൾ തയ്യാറാക്കുന്നതാണ്. ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള വ്യക്തമായ പ്രൊജക്ടുകൾ ഈ വർഷം തന്നെ തയ്യാറാക്കുന്നതാണ്.<br>__കോഴിക്കോട് നഗരസഭ :__<br>പരാമർശത്തിൽ പറയുന്ന ആവശ്യങ്ങൾക്കായി കോഴിക്കോട് നഗരസഭ പ്ലാൻ ഫണ്ടിൽ നിന്ന് തന്നെ എല്ലാ വർഷവും ഫണ്ട് മാറ്റി വയ്ക്കുന്നുണ്ട്.<br>__കോട്ടയം നഗരസഭ :__<br>കേന്ദ്രവിഹിതമായി ലഭിച്ച തുക ഈ സാമ്പത്തിക വർഷം പൂരകപോഷകാഹാര വിഹിതമായി തന്നെ പദ്ധതിയുടെ ഭാഗമായി ഉൾക്കൊളളിച്ചിട്ടുണ്ട്. തുടർന്നുളള വർഷങ്ങളിൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതികളിൽ ഉൾക്കൊളളിക്കുന്നതാണ്. അംഗനവാടികൾക്ക് ഫർണിച്ചർ അനുബന്ധ ഉപകരണങ്ങൾക്കായി 2013-2014 സാമ്പത്തിക വർഷം 1540600/-രൂപയും ഗ്യാസ് കണക്ഷൻ അഡീഷണൽ സിലിണ്ടർ എന്നിവയ്ക്കായി 92000/- രൂപയും വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്.<br>__ആറ്റിങ്ങൽ നഗരസഭ :__<br>പരാമർശിച്ചിട്ടുള്ളതു പോലെ WBNP പദ്ധതി പ്രകാരം സിവിൽ സപ്ളൈസ് വഴി സാമൂഹ്യ ക്ഷേമ വകുപ്പ് നേരിട്ട് അരി വിതരണം ചെയ്യുന്നുണ്ട്. ലഭിക്കുന്ന അരി ഗുണമേന്മ ഇല്ലാത്തതാണെന്നുള്ള വിവരം സി.ഡി.പി.ഒ. ജില്ലാ പ്രോഗ്രാം ഓഫീസറെ അറിയിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 8 | 3.3.12 | | <u>കൊച്ചി നഗരസഭ :</u><br>ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ എറണാകുളം കാക്കനാട് ഗവ.ലാബിൽ ഗുണമേന്മ പരിശോധനയ്ക്ക് സി.ഡി.പി.ഒ മാർ നേരിട്ട് അയച്ചു ഗുണമേന്മ ഉറപ്പു വരുത്തുന്നതായി അറിയിച്ചിട്ടുണ്ട്.<br><u>ആലപ്പുഴ നഗരസഭ :</u><br>ഭക്ഷ്യസാധനങ്ങൾ സപ്ലൈകോയിൽ നിന്നുമാണ് വാങ്ങുന്നത്. ഇത് ശിശു വികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർ തലങ്ങളിൽ പരിശോധിച്ചതിന് ശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ടി.എച്ച്.ആർ.എസ് ന്യൂട്രിമിക്സ് ചെന്നൈയിലുള്ള Ministry of women and child development, Food and Nutrition Board, Southern Region, Govt. of India, Chennai എന്ന സ്ഥാപനത്തിലേയ്ക്കാണ് പരിശോധനയ്ക്ക് അയയ്ക്കുന്നത്. പലപ്പോഴും പരിശോധന ഫലം ലഭ്യമാകാറില്ല. ഭക്ഷ്യവസ്തുക്കളെ സംബന്ധിച്ച് പരാതികളൊന്നും പ്രോജക്ടിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ഓരോ ഗുണഭോക്താവിനും നിശ്ചിത പോഷക മൂല്യമുള്ള പാകം ചെയ്ത ഭക്ഷണമാണ് അങ്കണവാടികളിൽ വിതരണം ചെയ്യുന്നത്.<br><u>പാലക്കാട് നഗരസഭ :</u><br>കുടുംബശ്രീ മുഖേനയാണ് ടേക്ക് ഹോം റേഷൻ ഇറക്കുന്നത്. ഗുണമേന്മാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുന്നു.<br>പാലക്കാട് നഗരസഭാ പരിധിയിലെ അംഗനവാടികളിലെ 2010-2011 മുതൽ 2012-2013 വരെയുള്ള ഗുണഭോക്താക്കളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു. |

| | 201011 | 201112 | 201213 |
|---|---|---|---|
| 0-3 വയസ്സ് കുട്ടികൾ | 3979 | 3990 | 3990 |
| 3 - 6 വയസ്സ് കുട്ടികൾ | 3840 | 3860 | 3845 |
| ഗർഭിണികൾ | 733 | 745 | 735 |
| പാലൂട്ടുന്ന അമ്മമാർ | 618 | 625 | 630 |

| | | | |
|---|---|---|---|
| | | | കൗമാരപ്രായക്കാർ 6562 6570 6580<br>നഗരസഭാ പരിധിയിലെ അംഗൻവാടികളിലെ ഗുണഭോക്താക്കളിൽ കുറവ് ഉണ്ടായിട്ടില്ല എന്ന വിവരം കൂടി റിപ്പോർട്ട് ചെയ്യുന്നു.<br>തലശ്ശേരി നഗരസഭ :<br>പാത്രങ്ങൾ ആവശ്യത്തിനുണ്ട്. പോഷകാഹാര വിതരണം മുടങ്ങാതെ നടക്കുന്നുണ്ട്. ന്യൂട്രിമിക്സ് വ്യത്യസ്തമായ രീതിയിൽ പാകം ചെയ്തു കുട്ടികൾക്കു കൊടുക്കുന്നതിന് അമ്മമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യൂട്രിമിക്സ് സാമ്പിൾ പരിശോധനക്കയച്ച റിപ്പോർട്ട് സൂക്ഷിച്ചിട്ടുണ്ട്. അംഗവാടികളിലെ ഉപയോഗശൂന്യമായ സാധനങ്ങൾ ലേലം ചെയ്ത് നീക്കം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. വെൽഫയർ കമ്മിറ്റി മീറ്റിംഗ് എല്ലാ സെന്ററുകളിലും കൃത്യമായി ചേരുന്നുണ്ട്.<br>തൃശ്ശൂർ നഗരസഭ :<br>ടി പദ്ധതി ഈ നഗരസഭയിൽ നടപ്പാക്കി വരുന്നു. 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള പ്രീ സ്കൂൾ കുട്ടികൾക്ക് അംഗനവാടി കേന്ദ്രങ്ങളിൽ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം കലോറി പ്രോട്ടീൻ ലഭ്യമാക്കുന്ന തരത്തിൽ ഭക്ഷണം നൽകി വരുന്നു. PW, LM, AG വിഭാഗക്കാർക്ക് പൂരക പോഷകാഹാരം നൽകി വരുന്നു.<br>കാസർകോട് നഗരസഭ :<br>ഭക്ഷ്യധാന്യങ്ങളുടേയും, ന്യൂട്രിമിക്സ് പോലുള്ള ഭക്ഷ്യമിശ്രിതങ്ങളുടേയും ഗുണമേന്മ ബന്ധപ്പെട്ട ലാബു കളിൽ പരിശോധിക്കുന്നുണ്ട്.<br>കണ്ണൂർ നഗരസഭ :<br>കുട്ടികൾക്ക് നൽകി വരുന്ന ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ പരിശോധിക്കുന്നതിനുള്ള സാംപിളുകൾ ജില്ലാ ഫുഡ് ഇൻസ്പെക്ടർ മുഖേനയാണ് ഫുഡ് അനലിസ്റ്റ് ലാബിലേക്ക് |

| | | | |
|---|---|---|---|
| | | | അയച്ചു വരുന്നത്. സാംപിൾ പരിശോധന റിപ്പോർട്ട് ലഭിക്കുമ്പോഴേക്കും ഭക്ഷ്യമിശ്രിതം മിക്കവാറും ഉപയോഗിച്ചു കഴിഞ്ഞിട്ടുണ്ടാകും എന്ന് സി.ഡി.പി.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ അംഗൻവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനം ഉണ്ടാക്കണമെന്ന് അപേക്ഷിക്കുന്നു. എല്ലാ അംഗൻവാടികൾക്കും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വിഷയം ഗൗരവമായി പരിഗണിക്കുന്നതാണ്. 25 അംഗൻവാടികൾക്കും ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് അവ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുമ്പോൾ പ്രസ്തുത സൗകര്യം ഒരുക്കുന്നതാണ്.<br>തിരുവനന്തപുരം നഗരസഭ :<br>അംഗൻവാടികളിൽ പോഷകാഹാരങ്ങളുടെ സംഭരണത്തിനും വിതരണത്തിനും സർക്കാർ ഏജൻസിയിൽ നിന്നുമാണ് നടപ്പിലാക്കുന്നത്. ഗുണമേൻമ പരിശോധനയ്ക്ക് ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കും |
| 9. | 3.3.13 | | കൊച്ചി നഗരസഭ :<br>കൊച്ചി നഗരസഭയിലെ ഐ.സി.ഡി.എസുകൾ നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളിൽ നിന്നുമാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നത്.<br>പാലക്കാട് നഗരസഭ :<br>നഗരസഭാ പരിധിയിലുള്ള 76 അംഗൻവാടികളിലേയ്ക്കും ആവശ്യമായ ഭക്ഷണ സാധനങ്ങൾ മാവേലി സ്റ്റോർ മുഖേനയാണ് വാങ്ങുന്നത്. ഗുണമേന്മ പരിശോധനാ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | <u>തൃശ്ശൂർ നഗരസഭ :</u><br>അംഗനവാടിയിലേക്ക് ഉച്ച ഭക്ഷണത്തിന് ആവശ്യമായ അരി ഡബ്ല്യു.ബി.എൻ.പി. പദ്ധതി പ്രകാരം സർക്കാരിൽ നിന്നും സിവിൽ സപ്ലൈ കോർപ്പറേഷൻ വഴി നേരിട്ട് വാങ്ങുന്നു. ഉച്ച ഭക്ഷണത്തിനും ജനറൽ ഫീഡിങ്ങിനും ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സഹകരണ സ്റ്റോറിൽ നിന്നുമാണ് വാങ്ങുന്നത്. സ്റ്റോക്ക് ഇറക്കുന്ന സമയത്ത് ഗുണമേന്മ ഉള്ളതാണോ എന്ന് പരിശോധിച്ച് ഏറ്റെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടേക് ഹോം റേഷനായി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ്, ന്യൂട്രിമിക്സ് തയ്യാറാക്കുന്ന യൂണിറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം എന്നിവ ഐ.സി.ഡി.എസ് ന്റെ സി.ഡി.പി.ഒ. പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ പരിശോധന സ്റ്റോക്ക് എടുക്കുന്ന വേളയിൽ കൃത്യമായി നടത്തുന്നുണ്ട്.<br><u>കണ്ണൂർ നഗരസഭ :</u><br>അംഗൻവാടികളിൽ വാങ്ങിക്കുന്ന സാധനങ്ങളുടെ വാങ്ങൽ - സംഭരണം - വിനിയോഗം എന്നിവയിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്. ഭാവിയിലും സുതാര്യമായ രീതികൾ അവലംബിക്കുന്നതാണ്.<br><u>കോഴിക്കോട് നഗരസഭ :</u><br>സർക്കാർ മാവേലി സ്റ്റോറിൽ നിന്നും തന്നെ വാങ്ങണമെന്ന് ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. അടുത്ത പദ്ധതി മുതൽ ഓഡിറ്റ് പരാമർശത്തിൽ നിർദ്ദേശിച്ച പ്രകാരം കരാറിൽ ഏർപ്പെടുന്നതാണ്.<br>സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് എക്കണോമി കോസ്റ്റിൽ സാധനങ്ങൾ ലഭ്യമാക്കുമ്പോൾ ഗുണനിലവാരം കുറഞ്ഞതാണ് നൽകുന്നത്.<br>സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.<br>വെൽഫയർ കമ്മിറ്റി ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. പ്രീ സ്കൂൾ കരിക്കുലം ഏകീകരിച്ചാൽ അംഗൻവാടി നിലവാരം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടും. |
| 10. | 3.3.14 | | <u>തൃശ്ശൂർ നഗരസഭ :</u><br>ടി ഖണ്ഡികയിൽ മറ്റു ശിശു ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങളാണ്.<br><u>കോഴിക്കോട് നഗരസഭ :</u><br>പരാമർശത്തിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും കോർപ്പറേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. |
| 11. | 3.3.15 | | <u>ആലപ്പുഴ നഗരസഭ :</u><br>കൂണുകൾ പോലെ മുളച്ചു പൊങ്ങുന്ന പ്രീ പ്രൈമറി സ്ഥാപനങ്ങൾ മതസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രീ സ്കൂൾ സ്ഥാപനങ്ങൾ ഇവയെല്ലാം യാതൊരു നിയന്ത്രണവുമില്ലാതെ പ്രദേശത്ത് പ്രവർത്തിച്ചു വരുന്നു. അശാസ്ത്രീയമായ പഠന രീതികളും ആഹാര രീതികളും 6 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളുടെ ശരിയായ വികസനത്തിന് വെല്ലുവിളിയാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങളെ എല്ലാ പ്രദേശങ്ങളിലും നിയന്ത്രിച്ചാൽ മാത്രമെ അംഗൻവാടികളിൽ കുട്ടികൾ കൂടുതൽ എത്തുകയും ശരിയായ ശിശു വികസനം സാധ്യമാവുകയുള്ളു.<br><u>കാസർകോട് നഗരസഭ :</u><br>അങ്കണവാടികളിൽ കുട്ടികളെ ആകർഷിക്കുന്നതിന് ഘട്ടംഘട്ടമായി ആധുനിക സൗകര്യങ്ങൾ ഒരുക്കികൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും മറ്റു സ്വകാര്യ നഴ്സറി സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് തടയാൻ സാധിക്കുന്നില്ല. |

*ഓഡിറ്റ് ഖണ്ഡിക 3.3.1- തിരുവല്ല നഗരസഭയെ സംബന്ധിച്ച് പരിഹരിക്കപ്പെടേണ്ടതായ പരാമർശങ്ങൾ ഒന്നും തന്നെയില്ല. (നഗരസഭയിലെ അങ്കണവാടികളുടെ പ്രവർത്തനം മാതൃകാപരമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതിനാൽ നഗരസഭാതലത്തിൽ നടപടികൾ ബാധകമല്ലാത്തതാണ്.)*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.